KNANAYADEEPAM
SINCE 1989

# ക്നാനായദീപം

Vol: 32 / Issue: 8 August 2021 ₹ :15/-



# 11 –ാം ചരമവാർഷികം

20 – 08 – 2021



## പി. റ്റി. തോമസ് (തങ്കച്ചൻ)

**പൂവക്കുളത്ത്, മഴുക്കീർ, കല്ലിശ്ശേരി**

**ഞങ്ങളുടെ പപ്പ ഞങ്ങളെ വിട്ടുപിരിഞ്ഞിട്ട് പതിനൊന്ന് വർഷം തികയുന്നു.**
**സ്വർഗത്തിൽ കാണാമെന്നുള്ള പ്രത്യാശയോടെ**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

# ക്നാനായ ദീപം

SINCE 1989

2021 ആഗസ്റ്റ്   പുസ്തകം 32   ലക്കം 8

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

ഭാഗ്യവതിയായ പരിശുദ്ധ അമ്മ 09
ഫാ. സിജിൽ ജോസ് വിലങ്ങൻപാറ

മൽപാനോടു ചോദിക്കാം 10

സ്മാർട്ടായി വരുന്ന ദുരന്തങ്ങൾ 15
സുനിൽ ഡി. കുരുവിള

മാതൃകാ കുടുംബജീവിതം 17
ഫാ. ഡോ. ജയിംസ് തോടത്തിൽ

Trust Deeper 19
Ani Abraham

വന്നവഴി മറക്കരുത് 20
റ്റി. യു. ജോസ്, തൈത്തറ

വി. ദൈവമാതാവും പരി: സഭയും 21
പി. റ്റി. പുന്നൂസ്, പുരയ്ക്കൽ

ആരാണ് പ്രധാന വ്യക്തി 22
റ്റി. സി. തോമസ്, തോപ്പിൽ

യേശു അത്തിവൃക്ഷത്തെ ശപിച്ചത് എന്തിന് 23
റിജോ മാത്യൂസ്, ചെറുമഠക്കാലായിൽ

24 ഏവൻഗേലിയോൻ ദീപം
ഫാ. തോമസ്കുട്ടി എം. എസ്., മങ്ങാട്ട്

26 വി. കുമ്പസാരം
ജയ്നമ്മ മർക്കോസ്, നടുവിലെ പറമ്പിൽ

39 മലർവാടിക്കൂട്ടം
ബാലദീപം ക്വിസ്

40 കാൽപ്പാടുകൾ
എബി

41 എല്ലാം ശാന്തമാകും ഭയപ്പെടേണ്ട
ഓമന സഖറിയ, പുതിയമഠം

42 വി. യോഹന്നാൻ ശ്ലീഹാ - ഒരു പഠനം
ടോമി കുറിച്ചി

43 വേളാങ്കണ്ണിപള്ളിയിൽ ഉപേക്ഷിക്കപ്പെട്ട ഒരമ്മ
റ്റി.കെ. തോമസ് തൈകുറിഞ്ഞിയിൽ

45 മാട്രിമോണിയൽ

ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)


Visit www.
knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 85475 84440
E-mail:
**kna.deepam@gmail.com**

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

**പുതിയ ഒരു ദിശാബോധവും സാമൂഹ്യ പ്രവർത്തനവും ആത്മീയ പ്രബോധനങ്ങളും കോവിഡ് അനന്തരകാലം ആവശ്യപ്പെടുന്നു. മനുഷ്യൻ ദൈവത്തിങ്കലേക്ക് തിരിയണമെന്നും ദുർമാർഗ്ഗങ്ങൾ വിട്ടു തിരിയണമെന്നും ദൈവം ആഗ്രഹിക്കുന്നു.**



# editorial

## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

ത്രിയേക ദൈവത്തിനു സ്തുതി. കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ. ലോകം ഇതുവരെയും ദർശിച്ചിട്ടില്ലാത്ത ഏറ്റവും കൊടിയ ഒരു കാലത്തു നാം എത്തിച്ചേർന്നിരിക്കുകയാണ്. രാഷ്ട്രീയ ഗതിയും മതത്തിന്റെ പോക്കും വഷളായിരിക്കുകയാണ്. രാഷ്ട്രവും മതവും ലോകത്തെ നന്നാക്കേണ്ടതിനുള്ള രണ്ട് ഉപാധികളാണ്. അവയെ കൂടാതെ ഈ ലോകം നിലനിൽക്കുകയില്ല, അഭിവൃദ്ധിപ്പെടുകയുമില്ല. നിലനിൽപ്പിനും അഭിവൃദ്ധിക്കും മുഖാന്തിരമായിരിക്കുന്ന ഇവ രണ്ടും ആശയറ്റ നിലയിൽ അധ:പതിച്ചുകൊണ്ടിരിക്കുകയാണ്. ഭരണകൂടത്തെ ആർക്കും നന്നാക്കുവാൻ വഹിയാത വണ്ണം ഉടഞ്ഞും ഉലഞ്ഞും പോയിരിക്കുകയാണ്. ദാനിയേൽ പ്രവചനം 2-ാം അദ്ധ്യായത്തിൽ പറയുന്ന കളിമൺ ഭരണകൂടം വ്യക്തമായി കഴിഞ്ഞിരിക്കുകയാണ്. നാളെ ഭരിക്കുന്നത് ആര് എന്ന് ചോദിച്ചാൽ മറുപടി പറയണമെങ്കിൽ അന്നത്തെ ടി.വി. വാർത്തകൾ കാണണം. എപ്പോഴാണ് മന്ത്രിസഭ വീഴുന്നതെന്നു പറയാൻ പറ്റില്ല. യെശയ്യാവ് 3-ാം അദ്ധ്യായത്തിൽ "കുട്ടികൾ അവരെ പീഡിപ്പിക്കുന്നു" എന്നുള്ള വചന ഭാഗം ഇന്നു നിറവേറിക്കൊണ്ടിരിക്കുകയാണ്. മുൻകാലഘട്ടത്തിൽ വിദ്യാർത്ഥികൾ അദ്ധ്യാപകന്മാർക്കും മാതാപിതാക്കൾക്കും പൂർണ്ണമായി വിധേയപ്പെട്ടിരുന്നു. ഇന്നാകട്ടെ രാഷ്ട്രീയ നേതാക്കൾ തങ്ങളുടെ കാര്യസാദ്ധ്യത്തിനായി വിദ്യാർത്ഥികളെ ഇളക്കിവിട്ടു പഠിപ്പിച്ചതുകാരണം, അദ്ധ്യാപകരും മറ്റും വിദ്യാർത്ഥികൾക്ക് കീഴ്പ്പെടുന്ന ദയനീയ കാഴ്ച പല സ്ഥലത്തും കാണുന്നുണ്ട്. അധർമ്മം പെരുകിയിരിക്കുന്ന ലോകത്തിൽ ഭൂരിപക്ഷം അധർമ്മത്തിന്റെ പിടിപാടിൽ നിൽക്കുകയേയുള്ളല്ലോ. ആകയാൽ രാഷ്ട്രീയഗതി നന്നായി വരുവാൻ മാനുഷികമായി സാദ്ധ്യമല്ല. മതം അതോടൊപ്പം വഷളായിക്കൊണ്ടിരിക്കുകയാണ്. പൂർവ്വകാലത്ത് അന്ധ വിശ്വാസങ്ങളിൽ ഭയന്നാണെങ്കിലും ദൈവഭയം മനുഷ്യർക്ക് ഉണ്ടായിരുന്നു. ഇന്നാകട്ടെ അത് ഇല്ലാതിരിക്കുകയാണ്. ലോകത്തിന് ഏറ്റവും അധികം വെളിച്ചം വീശേണ്ടതിനു ചുമതലയുള്ള ക്രിസ്ത്യാനികൾ വിവിധ നിലകളിൽ തോറ്റിരിക്കുകയാണ്. വിശ്വാസത്തിലും സന്മാർഗ്ഗിക നിലയിലും പ്രവർത്തിയിലും എല്ലാം തോറ്റു പോകുകയാണ് വിശ്വാസികൾ എന്ന് അവകാശപ്പെടുന്നവർപോലും. 2.തീമോ. 3:1 ൽ പറയുന്നതുപോലെ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും, അഹങ്കാരികളും.... ഭക്തിയുടെ വേഷം ധരിച്ച് നടക്കുന്നതുകണ്ട് ദൈവം ലോകം മുഴുവനേയും ഒരുപോലെ നശിപ്പിക്കത്തക്കവണ്ണം കൊറോണ 19 എന്ന മഹാമാരിയെ അയച്ചിരിക്കുകയാണ്. ഇതിനു മുമ്പ് ക്ഷാമവും ഭൂകമ്പവും, യുദ്ധങ്ങളും പകർച്ച വ്യാധികളും പല രാജ്യങ്ങളിലായി നാശ നഷ്ടങ്ങളും കൂട്ട മരണങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ ലോകത്തെ മുഴുവനും മുൾമുനയിൽ ആക്കിയിരിക്കുന്ന കൊറോണ എന്ന വ്യാധിയിൽ ഭരണകൂടങ്ങൾ വിറങ്ങലിച്ചു നിൽക്കുന്നു സാമൂഹികമായ അനീതികളും അസമത്വങ്ങളും ഭീതിജനകമായ രീതിയിൽ പ്രകടമാകുകയാണ്. പൊതുജനാരോഗ്യരക്ഷ നടത്താത്ത ഭരണകൂടങ്ങൾ ജനങ്ങൾ രോഗശയ്യയിൽ വീഴുമ്പോൾ നെട്ടോട്ടമോടുന്നു. പാർപ്പിടമില്ലാത്ത ജനതയോട് ക്വാറന്റൈൻ നടത്തുവാൻ ഉപദേശിക്കുന്നു. ഭക്ഷ്യസുരക്ഷയിൽ ശ്രദ്ധിക്കാത്തതുകൊണ്ട് ജനങ്ങൾ കൊടും ദാരിദ്ര്യത്തിലേക്ക് നിലം പതിക്കുന്നു. തൊഴിലിൽ രക്ഷ ഇല്ലാത്തതിനാൽ അവർ പുറംപോക്കു ജനതയായി തെരുവുകളിൽ അലയുന്നു. രോഗികൾ മരച്ചുവടുകളിൽ രോഗശയ്യ ഒരുക്കുന്നു. ആശുപത്രികളിൽ പ്രവേശനം കിട്ടാതെ ഓക്സിജൻ ലഭിക്കാതെ മരിക്കുന്നു. ശവപ്പറമ്പിൽ ചിതകാത്തു ശവശരീരങ്ങൾ ക്യൂവിൽ കിടക്കുന്നു. ശവദാഹ ചെലവ് നടത്താൻ കഴിയാത്തതിനാൽ ശവശരീരങ്ങൾ ഗംഗയിലേക്കും മറ്റു നദികളിലേക്കും വലിച്ചെറിയുന്നു. സാമൂഹിക നീതിയെന്നത് കണികാണാൻ കഴിയാത്ത ഒരവസ്ഥയിലേക്ക് ദരിദ്ര ജനങ്ങൾ സഞ്ചരിക്കുന്നു. യുദ്ധങ്ങൾ, ഭൂകമ്പങ്ങൾ, ജല പ്രളയങ്ങൾ, മഹാമാരികൾ എന്നിവ ഉണ്ടായ ലോകമാണിത്. ശാസ്ത്രീയ കണ്ടു പിടിത്തങ്ങളുണ്ടാകുംമുമ്പ് പകർച്ചവ്യാധികളാൽ ഒരു ദേശത്തിലെ ജനം മുഴുവനായി നശിച്ചിരുന്നതായി പറയപ്പെടുന്നു. അവരുടെ വസ്തുവകകൾ, ബാങ്കിലെ നിക്ഷേപങ്ങൾ എല്ലാം അവകാശികളില്ലാതാവുകയും ചെയ്തിരുന്നു. ഇതൊക്കെ സംഭവിച്ച ലോകത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ദൈവത്തിന് ഒരു മാറ്റവും സംഭവിച്ചിട്ടില്ല. ഇന്നു ക്രിസ്തുവിൽ കൂടെയുള്ള രക്ഷയ്ക്ക് ഒരു കുറവും സംഭവിച്ചിട്ടില്ല. ദൈവ പ്രവർത്തികളും ധാരാളമായി നടന്നു കൊണ്ടിരിക്കുന്നു. പുതിയ ഒരു ദിശാബോധവും സാമൂഹ്യ പ്രവർത്തനവും ആത്മീയ പ്രബോധനങ്ങളും കോവിഡ് അനന്തരകാലം ആവശ്യപ്പെടുന്നു. മനുഷ്യൻ ദൈവത്തിങ്കലേക്ക് തിരിയണമെന്നും ദുർമാർഗ്ഗങ്ങൾ വിട്ടു തിരിയണമെന്നും ദൈവം ആഗ്രഹിക്കുന്നു. അത് സംഭവിക്കുന്നില്ലെങ്കിൽ മനുഷ്യവർഗ്ഗത്തിനു ഭീഷണിയായിരിക്കുന്ന പ്രതിഭാസങ്ങൾക്ക് വിരാമമുണ്ടാകുമെന്ന് പറയാൻ പ്രയാസമാണ്. ഇപ്പോൾ കൊറോണ രോഗം ഒന്നാം വരവ്, രണ്ടാം വരവ്, ഇനി മൂന്നാം വരവും ഉണ്ടാകുമെന്നാണ് പറയുന്നത്. ദൈവം നിർത്തലാക്കിയാൽ മാത്രമേ കൊറോണക്ക് ശാശ്വതമായ പരിഹാരം ഉണ്ടാവുകയുള്ളു. അതിന് മനുഷ്യ മനസ്സുകൾക്ക് മാറ്റം വരികയും ദൈവത്തോടുള്ള നിലവിളിയും ഉയരേണ്ടിയിരിക്കുന്നു. മാനവരാശിക്ക് നേരെ

*(ശേഷം പേജ് 16-ൽ)*

## സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



കർത്താവിൽ അനുഗ്രഹീതരെ,

ഓഗസ്റ്റ്–സെപ്റ്റംബർ മാസങ്ങൾ പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് പ്രാർത്ഥിക്കുന്ന ധന്യ നിമിഷങ്ങൾ ആകുന്നുവല്ലോ. ഈ സമയങ്ങളിൽ ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാളും (ശൂനോയൊ), യഹൂദ ക്രൈസ്തവ രായ നാം നമ്മുടെ ഉറഹാ ദേശം മുതൽ ആചരിച്ചുപോരുന്ന പരിശുദ്ധ അമ്മയുടെ ജനനപ്പെരുന്നാളും (എട്ടുനോമ്പ് പെരുന്നാൾ) ഏറെ ഭക്തിതീക്ഷ്ണതയോടെ അനുഷ്ഠിക്കുന്നുവല്ലൊ. മലങ്കരയിൽ പരി. ദൈവമാതാവിനോടുള്ള ഭക്തി ആദരവുകൾ പ്രചരിപ്പിച്ചതിൽ നിർണ്ണായക പങ്ക് ക്നാനായ സമൂഹത്തിന്റേതാണെന്നുള്ള യാഥാർത്ഥ്യം പൊതു ക്രൈസ്തവ സമൂഹം അംഗീകരിച്ചിട്ടുള്ള വസ്തുതയാണല്ലൊ.

നമ്മുടെ പൂർവ്വ മാതാപിതാക്കൾ എഡേസായിൽ താമസിച്ചിരുന്ന കാലത്ത് ക്രൂര ഭരണാധികാരികളിൽനിന്നും പ്രകൃതി ക്ഷോഭങ്ങളിൽനിന്നും മറ്റും രക്ഷ നേടുന്നതിനായി പരി. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ട് നോമ്പും ഉപവാസവും എടുത്ത് മാസങ്ങളോളം പ്രാർത്ഥിക്കുമായിരുന്നു. അപ്പോഴൊക്കെ പരി. അമ്മ അവരുടെ സഹായത്തിനെത്തി അവരെ എല്ലാവിധ പ്രതികൂലങ്ങളിൽനിന്നും സംരക്ഷിക്കുമായിരുന്നു, ആ വലിയ വിശ്വാസം നാം ഇന്ത്യയിൽ എത്തിയപ്പോഴും തുടർന്നുപോന്നു.

ഇന്ത്യയിൽ നിന്ന് പിന്നീട് നാം മറ്റു പല രാജ്യങ്ങളിലേക്ക് കുടിയേറി പാർത്തപ്പോഴും പരി. അമ്മയോടുള്ള വലിയ സ്നേഹവും വിശ്വാസവും നമ്മൾ എത്തിച്ചേർന്ന ദേശങ്ങളിലും പാലിച്ചു പോരുന്നു. സുറിയാനി സഭയിലെ ബഹു ഭൂരിപക്ഷം ദൈവാലയങ്ങളും പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിലാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. അതിൽനിന്നു തന്നെ നമുക്ക് മനസ്സിലാക്കാം വിശ്വാസ സമൂഹത്തിന് ദൈവമാതാവിനോടുള്ള തീക്ഷണമായ സ്നേഹവും, വിശ്വാസവും. അപ്രകാരം തന്നെ സുറിയാനി സഭയിലെ എല്ലാ പിതാക്കന്മാരും പരി. അമ്മയുടെ വലിയ ഭക്തന്മാർ ആയിരുന്നു, അവരുടെ രചനകളിലെല്ലാം തന്നെ വി. കന്യക മറിയാമിനോടുള്ള വലിയ സ്നേഹം നിറഞ്ഞു നിന്നിരുന്നു നിർമ്മലയായ കന്യക മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട്, അമ്മയുടെ കരങ്ങളിൽ പിടിച്ച് രക്ഷകന്റെ അരികിൽ എത്തുവാനാണ് എല്ലാ കാലഘട്ടങ്ങളിലും സ്വർഗ്ഗം മനുഷ്യവംശത്തോട് ആവശ്യപ്പെടുന്നത്. ഇത്രമാത്രം ഭാഗ്യം ലഭിച്ച സ്ത്രീ രത്നത്തെ മനുഷ്യവംശം കണ്ടിട്ടില്ല, ഇനി കാണുകയുമില്ല. പരി. അമ്മയുടെ സാന്നിദ്ധ്യം അറിഞ്ഞപ്പോൾ തന്നെ ഏലിസബേത്ത് പരിശുദ്ധാത്മാവിനാൽ ജ്വലിക്കപ്പെട്ടു എന്ന് തിരുവചനത്തിൽ നാം വായിക്കുന്നു. ആ ദിവസങ്ങളിൽ, മറിയം യൂദായിലെ മലപ്രദേശത്തുള്ള ഒരു പട്ടണത്തിലേക്കു ഉത്സാഹത്തോടെ പോയി. അവൾ സ്കറിയായുടെ ഭവനത്തിൽ പ്രവേശിച്ച് ഏലിസബേത്തിന് 'സമാധാനം' ചൊല്ലി. മറിയാമിന്റെ അഭിവാദനം കേട്ടപ്പോൾ എലിസബേത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചു ചാടി. എലിസബേത്ത് പരിശുദ്ധാത്മാവു നിറഞ്ഞവളായി അവൾ ഉദ്ഘോഷിച്ചു. നീ സ്ത്രീകളിൽ അനുഗ്രഹീതയാണ്. നിന്റെ ഉദരഫലവും അനുഗ്രഹീതം, എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തു വരുവാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെ നിന്ന്? ഇതാ നിന്റെ അഭിവാദനസ്വരം തന്റെ ചെവികളിൽ പതിച്ചപ്പോൾ ശിശു എന്റെ ഉദരത്തിൽ സന്തോഷത്താൽ കുതിച്ചു ചാടി. കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി. (ലൂക്കോ. 1:39–45)

എലിസബേത്തിലൂടെ പരിശുദ്ധാത്മാവ് തന്നെയാണ് പരി. അമ്മയെ 'ദൈവമാതാവെന്നും', 'ഭാഗ്യവതിയെന്നും' വിളിക്കുന്നത്. പരി. ദൈവമാതാവിനെ പരിഹസിക്കുന്നവരും, ദൈവമാതാവിന്റെ മദ്ധ്യസ്ഥത ആവശ്യമില്ലെന്നു പഠിപ്പിക്കുന്നവരും ദൈവമാതാവിനെക്കുറിച്ച് സ്വർഗ്ഗം തന്നെ വെളിപ്പെടുത്തിയിട്ടുള്ള തിരുവചന ഭാഗങ്ങൾ കാണാതെ പോകുന്നതും, അംഗീകരിക്കാൻ മടിക്കുന്നതും എത്രയോ നിർഭാഗ്യകരമാണ്.

**എലിസബേത്തിലൂടെ പരിശുദ്ധാത്മാവ് തന്നെയാണ് പരി. അമ്മയെ 'ദൈവമാതാവെന്നും', 'ഭാഗ്യവതിയെന്നും' വിളിക്കുന്നത്.**

പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് പ്രാർത്ഥിച്ച് അനുഗ്രഹങ്ങൾ സ്വന്തമാക്കുമ്പോഴും, നമ്മൾ വിസ്മരിക്കുവാൻ പാടില്ലാത്ത പ്രധാന കാര്യം അമ്മയെ മാതൃകയാക്കുവാനും അമ്മയുടെ ജീവിതം അനുകരിക്കാനും നമുക്ക് കടമയുണ്ട് എന്ന വസ്തുതയാണ്. പ്രഭു സദനങ്ങൾക്കോ, കൊട്ടാരങ്ങൾക്കോ വേണ്ടി കാത്തിരിക്കാതെ എളിമയുടെ പര്യായമായ ഒരു പാവപ്പെട്ട ഗ്രാമീണ കന്യകയെ ആണ് ദൈവപുത്രന്റെ മാതാവാകുവാൻ പിതാവാം ദൈവം തെരഞ്ഞെടുത്തത്. ദൈവ നിയോഗത്തെ ദൂതൻ അറിയിക്കുമ്പോൾ മറിയം ഇപ്രകാരം പറഞ്ഞുവല്ലൊ "ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" (ലൂക്കോ. 1:38) ദൈവത്തിന്റെ ഇഷ്ടം എന്തു തന്നെ ആയിരുന്നാലും അതിനെ ശിരസ്സാ വഹിപ്പാൻ മറിയം സന്നദ്ധയായി. കന്യകയായവൾ വിവാഹ നിശ്ചയം മാത്രം കഴിഞ്ഞവൾ ഗർഭവതിയാകുമ്പോൾ ഉണ്ടാകാവുന്ന ആക്ഷേപങ്ങളും, വിമർശനങ്ങളും, പരിത്യാഗങ്ങളും സഹിക്കാൻ സന്നദ്ധയായി. ഭവിഷ്യത്തുകളെയോർത്ത് വ്യാകുല ചിത്തയാകാതെ ദൈവഹിതത്തിന് അവൾ തന്നെത്തന്നെ പൂർണ്ണമായി വിട്ടുകൊടുത്തു. ഈ പരി. അമ്മയിൽനിന്നും എത്രയോ നന്മകൾ നമുക്ക് പഠിക്കുവാനുണ്ട്. ദൈവദൂതന് പ്രത്യുത്തരം നൽകിയ പരി. അമ്മയുടെ വാക്കുകളിലൂടെ ദൈവമാതാവിന്റെ ആഴമേറിയ ദൈവവിശ്വാസം, എളിമ, അനുസരണം, സമർപ്പണം, ശാന്ത സ്വഭാവം, ത്യാഗമനോഭാവം, പ്രാർത്ഥനാ ജീവിത ശൈലി ഇവയെല്ലാം നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നു. നമ്മുടെ ജീവിതത്തിൽ പരി. അമ്മയിൽ വിളങ്ങിയിരുന്ന പുണ്യങ്ങൾ പകർത്തുവാൻ, അവ അഭ്യസിക്കുവാൻ പരിശ്രമിക്കണം. ആയതിനാൽ പരി. ദൈവമാതാവിന്റെ മദ്ധ്യസ്ഥത എപ്പോഴും നമുക്ക് കോട്ടയായിരിക്കട്ടെ.

കർതൃശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ് (സമുദായ മെത്രാപ്പോലീത്താ)**



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

# സമുദായ വാർത്തകൾ

പ്രിയപ്പെട്ട സമുദായ അംഗങ്ങളെ,

വളരെ പ്രതീക്ഷയോടെയാണ് ഓരോ മാസവും ക്നാനായ ദീപത്തിൽ പ്രസിദ്ധീകരിക്കുവാനുള്ള സമുദായ വാർത്തകൾ എഴുതുവാൻ തുടങ്ങുന്നത്, കോവിഡിന്റെ തീവ്രത കുറഞ്ഞു സർക്കാരിന്റെ നിയന്ത്രണങ്ങൾ മാറി എല്ലാ പള്ളികളിലും വി. കുർബാന പൂർവസ്ഥിതിയിൽ ആയി സമുദായത്തിന്റെ നടത്തിപ്പ് സുഗമമാകും എന്ന പ്രതീക്ഷ അതിനോടൊപ്പം തന്നെ വിഭാവനം ചെയ്ത സമുദായത്തിൽ വികസന പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുവാൻ അവസരം ലഭിക്കും എന്നുള്ള പ്രതീക്ഷ. എന്നാൽ കോവിഡ് വ്യാപനം കൂടുന്നതിനാൽ ഗവൺമെന്റ് നിയന്ത്രണങ്ങൾ കടുപ്പിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയാണ് .

ഈ മാസം പതിനേഴാം തീയതി കൊടുങ്ങല്ലൂർ പ്രോജക്ട് കൂദാശയും ഉദ്ഘാടനവും നടത്തുവാൻ കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. ഈ ലേഖനമെഴുതുന്ന ആഗസ്റ്റ് ഒന്നാം തീയതി പോലും കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിൽ നിന്നും ഒരു ഉറപ്പും ലഭിച്ചിട്ടില്ല. അനുവാദം ലഭിക്കുമെന്ന പ്രതീക്ഷയിൽ കമ്മിറ്റി മുന്നോട്ടു പോവുകയാണ്

വാകത്താനം മിഷൻ പള്ളി നിർമ്മാണം, ക്രിസ്ത്യൻ മൈനോറിറ്റി കമ്മീഷനുമായിയുള്ള ചർച്ച, തുടങ്ങി പലവിധമായ കാര്യങ്ങൾക്കുവേണ്ടി ക്നാനായ കമ്മിറ്റി കൂടുകയുണ്ടായി. 19/7/2021-ൽ കൂടിയ ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റിയുടെ ഐകൃകണ്ഠേനയുള്ള തീരുമാനങ്ങൾ താഴെ ചേർക്കുന്നു.

1. ക്നാനായ സമുദായത്തിന് കോടതിവിധിയിലൂടെ ലഭിച്ച വാകത്താനം മിഷൻ പള്ളി പുനർ നിർമ്മിക്കുന്നതിനും, മുൻപുണ്ടായിരുന്ന രേഖകൾ വാകത്താനം വില്ലേജ് ഓഫീസിൽ നിന്നും ശേഖരിച്ച് പുതിയ പ്ലാൻ വരച്ച് ആപ്ലിക്കേഷൻ സമർപ്പിക്കുന്നതിന് ഭദ്രാസന സെക്രട്ടറി ബഹുമാനപ്പെട്ട ഏലിയാസ് സ്കറിയാ അച്ചനെ ചുമതലപ്പെടുത്തി.

2. ക്രിസ്ത്യൻ മൈനോറിറ്റി കമ്മീഷൻ ജസ്റ്റിസ് ജെ. ബി. കോശിയെ നിയമവിദഗ്ധർ ഉൾപ്പെടെ ക്നാനായ കമ്മിറ്റി സംഘം നേരിട്ട് കണ്ടു സമുദായത്തിന്റെ നിവേദനം ചർച്ച നടത്തി സമർപ്പിക്കുന്നതിന് കമ്മീഷന്റെ അപ്പോയ് മെൻറ് എടുക്കുവാൻ സമുദായ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

3. ഇക്കാര്യവും ആയി ബന്ധപ്പെട്ട് സമുദായത്തിലെ ഇടവകകളിലെ ജനസംഖ്യയും അവരുടെ വരുമാനവും തിട്ടപ്പെടുത്തി അയക്കുന്നതിന് വേണ്ടി വികാരിമാരെ കൽപ്പന മൂലം എത്രയും പെട്ടെന്ന് അറിയിക്കുന്നതിന് സമുദായ മെത്രാപ്പോലീത്തായോട് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു .

4. കൊടുങ്ങല്ലൂർ പൈതൃക സ്മാരകം എത്രയും വേഗം പൂർത്തിയാക്കി 2021 ഓഗസ്റ്റ് മാസം 19-ാം തീയതി കൂദാശചെയ്യുന്നതിന് തീരുമാനിച്ചു. ഇക്കാര്യം കൽപ്പന മൂലം എല്ലാ പള്ളികളിലും അറിയിക്കുന്നതിന് സമുദായ മെത്രാപ്പോലിത്തായോട് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു. കൊടുങ്ങല്ലൂർ പൈതൃക സ്മാരകം ഉദ്ഘാടനത്തോടനു ബന്ധിച്ച് ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നതിനും തീരുമാനിച്ചു.

5. സമുദായം വകയായ കുൽപ്പമല തോട്ടം, ഏതു രീതിയിലുള്ള ഡെവലപ്മെൻറ് അവിടെ നടത്താൻ കഴിയുമെന്ന് പഠിക്കുന്നതിനു വേണ്ടി ക്നാനായ മാനേജിംഗ് കമ്മിറ്റി ഓഗസ്റ്റ് ആദ്യവാരം തോട്ടം സന്ദർശിക്കുവാൻ തീരുമാനിച്ചു

6. ക്നാനായ അസ്സോസിയേഷൻ മീറ്റിങ്ങ് വിളിച്ചു കൂട്ടുന്നതിന് കോട്ടയം കലക്ടറുമായി ഇപ്പോൾ നിരന്തരമായി ബന്ധപ്പെടുന്നതിന് പുറമേ, കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് ഒക്ടോബർ 12-ന് അസ്സോസിയേഷൻ കൂടത്തക്ക രീതിയിൽ അനുവാദം നിർബന്ധമായും തരണമെന്ന് ജില്ലാകലക്ടറുമായി സമുദായ നേതൃത്വം നേരിട്ട് ചർച്ച ചെയ്യുന്നതിന് തീരുമാനിച്ചു.

7. അടുത്ത ക്നാനായ കമ്മിറ്റിയിൽ 2021/22 ലെ ബഡ്ജറ്റ് അവതരിപ്പിക്കുവാൻ ട്രസ്റ്റിയെ ചുമതലപ്പെടുത്തി .

8. അമേരിക്കയിൽ ഈ അടുത്ത സമയത്ത് ഒരു വൈദികപട്ടവും ഒരു ശെമ്മാശപട്ടവും കൊടുത്തു എന്ന് അറിയുവാൻ കഴിഞ്ഞു. ഇത് ക്നാനായ ഭരണഘടനയുടെ അധ്യായം. 5-ലെ 90, 91, 92, 93, 94, 95, 96 എന്നീ വകുപ്പുകളുടെ ലംഘനമാണ്. ഭരണഘടന പ്രകാരം അല്ല പട്ടം കൊടുത്തിരിക്കുന്നത്. ആയതിനാൽ ആ വൈദികനേയും ശെമ്മാശനേയും ക്നാനായ സമുദായ വൈദിക റജിസ്റ്ററിൽ പേര് ചേർക്കേണ്ടതില്ലായെന്നും, ക്നാനായ അസ്സോസിയേഷനിൽ അംഗത്വം കൊടുക്കേണ്ടതില്ല എന്നും തീരുമാനിച്ചു. ഈ കാര്യങ്ങളിൽ ക്നാനായ കമ്മിറ്റിയുടെ വിയോജിപ്പ് പരിശുദ്ധ പാത്രിയർക്കീസ് ബാവായെ രേഖാമൂലം ശ്രദ്ധയിൽ പെടുത്തുവാൻ തീരുമാനിച്ചു.

9. വിവാഹവുമായി ബന്ധപ്പെട്ട് സമുദായത്തിലെ എല്ലാ ഇടവകയിലെയും 15 വയസ്സിന് മുകളിൽ പ്രായമുള്ള വിവാഹം കഴിക്കാത്ത യുവതിയുവാക്കളുടെ ലിസ്റ്റ് തയ്യാറാക്കി അവരുടെ മാതാപിതാക്കളുടെ

ഫോൺ നമ്പർ സഹിതം അതാത് ഇടവക വികാരിമാർ സമുദായ ഓഫീസിൽ തരുന്നതിനും, സമുദായ ഓഫീസിൽ വൈദികരുടെ നേതൃത്വത്തിൽ ഒരു ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിനും തീരുമാനിച്ചു. ഈ കാര്യങ്ങൾ ഇടവകവികാരിമാരെ കൽപ്പന മൂലം അറിയിക്കുന്നതിനായി സമുദായ മെത്രാപ്പോലീത്തായോട് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

10. ചില നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ. ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള സൺഡേ സ്കൂൾ വിദ്യാർഥികൾക്ക് പഠന പദ്ധതികൾ വീഡിയോ റെക്കോർഡ് ചെയ്തു സൺഡേ സ്കൂൾ ക്ലാസ്സുകളിൽ എത്രയുംവേഗം തുടങ്ങണമെന്ന് സൺഡേ സ്കൂൾ ഡയറക്ടർ ബോർഡിനോടും, സമുദായ മെത്രാപ്പോലീത്തായോടും ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

11. ക്നാനായ സമുദായത്തിലെ ഒരു സമുദായ സ്നേഹമുള്ള കുടുംബം മന്ദിരം സ്കൂളും തോട്ടവും സമുദായത്തിന്റെ ഉടമസ്ഥതയിൽ തന്നിരുന്നു. എന്നാൽ കോടതി വിധി പ്രകാരം സമുദായത്തിന് ഇപ്പോൾ ആ സ്ഥലം നഷ്ടപ്പെട്ടിരിക്കുകയാണ്. സമുദായത്തിന് ദാനമായി നൽകിയ കുടുംബക്കാരെ ക്നാനായ കമ്മിറ്റിയും സമുദായ മെത്രാപ്പോലീത്തായും നേരിട്ട് കണ്ടു സമുദായത്തിന് തിരികെ സ്ഥലം തരണമെന്ന് അവരോട് ആവശ്യപ്പെടാനും തീരുമാനിച്ചു.

12. ഫാർമസി കോളേജ് സെക്രട്ടറി 13/4/2021-ൽ ക്നാനായ കമ്മിറ്റിക്ക് തന്ന കത്ത് കമ്മിറ്റിയിൽ വായിച്ച് ചർച്ച ചെയ്തു. കത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും ടെക്നിക്കൽ കാര്യങ്ങൾ ആയതിനാൽ അയതിന്റെ എക്സ്പ്പേർട്ടിനെ കൊണ്ട് അന്വേഷിപ്പിക്കണമെന്ന് കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതിനാലും ആ കത്തിലെ വിഷയങ്ങൾ അടുത്ത മീറ്റിംഗിൽ എടുക്കുവാൻ മാറ്റിവെക്കാം എന്ന് തീരുമാനിച്ചു.

13. ക്നാനായ സമുദായം വക സുഖാർ ധ്യാന കേന്ദ്രത്തിലെ അത്യാവശ്യ മെയിന്റയിൻസ് പണികൾ ചെയ്യുവാൻ തീരുമാനിച്ചു.

14. റാന്നിയിൽ തോമസ് മാമ്മൻ എന്ന സമുദായ സ്നേഹി സമുദായത്തിന് ദാനയാധാരം എഴുതി തന്ന സ്ഥലം വെറുതെ കാടുപിടിച്ചു കിടക്കുകയാണ്. അവിടെ എന്ത് പ്രോജക്റ്റ് ചെയ്യുവാൻ സാധിക്കും എന്നത് പഠിക്കുന്നതിന് വേണ്ടി ക്നാനായ കമ്മിറ്റി ആ വസ്തു നേരിൽ കാണുന്നതിനു വേണ്ടി പോവാൻ തീരുമാനിച്ചു.

ആറു മണിക്ക് യോഗം പര്യവസാനിച്ചു.

കമ്മിറ്റിയുടെ തീരുമാനം അനുസരിച്ച് പിറ്റേദിവസംതന്നെ ക്രിസ്ത്യൻ മൈനോറിറ്റി കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ജെ. ബി. കോശിയെ ബന്ധപ്പെടുകയും, ക്നാനായ സമുദായം ക്രിസ്ത്യൻ സഭകളിലെ മൈനോറിറ്റി സമുദായം ആണെന്നും ജനസംഖ്യ അടിസ്ഥാനത്തിൽ സമുദായത്തിലെ ജനവിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും വേണ്ടിയുള്ള നിവേദനം കമ്മീഷൻ മുമ്പാകെ സമർപ്പിച്ചു.

ജൂലൈ 31-ന് ശേഷം സൗകര്യപ്രദമായ സമയം അറിയിച്ചു ക്നാനായ കമ്മിറ്റിയെ ചർച്ചയ്ക്ക് വിളിക്കാം എന്ന് അദ്ദേഹം പറഞ്ഞു.

ആയതിന്റെ അടിസ്ഥാനത്തിൽ സമുദായ മെത്രാപ്പോലീത്താ എല്ലാ ദൈവാലയങ്ങളിലും കൽപ്പന മൂലം ഓരോ ഇടവക കുടുംബങ്ങളുടെയും, ജനസംഖ്യയും, സാമ്പത്തികസ്ഥിതിയും തുടങ്ങിയ വിശദമായ റിപ്പോർട്ട് കൽപ്പനയുടെ കൂടെയുള്ള ഫോറത്തിൽ പൂരിപ്പിച്ച് എത്രയും വേഗം സമുദായ ഓഫീസിൽ എത്തിക്കണമെന്ന് ഇടവക വികാരിമാരെ അറിയിച്ചിട്ടുണ്ട്. എല്ലാവരും അതിൽ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരള കൗൺസിൽ ഓഫ് ചർച്ചസ് പരിസ്ഥിതി കമ്മീഷന്റെ നേതൃത്വത്തിൽ ജൂലൈ 28-ാം തീയതി ലോക പരിസ്ഥിതി സംരക്ഷണ ദിനാചരണം സമുദായ ആസ്ഥാനമായ മോർ അപ്രേം സെമിനാരിയിൽ സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുര്യാക്കോസ് മാർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു.

പ്രകൃതിയുമായി ഐക്യപ്പെട്ടുള്ള നവജീവിതശൈലി മനുഷ്യൻ രൂപപ്പെടുത്തിയെടുക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണെന്നും, മനുഷ്യനും കുഞ്ഞും തമ്മിലുള്ള ബന്ധം ആയിരിക്കണം മനുഷ്യന് പ്രകൃതിയുമായി ഉണ്ടാവേണ്ടതെന്നും സമുദായമെത്രാപ്പോലീത്ത പ്രസ്താവിച്ചു. പരിസ്ഥിതി കമ്മീഷൻ ചെയർമാൻ സ്മിജു ജേക്കബ് മറ്റക്കാട്ട് അധ്യക്ഷത വഹിച്ചു. കൺവീനർ റവ. ഫാ. എബ്രഹാം കോശി കുന്നുംപുറത്ത് മുഖ്യ പ്രഭാഷണം നടത്തി. ക്നാനായ സഭാ സെക്രട്ടറി ടി. ഒ. എബ്രഹാം തോട്ടത്തിൽ ആശംസ അർപ്പിച്ചു. ക്ലെർജി കമ്മീഷൻ ചെയർമാൻ റവ. ഫാ. ജോസ് കരിക്കും, ക്നാനായ കോൺഗ്രസ് പ്രസിഡന്റ് റവ. ഫാ. ജേക്കബ് കല്ലുകുളം, സാൽവേഷൻ ആർമി ശുശ്രൂഷകൻ ലഫ്റ്റനന്റ് ബിജു ജി., കെ. സി. സി. എക്സിക്യൂട്ടീവ് മെമ്പർ ആലിച്ചൻ ആറൊന്നിൽ, കോർഡിനേറ്റർ സജി താന്നിക്കൽ, YMCA ബോർഡ് മെമ്പർ ദീപു ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.

ഓതറ ഫാർമസി കോളേജിൽ B.Pharm, M.Pharm, Pharm.D കോഴ്സുകളിലേക്ക് ഉള്ള ഈ വർഷത്തെ അഡ്മിഷൻ സ്റ്റാർട്ട് ചെയ്തു കഴിഞ്ഞു. ഈ കോഴ്സുകളിൽ ചേരുവാൻ താല്പര്യമുള്ള സമുദായത്തിലെ വിദ്യാർഥികൾ എത്രയും പെട്ടെന്ന് കോളേജ് അധികൃതരുമായി ബന്ധപ്പെടണമെന്ന് അറിയിക്കുന്നു

നസ്രേത്ത് ഫാർമസി കോളേജുമായി ബന്ധപ്പെട്ട് കുറച്ചു ദിവസങ്ങളായി സോഷ്യൽ മീഡിയയിൽ ചർച്ചകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. കുറച്ച് ആളുകൾ എന്നെ ഫോണിൽ കൂടി ബന്ധപ്പെടുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ സമുദായ അംഗങ്ങളുടെ ഇടയിൽ തെറ്റിദ്ധാരണ ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി ഒരു വിശദീകരണക്കുറിപ്പ് ഇറക്കണമെന്ന് ക്നാനായ കമ്മിറ്റി അംഗങ്ങളുടെ ആവശ്യപ്രകാരവും, ആലോചനയോട് കൂടിയും ഇത് പ്രസിദ്ധീകരിക്കുന്നു.

ഫാർമസി കോളേജ് ഗവേണിംഗ് ബോർഡ് അംഗം ശ്രീ. ബിനു കുരുവിള 18/9/2019-ൽ സമുദായ മെത്രാപ്പോലീത്തായ്ക്ക് ഒരു കംപ്ലെൻറ് കൊടുക്കുന്നു, അതിൽ പറഞ്ഞിരിക്കുന്ന പ്രധാന ആരോപണം ഇപ്രകാരമാണ് 'മുൻ കോളേജ് ഗവേണിംഗ് ബോർഡ് അംഗവും, ഇപ്പോഴത്തെ ക്നാനായ കമ്മിറ്റി അംഗവുമായ ശ്രീ. എബ്രഹാം പുന്നൂസിന്റെ പേരിൽ 70 ലക്ഷം രൂപയുടെ പർച്ചേസ് അഴിമതി ആരോപണവും, അതുപോലെ അദ്ദേഹം സപ്ലൈ ചെയ്ത മെറ്റീരിയൽസിന്റെ ക്വാളിറ്റിയും, കൂടാതെ മുൻ ഭരണസമിതിയുടെ കാലങ്ങളിൽ നടന്ന നിർമ്മാണ പ്രവർത്തനത്തിന്റെ ക്രമക്കേടുകളും അന്വേഷിക്കണം എന്നാണ് ചുരുക്കം.

19/9/2019-ൽ മുൻ ഭദ്രാസന സെക്രട്ടറി അച്ചന്റെ മകൻ

ശ്രീ. സാജൻ മാത്യു പയ്യനാട് ഒരു കംപ്ലൈൻറ് സമുദായ മെത്രാപ്പോലീത്തായ്ക്ക് കൊടുക്കുന്നു, അതിൽ പറഞ്ഞിരിക്കുന്ന പ്രധാന ആരോപണം ഫാർമസി കോളേജിൽ നടന്നിരുന്ന അഴിമതിയെക്കുറിച്ച് ഒരു കമ്മീഷനെ വച്ച് അന്വേഷിപ്പിക്കണമെന്ന് ഉള്ളതാണ്.

21/9/2019-ൽ മുൻ ഫാർമസി കോളേജ് സെക്രട്ടറി. ശ്രീ. റീബു കണ്ണൻകേരി ക്നാനായ മാനേജിംഗ് കമ്മിറ്റിക്ക് ഒരു കംപ്ലയിന്റ് കൊടുക്കുന്നു, അതിൽ പ്രധാനമായും പറഞ്ഞിരിക്കുന്നത് 2019 -2020 കലത്തെ അഡ്മിഷനും ആയി ബന്ധപ്പെട്ട ചില അഴിമതികൾ നടന്നതായി അറിയുന്നു, കെടുകാര്യസ്ഥതയോടെ ഫാർമസി കോളേജ് പ്രവർത്തിക്കുന്നതായി മനസ്സിലാക്കുന്നു, ആയതിനാൽ മാനേജിംഗ് കമ്മിറ്റി ഈ വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് അന്വേഷണം നടത്തി സത്യാവസ്ഥ പുറത്തു കൊണ്ടുവരണം എന്നാണ്.

2/10/2019-ൽ ക്നാനായ കമ്മിറ്റി അംഗവും കമ്മിറ്റിയുടെ നോമിനിയായ ഫാർമസി കോളേജ് ഗവേണിംഗ് ബോർഡ് അംഗം ശ്രീ. എബ്രഹാം പുന്നൂസ് ചേന്തിയിൽ സമുദായ മെത്രാപ്പോലീത്തായ്ക്ക് ഒരു കംപ്ലയിന്റ് കൊടുക്കുന്നു, അതിൽ പറഞ്ഞിരിക്കുന്ന പ്രധാന ആരോപണം ഇങ്ങനെയാണ്, ബിനു കുരുവിള ഫോണിൽ കൂടി വിളിച്ചു സഭ്യമല്ലാത്ത രീതിയിൽ സംസാരിച്ചു എന്നും അദ്ദേഹത്തെ കുറിച്ച് സോഷ്യൽ മീഡിയയിൽ കൂടി മോശമായ ഭാഷയിൽ എഴുതി എന്നും, ഇതേക്കുറിച്ച് അന്വേഷിക്കണമെന്നുമാണ് അദ്ദേഹം കൊടുത്ത കംപ്ലയിന്റ്.

സമുദായത്തിന്റെ ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങൾ വഹിക്കുന്നവരുൾപ്പെടെയുള്ള ഈ നാലു കംപ്ലയിന്റുകളുടെയും അടിസ്ഥാനത്തിൽ ക്നാനായ കമ്മിറ്റിയുടെ ആലോചനയോടു കൂടി സമുദായ മെത്രാപ്പോലിത്ത No.149/2019 dated 7/10/2019-ൽ ഒരു കല്പന പുറപ്പെടുവിക്കുന്നു.

ആ കൽപ്പനയിൽ വികാരി ജനറാൾ റവ. ഫാ. വി. ഏ. എബ്രഹാം ഇളയശ്ശേരി, റവ. ഫാ. പി. റ്റി. മാത്യു പയ്യനാട്ട് ഭദ്രാസന സെക്രട്ടറി, ആർ. സന്ദീപ് എബ്രഹാം താമരപ്പള്ളി എന്നിവർ അംഗങ്ങളായി ഒരു അന്വേഷണ കമ്മീഷനെ നിയമിക്കുന്നു.

യാതൊരു ബാഹ്യശക്തികളുടെയും ഇടപെടലുകൾ ഇല്ലാതെ അന്വേഷണ കമ്മീഷൻ 20 സിറ്റിംഗ് നടത്തി ഒരു റിപ്പോർട്ട് ഉണ്ടാക്കി സമുദായ മെത്രാപ്പോലീത്തായ്ക്കും, സമുദായ സെക്രട്ടറിയ്ക്കും, കോളേജിന്റെ സെക്രട്ടറിയ്ക്കും കൊടുത്തു. റിപ്പോർട്ടിന്റെ കവറിങ്ങ് ലെറ്ററിൽ തന്നെ പറഞ്ഞിട്ടുണ്ട് രണ്ടു പാർട്ട് ആയിട്ടാണ് റിപ്പോർട്ട് തരുന്നത് എന്നും, അതിൽ ഒരു പാർട്ട് കോൺഫിഡൻഷ്യൽ ആണ് എന്നും സമുദായത്തിന്റെ സ്ഥാപനമായ ഫാർമസി കോളേജിന്റെ ഭാവിയിലേക്ക് ഉള്ള പ്രവർത്തനങ്ങൾക്കായിട്ടുള്ള ശുപാർശകൾ മാത്രമായിട്ടാണ്. ആയത് സമുദായ മെത്രാപ്പോലീത്തായ്ക്കും, സമുദായ സെക്രട്ടറിക്കും, കോളേജ് സെക്രട്ടറിക്കും കോൺഫിഡൻഷ്യൽ റിപ്പോർട്ട് കൊടുത്തത്. സമുദായ സ്ഥാപനങ്ങളുടെ ഭാവിയെ കരുതിയും സമുദായ മെത്രാപ്പോലീത്തയുടെയും ഉത്തരവാദിത്വപ്പെട്ട ക്നാനായ കമ്മിറ്റിയുടെയും നിർദ്ദേശ പ്രകാരം ഇതിൽ ഒന്നാമത്തെ പാർട്ട് മാത്രമേ മറ്റുള്ളവർക്ക് (public) കൊടുക്കുവാൻ സാധിക്കുകയുള്ളൂ. കോളേജിലെ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള രണ്ടാമത്തെ ഡീറ്റെയിൽഡ് റിപ്പോർട്ട് കോൺഫിഡൻഷ്യൽ ആണ് എന്നും, കൂടാതെ റിപ്പോർട്ടിലെ ടെക്നിക്കൽ ഭാഗത്തെ കാര്യങ്ങൾ ഒരു വിദഗ്ധ ടെക്നിക്കൽ എക്സ്പേർട്ടിനെ കൊണ്ട് അന്വേഷിപ്പിക്കണം എന്നുമാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. അതിൻ പ്രകാരം ആദ്യ പാർട്ട് മുഴുവൻ ക്നാനായ കമ്മിറ്റി അംഗങ്ങൾക്കും, കോളേജ് കമ്മിറ്റി അംഗങ്ങൾക്കും കൊടുത്തതാണ്. അത് ആരോ സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തതുമാണ്. കോൺഫിഡൻഷ്യൽ പാർട്ട് ഇന്ന് വരെ മുകളിൽ പറഞ്ഞിരിക്കുന്ന മൂന്ന് പേരുടെ കൈവശം അല്ലാതെ ആരുടെയും പക്കൽ ഇല്ലായെന്ന് മാത്രമല്ല നാലാമതൊരാൾ കണ്ടിട്ടുകൂടെയില്ല. അത് പുറത്ത് പോയിയെന്നും, സോഷ്യൽ മീഡിയായിൽ വന്നുവെന്നും ഒക്കെ പറയുന്നത് നുണയും, വാസ്തവവിരുദ്ധവും, ജനങ്ങളെ മനപ്പൂർവം തെറ്റിദ്ധരിപ്പിക്കുന്നതിനും വേണ്ടിയുള്ള കുടിലതന്ത്രങ്ങൾ ആണെന്നും അറിയുക.

കൂടാതെ കോളേജ് ഗവേണിംഗ് അംഗങ്ങളെ മുഴുവൻ പൂർണ്ണമായ റിപ്പോർട്ട് കമ്മീഷൻ അംഗങ്ങൾ മൂന്നുപേരും ബോർഡിൽ വന്ന് വായിച്ച് കേൾപ്പിച്ച് വിശദീകരിച്ചിട്ടുള്ളതാണ്. തന്നെയുമല്ല ഉത്തരവാദപ്പെട്ട ആർക്കും ഈ റിപ്പോർട്ട് വായിക്കുന്നതിന് അവസരം കൊടുക്കാമെന്ന് അറിയിച്ചിട്ടുള്ളതുമാണ്.

റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഒരു ടെക്നിക്കൽ എക്സ്പേർട്ടിനെക്കൊണ്ട് അന്വേഷിക്കുന്നതിനും, മറ്റു കാര്യങ്ങൾക്ക് വേണ്ടിയും അടുത്ത ക്നാനായ കമ്മിറ്റിയിലേക്ക് ഈ വിഷയം മാറ്റിവച്ചിരിക്കുകയാണ്.

ഇതിനിടയിൽ കഴിഞ്ഞദിവസം (28/07/2021)-ൽ ക്നാനായ കമ്മിറ്റി അംഗവും, കമ്മിറ്റിയുടെ ഫാർമസി കോളേജിന്റെ നോമിനിയുമായ ശ്രീ. എബ്രഹാം പുന്നൂസ് ചേന്തിയിൽ വാദിയായി തിരുവല്ല മുൻസിഫ് കോടതിയിൽ സമുദായ മെത്രാപ്പൊലീത്ത ഒന്നാംപ്രതിയും സമുദായ സെക്രട്ടറി, ട്രസ്റ്റി, വൈദിക ട്രസ്റ്റി തുടങ്ങി ഫാർമസി കോളേജ് ഗവേണിംഗ് ബോർഡ് മുഴുവൻ അംഗങ്ങളെയും പ്രതിചേർത്തു 13 പേരുടെ പേരിൽ OSNo.216/2021 ആയി ഒരു കേസ് ഫയൽ ചെയ്യുകയും ടി കേസിൽ ഒരു താൽക്കാലിക ഉത്തരവ് വാങ്ങുകയും ചെയ്തിട്ടുണ്ട് കേസ് വാദത്തിന് വേണ്ടി 12/08/2021 ലേക്ക് പോസ്റ്റ് ചെയ്തിരിക്കുകയാണ്.

ക്നാനായ കമ്മിറ്റിയ്ക്ക് ഒരു ദുരുദ്ദേശവും ഇല്ല. ഇവിടെ ഒരു ദുരൂഹതയും ഇല്ല, കാര്യങ്ങൾ മുറപോലെ നടക്കും. ഇതേക്കുറിച്ച് ഇത്രയുമാണ് ക്നാനായ കമ്മിറ്റിക്ക് പറയുവാനുള്ളത്. ഫെയ്ക്ക് ഐഡി യിൽ കൂടി സമുദായ മെത്രാപ്പോലിത്തായേയും സെക്രട്ടറിയേയും, കമ്മിറ്റിയേയും വ്യക്തിപരമായി അപകീർത്തിപ്പെടുത്തുന്നവരുടെ ഉദ്ദേശം എന്താണെന്നുള്ളത് ജനങ്ങൾ വിലയിരുത്തിക്കൊള്ളും. അവരുടെ നിലവാരത്തകർച്ചയിൽ ലജ്ജിക്കുന്നു.

സമുദായത്തിലെ അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞു തീർത്ത് ഒരുമയോടെ മുന്നോട്ടു പോകുവാൻ ക്നാനായ കമ്മിറ്റി എന്നും ശ്രമിച്ചുകൊണ്ടിരിക്കും, ബന്ധപ്പെട്ടവർ ആയതിന് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. അതിനുള്ള മനസ്സ് എല്ലാവർക്കും കൊടുക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു. ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

ക്നാനായ കമ്മിറ്റിക്കുവേണ്ടി,
**റ്റി. ഒ. എബ്രഹാം തോട്ടത്തിൽ**
സമുദായ സെക്രട്ടറി

# ഭാഗ്യവതിയായ പരിശുദ്ധ അമ്മ

ഫാ. സിജിൽ ജോസ് വിലങ്ങൻപാറ

മ്ശിഹായുടെ വരവ് പ്രതീക്ഷിച്ച് കാലങ്ങളായി യഹൂദജനം ആകാംക്ഷാഭരിതമായ കാത്തിരിപ്പിൽ ആയിരുന്നു. നാല്ക്കവലകളിലും, ഭവനങ്ങളിലും യഹൂദർ ഒത്തൊരുമിച്ചു കൂടുന്ന സ്ഥലങ്ങളിലും എല്ലാം മ്ശിഹായുടെ വരവ് ഒരു ചർച്ചാ വിഷയം തന്നെയായിരുന്നു. യഹൂദമത പുരോഹിതർ പ്രവാചകന്മാരുടെ പ്രവചനങ്ങൾ കീറിമുറിച്ച് പരിശോധിച്ചും ചരിത്രാന്വേഷണം നടത്തിയും, മ്ശിഹായുടെ വരവ് സംബന്ധിച്ച് നിരന്തരമായ പഠനങ്ങളിൽ ഏർപ്പെട്ടിരുന്നു. മതപണ്ഡിതനും വിജ്ഞാനിയുമായിരുന്ന ഗമാലിയേലും സംഘവും മ്ശിഹായുടെ വരവ് സംബന്ധിച്ചുള്ള പഠനങ്ങളിൽ വ്യാപൃതരായിരുന്നു.

ആ കാലഘട്ടങ്ങളിൽ യഹൂദ പ്രഭു- വനിതകൾ ഒത്തൊരുമിച്ചു കൂടുന്ന വേദികളിൽ വലിയ തർക്കവിഷയങ്ങളായിരുന്നു മ്ശിഹാ ആരുടെ ഉദരത്തിൽ ജനിക്കുമെന്നുള്ളത്. പലരും അവകാശവാദം ഉന്നയിച്ചു. ഒരുവൾ പറയും മ്ശിഹാ എന്റെ ഉദരത്തിൽ ജനിക്കും ഞാനാണ് യഥാർത്ഥ ദാവീദ് വംശജ. അതു കേൾക്കുന്ന മറ്റുള്ളവർ അതിനെ എതിർക്കും, ഓരോ പ്രഭു സ്ത്രീയും വിശ്വസിച്ചിരുന്നു, പ്രതീക്ഷിച്ചിരുന്നു. മ്ശിഹാ തന്റെ മകനായി ജനിക്കുമെന്ന്. ഇങ്ങനെ പ്രഭു വനിതകൾക്കിടയിൽ തന്നെ മ്ശിഹാ ഒരു തർക്കവിഷയമായിരുന്നു 'വിവാദവിഷയമായ അടയാളം' എന്നു തന്നെയാണല്ലോ തിരുലിഖിതത്തിൽ മ്ശിഹായെക്കുറിച്ചുള്ള പ്രവചനം.

മ്ശിഹാ ഉറപ്പായും വരുമെന്നും അവൻ റോമ നുകത്തിൽ നിന്നും തങ്ങളെ മോചിപ്പിക്കും എന്ന് യഹൂദജനം ഉറച്ചു വിശ്വസിച്ചു, അവർ തികഞ്ഞ ആകാംക്ഷയിൽ ആയിരുന്നു. മ്ശിഹാ രാജാവാണ്, അതുകൊണ്ടുതന്നെ അവൻ രാജകൊട്ടാരത്തിലോ, പ്രഭു കുടുബത്തിലോ ജനിക്കും. ഇസ്രായേലിലെ വലിയ നഗരങ്ങളിൽ ആയിരിക്കും അവന്റെ ജനനം, വലിയ സമ്പന്നതയുടെ നടുവിൽ നിന്ന് അവൻ കടന്നുവരും, അവൻ ഇസ്രായേലിന്റെ രാജാവ് ആകും. തികച്ചും ലൗകിക രാജാവായി ഇസ്രായേലിന്റെ മാത്രം മോചകനായി അഖിലാണ്ഡത്തെ സൃഷ്ടിച്ച അത്യുന്നത ദൈവത്തിന്റെ പുത്രനായ മ്ശിഹായെ അവർ തരം താഴ്ത്തി അവതരിപ്പിച്ചു. അവരുടെ പ്രതീക്ഷകളെ എല്ലാം തകിടം മറിക്കുന്നതായിരുന്നു രാജാധിരാജനായ മ്ശിഹായുടെ ജനനവും അവന്റെ പ്രവർത്തനങ്ങളും. പാവപ്പെട്ട സാധുപെൺകുട്ടിയും അനാഥയുമായിരുന്ന പുരോഹിതരാൽ ദൈവാലയത്തിൽ വളർത്തപ്പെട്ട ബാലികയെ അവൻ തന്റെ അമ്മയായി തെരഞ്ഞെടുത്തു.

സ്വർഗ്ഗത്തെപ്പോലും വിസ്മയിപ്പിക്കുന്ന മാലാഖമാർക്കുപോലും അസൂയ തോന്നുന്ന താഴ്മയുടെ ഉദാത്ത മാതൃകയായ സാധു കന്യകയെ അത്യുന്നതൻ തെരഞ്ഞെടുത്തു. ദൈവത്തിന്റെ അമ്മയാകുവാൻ, അത്യുന്നതന്റെ മാലാഖമാരിൽ പ്രമുഖനായ ഗബ്രിയേൽ അയക്കപ്പെട്ടു ഗലീലിയായിലെ നസ്രേത്തിലേക്ക്, ആ സാധുബാലികയുടെ അരികിലേക്ക്. സഭാപിതാക്കന്മാരുടെ രചനകളിൽ അവർ ഇപ്രകാരം മനോഹര വാക്കുകളിൽ രേഖപ്പെടുത്തി: ഗബ്രിയേൽ ദൂതൻ പ.കന്യക മറിയാമിന്റെ മുമ്പിൽ കരങ്ങൾ കൂപ്പി മുട്ടിന്മേൽ നിന്നും സ്വർഗ്ഗത്തിന്റെ പ്രഭ മുഴുവൻ വിളങ്ങി നിൽക്കുന്ന മറിയത്തോടു ചോദിച്ചു “അല്ലയോ ദൈവത്തിന്റെ മാടപ്രാവേ, കൃപനിറഞ്ഞവളേ സമാധാനം, നിനക്ക് രാജകുമാരന്റെ അമ്മയാകുവാൻ സമ്മതമാണോ. അല്പം ശങ്കയോടെ എന്നാൽ അതിലേറെ ദൈവവിശ്വാസത്തോടെ മറിയം പ്രതിവചിച്ചു “ഇതാ ഞാൻ കർത്താവിന്റ ദാസി നിന്റെ വാക്കുപോലെ എനിക്കു സംഭവിക്കട്ടെ” (ലൂക്കോ.1:38). എന്തുകൊണ്ടാണ് സ്വർഗ്ഗം മറിയാമിലേക്ക് ആകർഷിക്കപ്പെട്ടത്? സ്വർഗ്ഗത്തിനാവശ്യം ലോകം കല്പിച്ചു നൽകുന്ന യോഗ്യതകൾ ഒന്നുമല്ലായിരുന്നു, സ്വർഗ്ഗത്തിനാവശ്യമായതു പ. കന്യകയിൽ കണ്ടെത്തി. 'താഴ്മ എന്ന മഹാപുണ്യംകൊണ്ട് നിറഞ്ഞവളായിരുന്നു കന്യകമറിയം. ദൈവത്തിന്റെ അമ്മയാകുവാൻ താൻ തെരഞ്ഞെടുക്കപ്പെട്ടത് താഴ്മ എന്ന ദൈവകൃപ തന്നിലുണ്ടായിരുന്നതിനാലാണെന്ന് പ.അമ്മ തന്നെ വെളിപ്പെടുത്തി. തിരുവചനത്തിൽ നമ്മൾ ഇങ്ങനെ വായിക്കുന്നു. “അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും” (ലൂക്കോ.1:48).

അഹങ്കാരികളെ ലജ്ജിപ്പിച്ചും നിർമ്മലയായ പ. കന്യകയെ തെരഞ്ഞെടുത്തതിലൂടെ സ്വർഗ്ഗം ശക്തമായ സന്ദേശമാണ് യഹൂദർക്കും ലോകത്തിനും നൽകിയത് 'താഴ്മ' യാണ് സ്വർഗ്ഗം മനുഷ്യവംശത്തിൽ നിന്നും ആവശ്യപ്പെടുന്നത് എന്ന്.

യഹൂദർ നിന്ദാമൃഗമായിക്കണ്ട കഴുതയെ തന്റെ വാഹനമാക്കിയതിലൂടെ, ലോകപ്രകാരം അജ്ഞാനികളായിരുന്ന മുക്കുവരെ തന്റെ ശിഷ്യന്മാർ ആക്കിയതിലൂടെ മനുഷ്യാവതാരം സ്വീകരിച്ചു മാനവരൊപ്പം അത്യുന്നതൻ പാർത്തതിലൂടെ, ഒരു പാവപ്പെട്ട പെൺകുട്ടിയെ തന്റെ അമ്മയായി തെരഞ്ഞെടുത്തതിലൂടെ എല്ലാം സ്വർഗ്ഗം മനുഷ്യരിൽനിന്നും ആഗ്രഹിക്കുന്നത് ഏറേ എളിമയുള്ളവരാകുവാനാണ്. ഒരിക്കൽ എബ്രഹാംലിങ്കൺ അമേരിക്കൻ പ്രസിഡന്റ് ആയിരുന്ന സമയം കാറിൽ യാത്ര ചെയ്യുമ്പോൾ ഒരു കറുത്ത വർഗ്ഗക്കാരനെ വഴിയരികിൽ കണ്ട് തൊപ്പിയൂരി അഭിവാദ്യം ചെയ്തു. തന്റെ കൂടെ യാത്ര ചെയ്തത് തന്റെ മന്ത്രിസഭയിൽ തന്നെ അംഗമായ വ്യക്തിക്ക് അത് ഇഷ്ടപ്പെട്ടില്ല. അദ്ദേഹം ലിങ്കനോട് ചോദിച്ചു താങ്കൾ എന്തിനാണ് ആ കറുത്തവർഗ്ഗക്കാരനെ കണ്ടപ്പോൾ തൊപ്പിയൂരി അഭിവാദ്യം ചെയ്തത്? ലിങ്കൺ മറുപടി പറഞ്ഞു “എന്നെക്കാൾ എളിമയുള്ളവർ അമേരിക്കയിൽ ഉണ്ടായിരിക്കരുത് എന്ന് എനിക്ക് നിർബന്ധമുണ്ട്”. യഥാർത്ഥ എളിമയുള്ളവർക്ക് മാത്രമേ ഇത്തരം പ്രവർത്തി ചെയ്യാൻ സാധിക്കു.

താഴ്മ നിറഞ്ഞവളായതുകൊണ്ടാണ് കാനാവിലെ വിരുന്നുഭവനക്കാരുടെ വേദനയിൽ പ.അമ്മയും പങ്കുപറ്റി അവരെ സഹായിക്കാൻ തുനിഞ്ഞിറങ്ങിയത്. മലനാടുകൾ താണ്ടി വൃദ്ധമാതാവായ എലിസബേത്തിനെ ശുശ്രൂഷിക്കാൻ പോയത്, എല്ലാ അപമാനങ്ങളും പീഡകളും സഹിച്ചത്. താഴ്മയുള്ളവർക്കാണ് പ. അമ്മയെപ്പോലെ ദൈവത്തെ വേഗം സ്വന്തമാക്കുവാൻ സാധിക്കുക. അഹന്ത സ്വർഗ്ഗത്തിന് വെറുപ്പുളവാക്കുന്നു. എന്നാൽ താഴ്മയെ സ്വർഗ്ഗം മുദ്രമോതിരംപോലെ വിലമതിക്കുന്നു. പ.അമ്മയെപ്പോലെ നമുക്ക് എളിമയുള്ളവരാകാം. ●




# ലഹരി വസ്തുക്കൾ ഉപയോഗിക്കാമോ?

കാനാവിലെ വിവാഹ വിരുന്നിൽ യേശു ക്രിസ്തു പച്ച വെള്ളത്തെ മേൽത്തരം വീഞ്ഞാക്കി മാറ്റിയതിനാലും (യോഹ.2:1-11). 'മേലിൽ വെള്ളം മാത്രം കുടിക്കാതെ നിന്റെ അജീർണ്ണതയും കൂടെക്കൂടെയുള്ള ക്ഷീണതയും നിമിത്തം അല്പം വീഞ്ഞു സേവിച്ചുകൊള്ളുക" (1.തീമോ.5:23) എന്ന് വി. പൗലോസ് തീമോത്തിയോസിനോട് പറഞ്ഞിട്ടുള്ളതിനാലും, പഴയ നിയമത്തിൽ പല സ്ഥലങ്ങളിലും വീഞ്ഞിന്റെ ശ്രേഷ്ഠതയെപ്പറ്റി പരാമർശം ഉള്ളതിനാലും (സുഭാ.3:6:7, പ്രഭാ.31:27-28, സങ്കീ.23:5) മദ്യം നിർമ്മിക്കുന്നതും വിൽക്കുന്നതും ഉപയോഗിക്കുന്നതും തെറ്റല്ല എന്ന് അഭിപ്രായമുള്ളവരുണ്ട്.

യേശു കാനാവിൽ ചെയ്തത് തന്റെ അടയാളങ്ങളുടെ ആരംഭം ആണ്. താൻ അപ്പത്തെ ശരീരവും വീഞ്ഞിനെ തന്റെ രക്തവും ആക്കി മാറ്റി. അതായത് കാനാവിൽ താൻ ചെയ്ത അത്ഭുതത്തിന്റെ പൂർണ്ണതയാണ് താൻ അവസാനമായി സെഹിയോൻ മാളികയിൽ ചെയ്തത്. ക്രിസ്തുവിന്റെ സാമീപ്യവും തന്റെ വചനങ്ങളും കുറവുകളെ നിറവുകളാക്കി മാറ്റും എന്ന് കാനാവിലെ അത്ഭുതത്തിലൂടെ താൻ തെളിയിച്ചു. അതായത് നിറമോ, മണമോ, രുചിയോ ഇല്ലാത്ത പച്ചവെള്ളം ആദാമ്യപാപം നിമിത്തം ദൈവിക ചൈതന്യം നഷ്ടപ്പെട്ട മനുഷ്യനെയാണ് സൂചിപ്പിക്കുന്നത്. ആ കുറവുള്ള മനുഷ്യനെ നിറവും, മണവും, ഗുണവും, രുചിയും ഉള്ളതാക്കി തീർക്കുന്നത് കാൽവറിയിൽ താൻ ഒഴുക്കാൻ പോകുന്ന തന്റെ രക്തമാകുന്ന വീഞ്ഞു മുഖാന്തിരമാണ് എന്ന വലിയ സത്യമാണ് യേശു കാനാവിൽ കാണിച്ചത്. എന്നാൽ ഒരു വിശ്വാസി മദ്യപിക്കുമ്പോൾ നിറവുള്ളവൻ കുറവുള്ളവനായി മാറുന്നു.

വി. കുർബ്ബാനയിൽ തൂയോബോ ശുശ്രൂഷയിൽ വീഞ്ഞിൽ വെള്ളം ചേർത്തുകൊണ്ട് പുരോഹിതൻ നടത്തുന്ന പ്രാർത്ഥന "കർത്താവേ നിന്റെ ദൈവത്വം ഞങ്ങളുടെ മനുഷ്യത്വവുമായി സംയോജിച്ചതുപോലെ ഈ വെള്ളത്തെ വീഞ്ഞുമായി സംയോജിപ്പിക്കണമേ" എന്നാണ്. ഇവിടെ വീഞ്ഞ് ദൈവത്വത്തെയും വെള്ളം മനുഷ്യത്വത്തെയും സൂചിപ്പിക്കുന്നു. വെള്ളം വീഞ്ഞുമായി സംയോജിച്ചാൽ പിന്നീട് വെള്ളത്തിന്റെ നിറമോ, മണമോ ഗുണമോ അല്ല പ്രത്യുത വീഞ്ഞിന്റെ ഗുണങ്ങളായി മാറുന്നതുപോലെ ഒരു വിശ്വാസി ക്രിസ്തുവിനോടു സംയോജിക്കുമ്പോൾ അവനിൽ ദൈവത്വത്തിലെ ഗുണങ്ങൾ ഉണ്ടാകുന്നു എന്ന് സൂചന.

വി. പൗലോസ് തീമോത്തിയോസിനോട് അല്പം വീഞ്ഞു സേവിച്ചു കൊള്ളുക എന്നു പറഞ്ഞ സാഹചര്യം മനസ്സിലാക്കണം. അക്കാലങ്ങളിൽ വീഞ്ഞ് ഒരു ഔഷധമായി ഉപയോഗിച്ചിരുന്നു. നല്ല ശമര്യാക്കാരൻ മരണാസന്നനായി കിടന്നപ്പോൾ മനുഷ്യന്റെ ശരീരത്തിലെ മുറിവുകളിൽ വീഞ്ഞും എണ്ണയും ചേർത്തുകെട്ടി (ലൂക്ക്. 10:34). ഉദരരോഗത്തിനും ദഹനക്കുറവിനും വീഞ്ഞ് മരുന്നായി ഒരു കാലത്ത് ഉപയോഗിച്ചിരുന്നു. ഇന്ന് അലോപ്പതി, ഹോമിയോപ്പതി, ആയുർവ്വേദം എന്നിങ്ങനെ വിവിധ രീതിയിലുള്ള ചികിത്സാരീതി നിലവിലുണ്ട്. ആൽക്കഹോളിന്റെ അംശം ചികിത്സയ്ക്ക് ആവശ്യമെങ്കിൽ അവ ചേർന്ന മരുന്നുകൾ ഡോക്ടേഴ്സും നൽകുന്നുണ്ട്. അത് വചനത്തെ ദുർവ്യാഖ്യാനം ചെയ്ത് മദ്യപിക്കാനുള്ള അവസരമായി ഉപയോഗിക്കരുത്. ജീവിതം മനുഷ്യോചിതമായ അനുഗ്രഹം ആക്കുന്നതിന് സുബോധാവസ്ഥയുണ്ടായിരിക്കണം.. അല്ലാതെ അത് മയക്കത്തിലും, അബോധാവസ്ഥയിലും നശിപ്പിക്കുവാനുള്ളതല്ല. കുടുംബജീവിതവും സമൂഹജീവിതവും അനുഗ്രഹവും ആസ്വാദ്യവുമാകുന്നത് സുബോധത്തോടെ നാം ജീവിക്കുമ്പോഴാണ്.

ലഹരി വസ്തുക്കൾ ക്ഷീണം അകറ്റും എന്നത് തെറ്റിദ്ധാരണയാണ്. അത് ഉപയോഗിക്കുമ്പോൾ കുറച്ചു സമയത്തേയ്ക്ക് ക്ഷീണം മാറി എന്നു തോന്നുമെങ്കിലും പിന്നീട് കൂടുതൽ ക്ഷീണം ഉണ്ടാവുകയും രോഗങ്ങളെ ക്ഷണിച്ചു വരുത്തുകയും ചെയ്യാം. മദ്യത്തിൽ വൈറ്റമിനോ കലോറിയോ ഇല്ല. പണനഷ്ടം, മാന നഷ്ടം, ആരോഗ്യ നഷ്ടം, ജീവഹാനി എന്നിവയാണ് അതിന്റെ പരിണിതഫലം. ക്ഷീണം മാറാനാഗ്രഹിക്കുന്നവർ പോഷകാഹാരം കഴിക്കുകയും വിശ്രമിക്കുകയും പ്രാർത്ഥിക്കുകയുമാണ് ചെയ്യേണ്ടത്. ലഹരി വസ്തുക്കളുടെ ഉപയോഗം സ്വയം നശിക്കുന്നതോടൊപ്പം കുടുംബത്തേയും നശിപ്പിക്കും.

"നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ. ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും. ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ, നിങ്ങളും അങ്ങനെ തന്നെ" (1.കൊരി. 3:16). നമ്മുടെ ശരീരം ദൈവം വസിക്കുന്ന മന്ദിരമാകയാൽ അതിനെ വിശുദ്ധമായും ആരോഗ്യമായും കാത്തു സൂക്ഷിക്കണം. ശരീരത്തേയും ആത്മാവിനേയും നശിപ്പിക്കുന്ന ലഹരി വസ്തുക്കൾ ഉപയോഗിച്ച് ശരീരത്തെ നശിപ്പിക്കുന്നത് ആത്മഹത്യയാണ്. ശരീരത്തെ ഒരു നിമിഷം കൊണ്ട് കൊല്ലുന്നതു മാത്രമല്ല അല്പാല്പമായി കൊല്ലുന്നതും ആത്മഹത്യ തന്നെയാണ്.

വി. ബൈബിളിൽ ഉല്പത്തി മുതൽ വെളിപാടുവരെ ധാരാളം സ്ഥലങ്ങളിൽ ലഹരി വസ്തുക്കളുടെ ഉപയോഗത്തിന് എതിരായുള്ള സംഭവങ്ങളും വചനങ്ങളും ഉണ്ട്. (ഉല്പ.9:21-22, 31:36,ലേവ്യ 10:8-9, ആവർത്ത. 21:20-21, 32:33, ന്യായ.13:4,14, എസ്തേർ 3:15, സങ്കീ. 69:12, 107:27, സുഭാഷിതം 20:1, 21:17, 23:20, 21, 29, 30, 32,33, 34, 35,ഏശായ 5:11, ജെറ.35:6, ഹോസിയ 4:11, മത്തായി 29:48, ലൂക്ക് 1:15, 21:34, റോമ.14:21, 1 കോരി. 5:11, 6:10, ഗലാ. 5:19-21, എഫേ. 5:18, തീത്തോ. 2:3, വെളി.18:3).

ചുരുക്കത്തിൽ ലഹരി വസ്തുക്കൾ ദൈവത്തിൽ നിന്നും മനുഷ്യരിൽ നിന്നും നമ്മെ അകറ്റുന്നതും സ്വർഗ്ഗരാജ്യം നഷ്ടപ്പെടുത്തുന്നതുമാകയാൽ അതിന്റെ ഉപയോഗത്തിൽ നിന്നും ഒഴിഞ്ഞു നിൽക്കുന്നതാണ് അഭികാമ്യം. ●

# വിവാഹിതരായി



ഐത്തല സെന്റ് കുറിയാക്കോസ് ക്നാനായപള്ളി ഇടവകയിൽ കൊച്ചേത്ത് പുതുവേലിൽ സണ്ണി മാത്യുവിന്റെയും ഓമന സണ്ണി യുടെയും മകൻ **ജസ്റ്റിൻ കെ. സണ്ണിയും** ഓതറ സെന്റ് മേരീസ് ക്നാനായപള്ളി ഇടവകയിൽ ശ്രാമ്പിമലയിൽ സണ്ണി എസ്.ഐ. യുടെയും ജെയ്നമ്മ സണ്ണിയുടെയും മകൾ **ജിസ്സാ സണ്ണിയും** തമ്മിലുള്ള വിവാഹം 21-06-2021-ൽ റവ. ഫാ. കെ.ഓ. ജോസഫ് കുളത്രാമണ്ണിലിന്റെ കാർമികത്വത്തിൽ ഐത്തല സെന്റ് കുറിയാക്കോസ് ക്നാനായ പള്ളിയിൽ നടത്തപ്പെട്ടു.

Advt -O

# 40th WEDDING ANNIVERSARY (2ND August 2021)



## MARIAMMA PHILIP & PHILIP P.J. (JOY)

### PERINCHERIL HOUSE, KUTTOOR P.O THIRUVALLA

**We love you Papa & Mummy: Keith and Elma (Children)**
**We love you Papa & Mummy: Litty and Mohit (Daughter & Son In law)**
**We love you Appachan & Ammachi : Kevin, Mehraan, Maryam ( Grand Children)**

Advt - O



## വിവാഹിതരായി

കറ്റോട് സെന്റ് മേരീസ് ക്നാനായ
പള്ളി ഇടവകയിൽ
ഇരവെള്ളിപ്ര ചുങ്കത്തിൽ മലയിൽ
മാത്യു തോമസിന്റെയും
വത്സമ്മ തോമസിന്റെയും
മകൻ **റ്റിക്കു തോമസും**,
കല്ലിശ്ശേരി സെന്റ് മേരീസ് പള്ളി
ഇടവകയിൽ കുര്യയ്ക്കൽ
സന്തോഷ് ഏബ്രഹാമിന്റെയും
ജോളി സന്തോഷിന്റെയും
മകൾ **റിങ്കു സന്തോഷും**
തമ്മിലുള്ള വിവാഹം
2021 മെയ് 29 – ാം തിയതി
ദോഹാ സെന്റ്. പീറ്റേഴ്സ്
ക്നാനായ പള്ളിയിൽ വച്ചു
നടത്തപ്പെട്ടു .

Advt -O



# "Praise the Lord"

**Attained the age of 91 yrs (2/8/2021)**



# Kurian Joseph

(Ex. Airforce & Rtd ITI)

**Mangattu Cliff House, Kurichy, Kottayam**

Inserted by children, grand children
& great grand children

Advt -O

**വൈസ്മെൻ ഡിസ്ട്രിക്ട് ഗവർണർ**

# സ്മിജു ജേക്കബ് മറ്റക്കാട്ട്




Advt -0

വൈസ്മെൻ ഇന്റർനാഷണൽ, സെൻട്രൽ ട്രാവൻകൂർ റീജിയൻ, ഡിസ്ട്രിക്ട് 3 പത്തനംതിട്ടയുടെ ഡിസ്ട്രിക്ട് ഗവർണറായി Ym. സ്മിജു ജേക്കബ് മറ്റക്കാട്ട് ചുമതലയേറ്റു. കെ.സി.സി. പരിസ്ഥിതി കമ്മിറ്റി ചെയർമാനും, റാന്നി എം.എസ് ഹയർ സെക്കൻഡറി സ്കൂൾ പ്ലസ് ടു കെമിസ്ട്രി അദ്ധ്യാപകനുമാണ്. കെ.എസ്.എ., ക്നാനായ കോൺഗ്രസ് എന്നിവയുടെ മുൻ കേന്ദ്ര ജനറൽ സെക്രട്ടറിയും, സമുദായ മുൻ മാനേജിംഗ് കമ്മിറ്റി അംഗവും, റാന്നി ഐത്തല സെന്റ് കുര്യാക്കോസ് പള്ളി ഇടവകാംഗവുമാണ്.

ഭാര്യ– ജിയാ ജോസ്, മക്കൾ– ക്ലെമൻ എസ്. ജേക്കബ്, എലൻ സ്മിജു

# 45th WEDDING ANNIVERSARY
## 22-08-2021



# K.K. ABRAHAM & MARIAMMA ABRAHAM

**KALLELIL HOUSE, KATTODU**

Advt -0

| WITH LOTS OF LOVE & PRAYERS | AKKU ABRAHAM<br>SEEMA<br>EWAN, ERYN | KURIAKOS JOS<br>ANJU<br>NAITHO, MARIAM, YELDO, ELIAS |
|---|---|---|

## കേരള കൗൺസിൽ ഓഫ് ചർച്ചസ് പരിസ്ഥിതി കമ്മീഷൻ പ്രകൃതി സംരക്ഷണദിനാചരണം




കേരള കൗൺസിൽ ഓഫ് ചർച്ചസ് പരിസ്ഥിതി കമ്മീഷന്റെ പ്രകൃതി സംരക്ഷണ ദിനാചരണവും പരിസ്ഥിതി സെമിനാറും സമുദായ മെത്രാപ്പോലീത്താ അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്യുന്നു. ഫാ. ഷിബിൻ മണിമലേത്ത്, ആലിച്ചൻ ആറൊന്നിൽ, ദീപു ഫിലിപ്പ്, ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത്, സ്മിജു ജേക്കബ് മറ്റക്കാട്ട്, ടി. ഒ. ഏബ്രഹാം തോട്ടത്തിൽ, ഫാ. ജോസ് കരിക്കം, ഫാ. ജേക്കബ് കല്ലുകുളം, ജി. ബിജു, സജി താന്നിക്കൽ എന്നിവർ സമീപം.

**സമുദായ ആസ്ഥാനമായ മോർ അപ്രേം സെമിനാരിയിൽ കഴിഞ്ഞദിവസം പ്രവർത്തനമാരംഭിച്ച ക്നാനായ ലൈബ്രറി സമുദായ മെത്രാപ്പൊലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു.**





ക്നാനായ സമുദായത്തിന്റെ പുതിയതായി പ്രവർത്തനം ആരംഭിച്ച ലൈബ്രറിയിൽ സമുദായ മെത്രാപ്പോലീത്തായും ക്നാനായ മനേജിംഗ് കമ്മിറ്റി അംഗങ്ങളും




# സ്മാർട്ടായി വരുന്ന ദുരന്തങ്ങൾ



സുനിൽ ഡി. കുരുവിള

ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ പിന്നാമ്പുറത്തുകൂടി ഗെയിം– അഡിക്ഷനും, ചാറ്റും, ചതിയും, പണനഷ്ടവും, മാനസിക രോഗവും, ആത്മഹത്യയും ഒക്കെ നമ്മുടെ കുട്ടികളിൽ വരുമ്പോൾ ഉയർന്നും ഉണർന്നും നമ്മൾ ഒരു സമൂഹമെന്ന നിലയിൽ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഇത് നമ്മുടെ കുഞ്ഞുങ്ങളുടെയും യുവതയുടെയും വിഷയം.. അവർക്കു തെറ്റിപ്പോകാനും വീണുപോകാനും തോറ്റുപോകാനും കുറഞ്ഞുപോകാനും ഉള്ള വഴികൾ അനവധിയാണ്. നാശത്തിന്റെ ശക്തികൾ എല്ലാം വളരെ സംഘടിതരുമാണ്.

അവരെ ആരോഗ്യപരമായി നയിക്കാനുള്ള, വീണ്ടെടുക്കാനുള്ള പ്രവർത്തനം എത്ര സംഘടിതമാണ്? ശക്തമാണ്? ഫലപ്രദമാണ്? ചിന്തിക്കാം.

ഭയന്ന് കഴിയുന്ന മാതാപിതാക്കൾ..വഴി അറിയാതെ അദ്ധ്യാപകർ..

അർത്ഥശൂന്യവും കുട്ടികളിൽ യാതൊരു സ്വാധീനവും ചെലുത്താൻ കഴിയാത്തതുമായ പ്രവർത്തനങ്ങൾ....

ആഘോഷങ്ങൾ അല്ല, നല്ല ആലോചനകളും ആസൂത്രണങ്ങളും ആണ് അടിയന്തിരമായി ഉണ്ടാവേണ്ടത്.

കഴിഞ്ഞ ദിവസം മാധ്യമ പ്രവർത്തകനായ അനിൽ മുഹമ്മദിന്റെ ഒരു വീഡിയോ കണ്ടു, അതിൽ പറയുന്നു, "ഗേമിൽ വീഴുന്ന ആൺകുട്ടികളും, ചാറ്റിൽ വീഴുന്ന പെൺകുട്ടികളും". "ഓൺ ലൈൻ വിദ്യാഭ്യാസം ഗുണമോ അതിലേറെ ദോഷമോ?"

ശരിയാണ് കോവിഡിന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ ക്ലാസുകൾ അല്ലാതെ വിദ്യാഭ്യാസത്തിനു വേറെ വഴിയില്ല. ഈ അവസ്ഥയൊക്കെ എന്ന് പൂർണ്ണമായും മാറുമെന്നും ആർക്കും ഒരു എത്തും പിടിയുമില്ല. അതുകൊണ്ടു നമ്മുടെ മുൻപിലുള്ള പോംവഴി ഈ സാഹചര്യത്തോടൊപ്പം ഫലപ്രദമായി ജീവിക്കാൻ പഠിക്കുക എന്നത് മാത്രമാണ്.

ഒരു കുട്ടിയുടെ ജനിതക - പാരമ്പര്യ, parenting, സാമൂഹിക, വിദ്യാഭ്യാസ ചുറ്റുപാടൊക്കെയാണ് ഒരു കുട്ടിയുടെ ശീലങ്ങളെ സ്വാധീനിക്കുന്നത്.

സമയത്തുള്ള ഇടപെടൽ വലിയ ഗുണം ചെയ്യും. പല വിഷയങ്ങളുടെയും സൂചനകൾ ശൈശവത്തിൽ തന്നെ തിരിച്ചറിയാൻ കഴിയും. ആ സമയത്തു തന്നെ പരിഹാരം കണ്ടാൽ ഏറ്റവും നന്ന്. കൗമാരം 'correction' നു ഏറ്റവും അഭികാമ്യമായ സമയമല്ല. ഓർക്കാം!

എല്ലാ കാര്യങ്ങളും എല്ലായിപ്പോഴും പരിഹരിക്കണം എന്ന് വാശിപിടിക്കരുത്. ചിലതൊക്കെ പരിഹരിക്കാൻ പറ്റും. ചിലതൊക്കെ manage ചെയ്യാം; അല്ലെങ്കിൽ കൂടുതൽ വഷളാക്കാതിരിക്കാം അത്രതന്നെ.

കുട്ടികളെ respect ചെയ്യാനും അവരുടെ personality യെ അംഗീകരിക്കാനും പഠിക്കണം.

'No' പറയേണ്ടിടത്തു നോ പറയണം. ശകാരിക്കേണ്ടിടത്തു ശകാരിക്കണം. ഒരു അടി വളരെ ആവശ്യമായി തോന്നിയാൽ അതും വേണ്ടിവരും. എല്ലാം അതിന്റെ ഗുണപരമായ ഫലപ്രാപ്തിക്കുവേണ്ടി ആണെങ്കിൽ ഒരു തെറ്റുമില്ല.

സർവ്വ സ്വാതന്ത്ര്യം ആരെയും എവിടെയും മികവുള്ളവരാക്കിയിട്ടില്ല. അച്ചടക്കവും ഉത്തരവാദിത്വവും സ്വാതന്ത്ര്യത്തോടൊപ്പം ചേർന്ന് നിൽക്കണം.

കുടുംബാംഗങ്ങൾ തമ്മിൽ ബന്ധങ്ങൾ കൂടുതൽ അടുക്കട്ടെ. കുട്ടികളെ 'സാമൂഹികവും' സാംസ്കാരികവും' കായികവുമായും ഒക്കെ inspire ചെയ്യാം. Hobbies, talent ഒക്കെ വളർത്താൻ കൂടുതൽ സഹായിക്കാം. അവരുടെ മനോവ്യാപാരങ്ങളെ ശ്രദ്ധിക്കാം.

അവരുമായി കൂടുതൽ ആശയവിനിമയത്തിന് വഴിയും ഇടവും 'അറിഞ്ഞുകൊണ്ട്' സൃഷ്ടിക്കാം. അവരെ കൂടുതൽ മനസ്സിലാക്കാം.

കുട്ടിക്കാലത്തു തന്നെ നല്ല വ്യക്തിത്വവികസനവും ലക്ഷ്യബോധവും മൂല്യങ്ങളും ബന്ധങ്ങളും ഒക്കെ കുട്ടികളിൽ പരിപോഷിപ്പിക്കുന്നത് ഇത്തരം ചതിക്കുഴികൾക്കെതിരെ വലിയ പ്രതിരോധം സൃഷ്ടിക്കും.

നല്ല സുഹൃത്ബന്ധങ്ങളെ പ്രോത്സാഹിപ്പിയ്ക്കാം. നല്ല കൂട്ടുകെട്ടുകൾ പ്രോത്സാഹിപ്പിക്കാത്ത ഇടങ്ങളിലാണ് അവർ മോശം കൂട്ടുകെട്ടിൽ വീണുപോകുന്നത്. കുട്ടികൾക്ക് നല്ല കൂട്ടുകെട്ടുകൾ ഉണ്ടാകണമെങ്കിൽ അവരിൽ ആത്മവിശ്വാസവും ആശയവിനിമയ ശേഷിയും ആത്മാഭിമാനവും ഒക്കെ കുട്ടിക്കാലത്തുതന്നെ വളർത്തേണ്ടതുണ്ട്.

ധാരാളം യാത്ര ചെയ്യാം. കാഴ്ചപ്പാടും ലക്ഷ്യബോധവും വളർത്താം.

കുട്ടികളെ positive ആയി engage ചെയ്യണം. അവർക്കു responsibility യും targets ഉം ഒക്കെ കൊടുക്കണം. അവർക്കു ഒന്നും ചെയ്യാനില്ലാതെ വരുമ്പോൾ ഫോണിൽ കുരുങ്ങി പോകുന്നത് സ്വാഭാവികമല്ലേ? ഫോൺ ഉപയോഗത്തിന് ചില limits ഉം ഏർപ്പെടുത്താം. വീട്ടിൽ ചില discipline ഉം ചിട്ടയും ക്രമവും ഒക്കെ ഉള്ളതും; ഒന്നിച്ചുള്ള പ്രാർത്ഥന, ഭക്ഷണം, സംസാരം ഒക്കെ ഉള്ളതും വലിയ ഗുണം ചെയ്യും.

മാതാപിതാക്കളുടെ ഉപദേശത്തേക്കാൾ അവരുടെ മാതൃകകൾ പ്രധാനം!

കുട്ടികളോടൊത്തു quality time ചിലവഴിക്കാം. സമയമാണ് അവർക്കു നൽകാവുന്ന ഏറ്റവും വലിയ gift.

അവരെ പ്രകൃതിയുമായും ചുറ്റുപാടുമായും അയൽപക്കവുമായും ഒക്കെ ഇണക്കാം. അവരെക്കുറിച്ചുള്ള positive കാര്യങ്ങൾ പറയാം. അംഗീകരിക്കാം!

നല്ല കാര്യങ്ങളെയും പ്രവർത്തനങ്ങളെയും ശീലങ്ങളെയും ഒക്കെ reward ചെയ്യാം. എപ്പോഴും criticism വേണ്ട.

സ്വഭാവ, വൈകാരിക, മാനസിക ആരോഗ്യവും വളർത്തണം!

കുട്ടികളിൽ എന്തെങ്കിലും സ്വഭാവ, വൈകാരിക, മാന

സിക പ്രയാസം കൂടുതലായി കണ്ടാൽ രക്ഷിതാക്കൾ ഒരു വിദഗ്ദ്ധന്റെ സഹായം തേടാം. ഈ രംഗത്ത് വൈദഗ്ധ്യമുള്ളവർ: ഉയർന്ന അദ്ധ്യാപകർ, counselling experts, psychologist, psychiatrist എന്നീ തലത്തിൽ ഉള്ളവരാണ്. താൽക്കാലിക 'ആശ്വാസത്തിന്' ശ്രമിക്കാതെ കുട്ടികളുടെ സ്ഥായിയായ ഉന്നമനത്തിനു വേണ്ടി പരിശ്രമിക്കാം.

കുട്ടിക്കാലത്തെ നല്ല വ്യക്തിത്വ വികസനവും ലക്ഷ്യബോധവും മൂല്യങ്ങളും ബന്ധങ്ങളും ഒക്കെ കുട്ടികളിൽ പരിപോഷിപ്പിക്കുന്നത് വലിയ പ്രതിരോധം സൃഷ്ടിക്കും.

നല്ല counselling & guidance ക്ലാസുകൾ കുട്ടികൾക്കും മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും അനിവാര്യമാണ്. കുട്ടികളുടെ ആരോഗ്യപരമായ വളർച്ചക്കും വിദ്യാഭ്യാസത്തിന്റെ ഗുണപരമായ നിലനിൽപ്പിനും ഇത് ഒഴിച്ചു കൂടാനാവാത്ത ഘടകമാണ് എന്നറിയുക.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാത്രമല്ല, മത, സാമൂഹിക, സാംസ്കാരിക, തൊഴിൽ സ്ഥാപനങ്ങളിൽ ഒക്കെ വ്യക്തിത്വ വികസനം, കുടുംബ ശക്തീകരണം എന്നിവ ലക്ഷ്യം വച്ച് കൗൺസിലിംഗ് പ്രോഗ്രാമുകളും മറ്റും ധാരാളമായി പ്രോത്സാഹിപ്പിക്കണം. Technology നല്ലതാണ്. എന്നാൽ അത് മനുഷ്യനെ ഒരു 'സ്ക്രീനിലേക്ക്' തളച്ചിട്ടാൽ അതിന്റെ സാമൂഹിക തകർച്ച വളരെ വലുതായിരിക്കും. നല്ല വ്യക്തികളും കുടുംബങ്ങളും സമൂഹത്തിൽ കുറയുമ്പോൾ നമ്മുടെ ഭാവിയും ചുരുങ്ങുകയാണ് എന്ന് തിരിച്ചറിയാം. മാനവശേഷിയുടെ ആരോഗ്യപരമായ പുരോഗതി മാത്രമാണ് ഒരു നാടിന്റെ രാജ്യത്തിന്റെ നിലനിൽപ്പ്, പ്രത്യേകിച്ച് മാനവ വിഭവശേഷി കൂടുതലുള്ള നമ്മുടെ സമൂഹത്തിൽ.

വിദ്യാഭ്യാസവും, സാമൂഹിക സുരക്ഷ - കുടുംബക്ഷേമം, സ്ത്രീ - യുവജന ക്ഷേമം, ഒക്കെ ആസൂത്രണം ചെയ്യുമ്പോൾ ഈ രംഗത്തൊക്കെ പ്രവർത്തന പരിചയമുള്ളവരെ കൂടി ഉൾപ്പെടുത്തി ആസൂത്രണങ്ങൾ നിർവഹിക്കാം.

'ക്വിക്ക്-ഫിക്സ്' പരിപാടികൾ അല്ല അർത്ഥവത്തായ രൂപാന്തരം തന്നെയാണ് നാടിന് ഇന്ന് വേണ്ടത്. കുറച്ചു computer ഉം ഫോണും വാങ്ങികൊടുത്താൽ മാത്രം online വിദ്യാഭ്യാസം വളരില്ല. അതിനു നല്ല അച്ചടക്കവും ചിട്ടയും കാഴ്ചപ്പാടും ഉള്ള ഒരു സാമൂഹിക സൃഷ്ടികൂടി അനിവാര്യമാണ്. അത് കടയിൽ വാങ്ങാൻ കിട്ടില്ല. നാളിതുവരെയായി ഓൺലൈൻ വിദ്യാഭ്യാസത്തെ മെച്ചപ്പെടുത്തുന്നതിന് എന്ത് പരിശീലനമാണ് അദ്ധ്യാപകർക്ക് കൊടുത്തിട്ടുള്ളത്? ഓരോ മേഖലയ്ക്കും സ്ഥാപനങ്ങൾക്കും ചിന്തിക്കാം.

നെറ്റ് കണക്ട് ആയാൽ മാത്രം പോരാ കുട്ടികൂടി കണക്ട് ആകണം എങ്കിലേ ഓൺലൈൻ വിദ്യാഭ്യാസം മെച്ചപ്പെടൂ. വിദ്യാലയം വീട്ടിൽ ആയതുകൊണ്ട് രക്ഷിതാക്കളുടെ പങ്കാളിത്തവും ഏറ്റവും അത്യാവശ്യമാണ്... അവരെയും അതിനായി ഏറ്റവും നന്നായി ഒരുക്കേണ്ടതുണ്ട്.

Technology ഒരു നല്ല സഹായി ആണ്. അത് നമ്മുടെ യജമാനൻ ആകാൻ, നമ്മളെ കീഴ്പ്പെടുവാൻ അനുവദിച്ചു കൂടാ.

എല്ലാവർക്കും നന്മയും ആശംസകളും നേരുന്നു.

*(സുനിൽ ഡി. കുരുവിള, പ്രമുഖ മാനവശേഷി വികസന പരിശീലകനും കരിയർ കൗൺസിലറും, ഇൻസൈറ്റ് മിഷന്റെ സ്ഥാപകനുമാണ്. +91 9656144712).*

## കെ. സി. സി. പരിസ്ഥിതി സംരക്ഷണ ദിനാചരണം

ചിങ്ങവനം: പ്രകൃതിയുമായി ഐക്യപ്പെട്ടുള്ള നവജീവിത ശൈലി മനുഷ്യൻ രൂപപ്പെടുത്തിയെടുക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് കേരളാ കൗൺസിൽ ഓഫ് ചർച്ചസ് (കെ.സി.സി.) പരിസ്ഥിതി കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ ലോകപരിസ്ഥിതി സംരക്ഷണ ദിനാചരണം ഉദ്ഘാടനം ചെയ്തു കൊണ്ട് അഭി. ക്നാനായ സമുദായ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്താ അഭിപ്രായപ്പെട്ടു. മനുഷ്യനും കുഞ്ഞും തമ്മിലുള്ള ബന്ധം ആയിരിക്കണം മനുഷ്യന് പ്രകൃതിയുമായി ഉണ്ടാവേണ്ടതെന്നും തിരുമേനി പറഞ്ഞു. പരിസ്ഥിതി കമ്മീഷൻ ചെയർമാൻ സ്മിജു ജേക്കബ് മറ്റയ്ക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. കൺവീനർ റവ. ഫാ. ഏബ്രഹാം കോശി കുന്നുപുറത്ത് മുഖ്യ പ്രഭാഷണം നടത്തി. ക്നാനായ സഭാ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ ആശംസ അർപ്പിച്ചു. ക്ലെർജി കമ്മീഷൻ ചെയർമാൻ റവ. ഫാ. ജോസ് കരിക്കും, ക്നാനായ കോൺഗ്രസ് പ്രസിഡന്റ് റവ. ഫാ. ജേക്കബ് കല്ലുകുളം, സൽവേഷൻ ആർമി ശുശ്രൂഷകൻ ലഫ്റ്റനന്റ് ബിജു, കെ.സി.സി. എക്സിക്യൂട്ടീവ് മെമ്പർ ആലിച്ചൻ ആറൊന്നിൽ, കോർഡിനേറ്റർ സജി താന്നിക്കൽ, വൈ.എം.സി.എ. ബോർഡ് മെമ്പർ ദീപു ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.

## ക്നാനായ കോൺഗ്രസ് പ്രവർത്തന ഉദ്ഘാടനം സമ്മർ ക്യാമ്പ്-21 നടത്തപ്പെട്ടു.

ബഹറിൻ സെന്റ് ഗ്രീഗോറിയോസ് ക്നാനായ പള്ളിയിൽ ക്നാനായ കോൺഗ്രസിന്റെ പ്രവർത്തന ഉദ്ഘാടനം "നിറക്കൂട്ട്" സമ്മർ ക്യാമ്പ് -21 നടത്തപ്പെട്ടു. 30-07-2021 വെള്ളിയാഴ്ച വി. കുർബ്ബാനയ്ക്കുശേഷം ഓൺലൈനായി ഇടവക വികാരി ഫാ. നോബിൻ തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം നിർവ്വഹിച്ചു. ക്നാനായ കോൺഗ്രസ് കേന്ദ്ര പ്രസിഡന്റ് റവ. ഫാ. ജേക്കബ് കല്ലുകുളം ആശംസകൾ നേർന്നു. ഫാ. റ്റോം കണ്ണന്താനം ക്ലാസ്സിന് നേതൃത്വം നൽകി. ഇടവക സെക്രട്ടറി ഏബ്രഹാം തമ്പി പ്രസംഗിച്ചു. കോവിഡ് കാലഘട്ടത്തിൽ ഒറ്റപ്പെട്ടുപോകുന്ന കുട്ടികളുടെ മാനസികവും ശാരീരികവുമായ ഉല്ലാസത്തിനും അവരുടെ കഴിവുകളെ വികസിപ്പിക്കുന്നതിനും ആയി ക്നാനായ കോൺഗ്രസിനെയും Kaleidoscopic teens നേതൃത്വത്തിൽ 10 ദിവസം ക്യാമ്പ് നടത്തപ്പെട്ടു.

### *എഡിറ്റോറിയൽ*

*(പേജ് 4 തുടർച്ച)*

ഉയരുന്ന എല്ലാ ദോഷങ്ങൾക്കും പരിഹാരമുണ്ടാകാൻ വേണ്ടിയുള്ള ശക്തമായ പ്രാർത്ഥനയുണ്ടാകേണ്ടിയിരിക്കുന്നു. ഇനിയും ലോക്ക്ഡൗൺ ഉണ്ടായാൽ സ്ഥിതി എത്ര ബുദ്ധിമുട്ട് നിറഞ്ഞതാകുമെന്ന് ചിന്തിക്കേണ്ടതാണ്. ചില മാസങ്ങൾക്കു ശേഷമെങ്കിലും കൊറോണ രോഗത്തിന്റെ വ്യാപനം അവസാനിച്ച് സ്കൂളുകളും ദൈവാലയങ്ങളും തുറക്കുന്ന അന്തരീക്ഷമുണ്ടാകുമെന്ന പ്രത്യാശയോടെ നമുക്ക് പ്രാർത്ഥിക്കാം. ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്

**സ്വന്തം റോയി അച്ചൻ**

കഴിഞ്ഞ ലക്കം തുടർച്ച



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

## Negative Parenting

യഥാർത്ഥത്തിൽ മക്കളെ ശിക്ഷിക്കാത്ത മാതാപിതാക്കളില്ല. എന്നാൽ എന്തിന് ശിക്ഷിക്കുന്നുവെന്ന് ശിക്ഷിക്കുന്ന മാതാപിതാക്കൾക്കും ശിക്ഷ ലഭിക്കുന്ന കുട്ടികൾക്കും ബോധ്യമാകണം. നമ്മുടെ വാശിതീർക്കാനല്ല ശിക്ഷിക്കേണ്ടത്. കുട്ടികളുടെ തിരിച്ചറിവിനു വേണ്ടിയാണ്. നമ്മുടെ ശിക്ഷകൾ അവരുടെയുള്ളിൽ ആന്തരിക മുറിവുകൾ സൃഷ്ടിക്കരുത്. പിന്നീട് അത് പകയാകും. ഇത്തരമൊരു പകയുടെയും പ്രതികാരത്തിന്റെയും അനുഭവം പറയാം:

"വേലായുധന് ബീഡിതെറുപ്പാണ് തൊഴിൽ. ഭാര്യയും മൂന്ന് ആൺമക്കളുമുണ്ട്. എന്നും വൈകിട്ട് മദ്യപിച്ചുവന്ന് ഭാര്യയെയും മക്കളെയും ദേഹോപദ്രവം ഏല്പിക്കും. വീട്ടിലെ ഭക്ഷണകാര്യങ്ങൾ പോലും ശ്രദ്ധിക്കുകയില്ല. യാതൊരു ഉത്തരവാദിത്വവുമില്ല. കുട്ടികൾക്ക് ആവശ്യമായ വിദ്യാഭ്യാസം ലഭിച്ചില്ല. മക്കൾ എങ്ങനെയോ വളർന്ന് കാര്യപ്രാപ്തി ആയി. വേലായുധൻ ആരോഗ്യം കുറഞ്ഞ് ശൗര്യം നഷ്ടപ്പെട്ട് വീട്ടിൽ ഒതുങ്ങിക്കൂടി. മക്കൾ ആരോഗ്യവാന്മാരായി തീർന്നപ്പോൾ പഴയ പക തല ഉയർത്തി അപ്പനോട് പ്രതികാരം ചെയ്യാൻ ആരംഭിച്ചു. മൂന്നുമക്കളും ഊഴമനുസരിച്ച് അപ്പനെ ശാരീരികോപദ്രവം ഏല്പിച്ചു തങ്ങളുടെ വൈരാഗ്യം തീർത്തുകൊണ്ടിരുന്നു".

നമ്മുടെ കുട്ടികളെ ഇങ്ങനെ കൊള്ളരുതാത്തവരാക്കിത്തീർക്കണമോ എന്ന് നാം ആലോചിക്കുക. നമ്മുടെ തെറ്റായ നടപടികൾ മൂലം മക്കൾ വഴി തെറ്റിപ്പോകുവാൻ ഇടയാകരുത്.

"അച്ചോ ഞാൻ ഒരു അനുഭവം പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു" ടോമി സാർ പറഞ്ഞപ്പോൾ അച്ചൻ സാറിനെ പ്രോത്സാഹിപ്പിച്ചു. ടോമി സാറിന്റെ കൈയ്യിൽ മൈക്ക് കൊടുത്ത് അച്ചൻ മുൻനിരയിൽ ഇരുന്നു".

"പ്ലസ്ടൂവിൽ പഠിപ്പിക്കുമ്പോൾ വിവേക് എന്ന വിദ്യാർത്ഥി പലപ്പോഴും അശ്രദ്ധയോടും അസ്വസ്ഥതയോടും കൂടി ക്ലാസ്സിലിരിക്കുന്നത് ഞാൻ ശ്രദ്ധിച്ചു. കളികൾക്കിടയിൽ നിസ്സാര കാര്യങ്ങൾക്കുപോലും അക്രമാസക്തനാകുന്ന വിവേകിനെയാണ് ഞാൻ കാണുന്നത്. കുട്ടികൾക്കും അദ്ധ്യാപകർക്കും അവനെക്കുറിച്ച് പരാതികൾ മാത്രം. ഞാനവനെ ശ്രദ്ധിക്കുവാൻ തുടങ്ങി. അവനോട് സംസാരിക്കുവാനും കുശലം പറയുവാനും ഞാൻ സന്ദർഭങ്ങൾ ഉണ്ടാക്കി. പതിയെ അവനെ ഞാൻ എന്നിലേയ്ക്ക് അടുപ്പിച്ചു. അവനെ കരുതുന്ന ഒരു അദ്ധ്യാപകനായി അവൻ എന്നെ വീക്ഷിച്ചു. ഒരു വെള്ളിയാഴ്ച വൈകുന്നേരം ഞാൻ അവനെ എന്റെ വീട്ടിലേയ്ക്ക് ക്ഷണിച്ചു. പിറ്റേ ദിവസം ശനിയാഴ്ച അവധിയായതിനാൽ വരാമെന്ന് സമ്മതിച്ചു. അങ്ങനെ അവൻ എന്റെ വീട്ടിൽ വന്നു. ഞങ്ങൾ അവന് ഇഷ്ടമുള്ള ക്രിക്കറ്റും സിനിമയുമൊക്കെ ചർച്ചാവിഷയമാക്കി. രണ്ടുമൂന്നു ശനിയാഴ്ചകളിലായി ഞങ്ങളുടെ കൂടിവരവ് ഞങ്ങൾ തമ്മിൽ ഒരു സൗഹൃദം സൃഷ്ടിച്ചെടുത്തു. അവൻ എന്റെ ക്ലാസ്സിൽ വളരെ ശ്രദ്ധാലുവും സന്തോഷവാനുമായി ഞാൻ കണ്ടു. അങ്ങനെ ഒരു ശനിയാഴ്ച ഞാൻ അവന്റെ വ്യക്തിപരമായ വിഷയങ്ങളിലേയ്ക്ക് പ്രവേശിച്ചു. അവന്റെ പിതാവിനെക്കുറിച്ചു ചോദിച്ചപ്പോൾ അവൻ രോഷം കൊണ്ട് വിറച്ചു. അവൻ പറയുകയാണ് "സാറിനറിയാമോ എന്റെ അപ്പനിൽ നിന്നു കിട്ടാത്ത സ്നേഹവും കരുതലും സാറിൽ നിന്നു ലഭിച്ചതുകൊണ്ടാണ് സാർ വിളിച്ചപ്പോഴൊക്കെ ഞാനിവിടെ വന്നതും സാറിനോട് സംസാരിക്കുന്നതും. സാറേ എന്റെ അപ്പനൊരു മൃഗമാണ്. ദുഷ്ടമൃഗം. എന്നെയും എന്റെ അനുജനെയും അമ്മയെയും മദ്യപിച്ച് വന്ന് ദേഹോപദ്രവം ഏല്പിക്കും. അപ്പൻ രാത്രിയിൽ വന്നു കയറുമ്പോഴെ എനിക്കു ഭയമാണ്. പലപ്പോഴും അപ്പനെ കൊല്ലണമെന്ന് തോന്നിയിട്ടുണ്ട്. എന്നാൽ അപ്പന്റെ നേരെ ഒരു വാക്കു പറയാൻ പോലും അമ്മ സമ്മതിക്കില്ല. എന്റെ ഉള്ളിൽ ഞാൻ അനുഭവിക്കുന്ന സങ്കടവും വീർപ്പുമു

ട്ടലും കാരണമാണ് ഞാൻ സ്കൂളിൽ എല്ലായ്പ്പോഴും വയലന്റ് ആകുന്നത്". ഇതു പറഞ്ഞു കേട്ടപ്പോൾ എനിക്കു വല്ലാത്ത വിഷമം തോന്നി. ഞാനവനെ എന്നോട് ചേർത്ത് പിടിക്കുവാനായി ചുമലിൽ തൊട്ടപ്പോൾ അവനെന്നെ ചേർത്ത് പിടിച്ച് വലിയ വായിൽ കരഞ്ഞു. കരച്ചിലിനോടൊപ്പം അവൻ പറയുന്നു. സാറിനെ ഞാൻ എന്റെ പിതാവായി കണ്ടുകൊള്ളട്ടെ. സാറിനെ എനിക്ക് അത്രയ്ക്ക് ഇഷ്ടമാണ്. എനിക്കും പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. എന്റെയും കണ്ണുകൾ നിറഞ്ഞൊഴുകി. അവന്റെ ആഗ്രഹം പോലെ ഞാൻ അവന്റെ പിതാവിന്റെ സ്ഥാനത്ത് നിന്നുകൊണ്ട് അവന്റെ എല്ലാ കാര്യങ്ങളും ശ്രദ്ധിച്ചു. ഇന്നവൻ M.Sc B.Ed കഴിഞ്ഞ് ഞാൻ പഠിപ്പിച്ച സ്കൂളിൽ അദ്ധ്യാപകനായി ജോലി ചെയ്യുന്നു". ടോമി സാർ കണ്ഠമിടറിയാണ് അനുഭവം പങ്കുവച്ചത്. സെമിനാറിൽ പങ്കെടുത്ത എല്ലാവരുടെയും കണ്ണുകൾ നിറഞ്ഞൊഴുകി. അച്ചൻ പറഞ്ഞു ടോമി സാറിനൊരു ബിഗ് സല്യൂട്ട്.

ടോമി സാർ പങ്കുവച്ച അനുഭവത്തിൽ നിന്നും നാം എന്താണ് മനസ്സിലാക്കേണ്ടത്?

1. ആന്തരിക മുറിവുകൾ സൗകര്യംപോലെ തല ഉയർത്തും

2. അനുകൂല സാഹചര്യമുണ്ടായാൽ പക പ്രതികാരത്തിനു വഴി തെളിക്കും.

3. ടോമി സാറിനെപ്പോലൊരു നല്ല അദ്ധ്യാപകനെ കിട്ടിയില്ലെങ്കിൽ അങ്ങനെയുള്ള കുട്ടികൾ വഴി പിഴച്ചുപോകും.

4. കുട്ടികളുടെ മനസ്സിന് മുറിവേൽക്കുന്നതൊന്നും ചെയ്യരുത്.

ചില മാതാപിതാക്കൾ കുട്ടികളുടെ നന്മയെ ഉദ്ദേശിച്ചുകൊണ്ട് അവരുടെമേൽ അടിച്ചേൽപ്പിക്കുന്ന 'വിലക്കുകളും അതിരുകളും' വിപരീതഫലങ്ങൾ സൃഷ്ടിക്കും. അവരുടെ വ്യക്തിത്വ രൂപീകരണത്തിന് ദോഷം ചെയ്യുന്ന തരത്തിലുള്ള മാതാപിതാക്കളുടെ നിബന്ധനകളും നിർബന്ധങ്ങളും Negative Parenting ന് കാരണമാകുന്നു. Negative Parenting ന് കാരണമാകുന്ന മാതാപിതാക്കളുടെ ചില വികലമായ ശൈലികൾ ശ്രദ്ധിക്കാം.

**1. നിന്നെ എനിക്കു വേണ്ട**

വാൽസല്യത്തിലും പിണക്കത്തിലും ലാളിക്കുമ്പോഴും ചില മാതാപിതാക്കൾ അർത്ഥമറിയാതെ പറയുന്ന വാക്കുകളാണിവ. അനുസരിക്കാതിരിക്കുമ്പോഴും തെറ്റുചെയ്യുമ്പോഴും ഇങ്ങനെയൊരു ഭീഷണി മുഴക്കാറുണ്ട്. ഇത് കുട്ടികളിൽ നിഷേധാത്മക സ്വഭാവം സൃഷ്ടിക്കും. ഇത് പല ആവർത്തിയാകുമ്പോൾ 'ഞാൻ വേണ്ടാത്തവനാണ്' എന്നൊരു തെറ്റിദ്ധാരണ അവനിൽ ഉടലെടുക്കും. കുറെ കഴിയുമ്പോൾ എന്തെങ്കിലും പ്രശ്നം ഉണ്ടാകുമ്പോൾ അവൻ പറയും "എന്നെ ആർക്കും വേണ്ട" ഈ ചിന്ത അവനെ പ്രതികൂലമായി ബാധിക്കും. ജീവിതത്തിൽ നിന്നും ഒളിച്ചോടുവാനും Rebellion ആകുവാനും ഇത് കാരണമായേക്കാം. ആയതിനാൽ വെറുതെ പോലും 'നിന്നെ എനിക്കു വേണ്ട' എന്ന് കുട്ടികളോട് പറയരുത്.

**2. ഞാൻ പറയുന്നതുപോലെ നീ ചെയ്താൽ മതി**

കുട്ടികളുടെ മേൽ ആശയങ്ങൾ അടിച്ചേൽപ്പിക്കുന്ന മാതാപിതാക്കൾ പറയുന്ന വാക്കുകളാണിവ. ഒരു തരത്തിലുള്ള അധീശത്വ മനോഭാവമാണ് ഇത്. കുട്ടികളെ ഉപഭോഗവസ്തുവായി കാണുന്നു. തന്റെ കൈയ്യിലെ കളിപ്പാവയെപ്പോലെ കാണുന്ന മാതാപിതാക്കളുടെ കാർക്കശ്യ മനോഭാവമാണിത്. സ്വതന്ത്രമായി പ്രവർത്തിക്കുവാൻ കുട്ടികളെ അനുവദിക്കാതിരിക്കുന്നു. സ്വന്തമായി എന്തെങ്കിലും ചെയ്യുവാനുള്ള കഴിവും ധൈര്യവും കുട്ടികൾക്ക് ഇല്ലാതെ പോകുന്നു. മാതാപിതാക്കൾ പറയുന്നതുപോലെ ചെയ്തില്ലെങ്കിൽ എന്തെങ്കിലും പ്രശ്നമുണ്ടാകുമെന്ന് അവർ ഭയപ്പെടുന്നു. ചിന്തിക്കുവാനുള്ള കഴിവും പ്രവർത്തിക്കാനുള്ള ധൈര്യവും നഷ്ടപ്പെട്ടാൽ അങ്ങനെയുള്ള കുട്ടികൾ മുതിർന്നു കഴിയുമ്പോൾ വളരെ എളുപ്പത്തിൽ മറ്റുള്ളവരുടെ കൈയ്യിലെ കളിപ്പാവയായി മാറും.

**3. നീ കൊച്ചു കുട്ടിയൊന്നുമല്ലല്ലോ**

കുട്ടിത്തം കുട്ടികളുടെ മാത്രം പ്രത്യേകതയാണ്. മുതിർന്നവരുടെ പക്വത അവരിൽ നിന്നും പ്രതീക്ഷിക്കരുത്. കുട്ടികളുടെ പെരുമാറ്റ ശൈലി മുതിർന്നവരുടേതിൽ നിന്നും വ്യത്യസ്ഥമാണ്. പലപ്പോഴും ഇളയ സഹോദരങ്ങളോട് വഴക്കിടുന്ന രണ്ടോ മൂന്നോ വയസ്സ് കൂടുതലുള്ള മൂത്തകുട്ടികളോട് മാതാപിതാക്കൾ ചോദിക്കുന്ന ചോദ്യമാണ് 'നീ കൊച്ചുകുട്ടിയൊന്നുമല്ലല്ലോ'. ഇവിടെ മുതിർന്ന കുട്ടി തന്റെ അവകാശം സംരക്ഷിക്കപ്പെടാതെ പോകുമ്പോൾ പ്രതികരണശേഷിയും നഷ്ടപ്പെട്ട് മാതാപിതാക്കൾ നൽകുന്ന ശിക്ഷയും ഏറ്റുവാങ്ങി തന്റെ വ്യക്തിത്വം എന്തെന്ന് മനസ്സിലാക്കാതെ നിസ്സംഗതയോടെ നിൽക്കുന്നു.

**4. കൊച്ചുവായിൽ വലിയ വർത്തമാനം പറയരുത്**

താൻ മുതിർന്ന കുട്ടിയാണെന്ന് സ്വയം സങ്കല്പിച്ചുകൊണ്ട് എന്തെങ്കിലും പറയുമ്പോൾ മുതിർന്നവരുടെ താക്കീതാണിത് "കൊച്ചുവായിൽ വലിയ വർത്തമാനം പറയരുത്" "കൊച്ചുകുട്ടികൾ അവരുടെ രീതിയിൽ നിന്നാൽ മതി" എന്നൊക്കെ. ഇവിടെ കുട്ടികൾ ആശയക്കുഴപ്പത്തിലാകും.

"താൻ കൊച്ചുകുട്ടിയാണോ മുതിർന്ന കുട്ടിയാണോ" തന്റെ വ്യക്തിത്വത്തെക്കുറിച്ച് വ്യക്തതയില്ലാതെ കുട്ടികൾ വിഷമിക്കുന്ന സാഹചര്യമാണിത്. ഇങ്ങനെയുള്ള സാഹചര്യത്തിൽ കുട്ടികൾ അന്തർമുഖൻ **(Introvert) ആയിപ്പോകും.**

**5. അവരോടൊന്നും വലിയ അടുപ്പത്തിനു പോകേണ്ട**

ബന്ധങ്ങൾക്കു വിലക്കു കല്പിക്കുന്ന മാതാപിതാക്കൾ അവർക്ക് ആരോടൊക്കെ ബന്ധമുണ്ടോ അവരോടൊക്കെ കുട്ടികൾ സഹകരിച്ചാൽ മതിയെന്ന് ശഠിക്കുന്ന മാതാപിതാക്കൾ. മാതാപിതാക്കൾക്ക് താൽപര്യമില്ലാത്ത വ്യക്തികളോട് കുട്ടികൾ ബന്ധപ്പെടാൻ അനുവാദമില്ല. കുട്ടികൾ കണ്ടെത്തുന്ന കൂട്ടുകാർ മാതാപിതാക്കളുടെ സ്റ്റാറ്റസിനു ചേരാത്തവരുടെ കുട്ടികളാണെങ്കിലും അവരെ വിലക്കും. പിണങ്ങിയിരിക്കുന്ന ബന്ധുക്കളോട് ചങ്ങാത്തം കൂടുന്നതിനും മാതാപിതാക്കൾ വിലക്കു കല്പിക്കും. ചിലയവസരങ്ങളിൽ മാതാപിതാക്കളുമായി സൗഹൃദത്തിൽ കഴിയുന്നവരുടെ മക്കളോട് നല്ല സൗഹൃദം കാത്തുസൂക്ഷിച്ച കുട്ടികൾ അവരുടെ മാതാപിതാക്കൾ ആ വ്യക്തികളുമായി പിണങ്ങിക്കഴിഞ്ഞാൽ അവരുടെ മക്കളോടുള്ള സൗഹൃദം തുടരുന്നതിന് അനുവദിക്കില്ല. ചിലർ opposite sex -ലുള്ളവരോട് മക്കൾ സൗഹൃദം കാട്ടുന്നതിനെ അനുവദിക്കില്ല.

മറ്റുള്ളവരെ തെറ്റായ രീതിയിൽ വീക്ഷിക്കുന്നതിനും അവരുടെ വ്യക്തിത്വത്തെയും സ്വഭാവത്തെയും തെറ്റിദ്ധരിക്കുന്നതിനും ഇതു കാരണമായേക്കും. അതുവഴി കുട്ടികൾ മറ്റുള്ളവരെ വിശ്വസിക്കാതെ വന്നേക്കാം. മറ്റുള്ളവരെ ഭയപ്പെടുന്നതിന് ഇടയായേക്കാം. ഇങ്ങനെയുള്ളവർ വിവാഹിതരായി കഴിയുമ്പോൾ ജീവിത പങ്കാളിയെപ്പോലും സംശയിച്ചുവെന്ന് വന്നേക്കാം.

**6. ഇത് ചെയ്യരുത്; അത് ചെയ്യരുത്**

കുറെ 'അരുതുകൾ' കുട്ടികളുടെ മുൻപിൽ വയ്ക്കുന്ന മാതാപിതാക്കൾ അവരുടെ കഴിവുകൾക്കും സ്വതന്ത്ര ചിന്തകൾക്കും അതിരുവയ്ക്കുകയാണ്. എന്ത് ചെയ്താലും വിലക്ക്. കുട്ടികൾക്ക് അവരുടെ കഴിവിലുള്ള വിശ്വാസം നഷ്ട

പ്പെടും. “മോൻ അത് ചെയ്യേണ്ട, അമ്മ ചെയ്തോളും,” ഉത്തരവാദിത്വത്തിൽ നിന്ന് കുട്ടികളെ പിന്നോട്ട് കൊണ്ടുപോകും. പരാശ്രയത്വം (depending) ഉണ്ടായാൽ പ്രായമായാലും എന്തിനും ഏതിനും മറ്റുള്ളവരെ ആശ്രയിക്കേണ്ടി വരും.

**7. നീ വലിയ മിടുക്കനൊന്നും ആകേണ്ട**

കുട്ടികളെ under estimate ചെയ്യുന്ന ശബ്ദമാണിവിടെ മുഴങ്ങുന്നത്. അവരുടെ സാമർത്ഥ്യത്തെ കുറച്ചു കാണിക്കുന്ന മാതാപിതാക്കൾ. സ്വയമായി ചെയ്യുവാൻ ശ്രമിക്കുന്നവരുടെ ആത്മവീര്യം നഷ്ടപ്പെടുത്തുന്ന പ്രസ്ഥാവനയാണിത്. കുട്ടികളുടെ കഴിവിനെ ചെറുതാക്കി കാണിക്കുന്ന പ്രവണത. വലിയ മിടുക്കനാകാൻ ശ്രമിച്ചാൽ ശത്രുക്കൾ കൂടുമെന്ന ഭയമാണ് അങ്ങനെയുള്ള മാതാപിതാക്കൾക്ക്. ഇത് കുട്ടികളെ നിഷ്ക്രിയരാക്കും. സ്വന്തം മക്കൾ കഴിവില്ലാത്തവരാണെന്ന് പറയുന്നത് എളിമയുടെ ലക്ഷണമായി കാണുന്ന മാതാപിതാക്കളും ഉണ്ട്.

ഇങ്ങനെയുള്ള Negative Parents രീതികളെ നമ്മിൽ നിന്നും ഒഴിവാക്കണം. അതിജീവനത്തിന് അവരെ സജ്ജരാക്കണം. അവരെ ഉയരങ്ങളിലേക്ക് കൈപിടിച്ചു നടത്തേണ്ടത് മാതാപിതാക്കളുടെ ദൗത്യമാണ്

(തുടരും)

# Trust Deeper

**Ani Abraham**

It’s the year 2020, the year when a pandemic engulfed our lives. It’s March, the month when the country of my birth imposed restrictions on travel, even for its own natives. It’s also the time when I lost my father. How can

I not write about this extraordinary time?

I lost my father who was on a different continent. I lost him in the midst of travel bans and flight cancellations. Sometimes, I asked, “Daddy, you had to leave us NOW?”

No one around me was sure if I would make it across the globe, whether I would be stopped from going home to India, but my heart told me that it would be alright.

Syrian Orthodox Liturgy teaches that the prayers of the faithful living will benefit the departed faithful. I knew it was my responsibility to pray that my father would be seated in the bosom of Abraham, Isaac and Jacob. Yet, my mind was occupied with thoughts of how to see him one last time, so much so that I had no time or inclination to pray for the departed soul as my faith has taught me.

But God had made his plans for me and would make it all work for my good. Isaiah 45:2 says, “I will go before you and make the crooked places straight; I will break in pieces the gates of bronze and cut the bars of iron.” My God sent many angels in the form of strangers to guide and lead me till I reached home, to my father.

**What is this pandemic teaching us?**

That our lives can crumble from under our feet in seconds. There are no walls or borders against a small virus which treats us all equally irrespective of culture or religion.

Our God wants us to halt and look around us and be together with our family. He wants us to show our kids how to endure difficult situations and steer them towards Him and teach them kindness and grace. He wants us to take precautions and be prepared, but put the needs of others before our own. He is reminding us of our purpose and priorities in life. He says: don’t worry about tomorrow, haven’t I taken care of you? Believe in him, trust him deeper and ask him for wisdom and he will surely give it.

As Bill Gates says,”I am a strong believer that there is a spiritual purpose behind everything that happens, whether that is what we perceive as being good or being bad.”

# അറിയിപ്പ്

S.S.L.C, Plus Two പരീക്ഷകളിൽ **എല്ലാ വിഷയത്തിനും A+** വാങ്ങിയ കുട്ടികളുടെ ഫോട്ടോ ക്നാനായ ദീപത്തിൽ മുൻവർഷങ്ങളിലെപ്പോലെ പ്രസിദ്ധീകരിക്കുന്നതാണ്. ആയതിലേയ്ക്ക് വികാരിമാർ സാക്ഷിപ്പെടുത്തിയ മാർക്ക്ലിസ്റ്റിന്റെ കോപ്പിയും, ഫോട്ടോയും, മേൽവിലാസം സഹിതം ക്നാനായദീപം ഓഫീസിൽ നൽകേണ്ടതാണ്.

E-mail ആയും അയയ്ക്കാവുന്നതാണ്.
E-mail: kna.deepam@gmail.com
whats app No. 8547584440

**ഫാ. ജേക്കബ് കല്ലുകുളം**
(മാനേജിംഗ് എഡിറ്റർ)

# വന്നവഴി മറക്കരുത്

റ്റി യു. ജോസ്, തൈത്തറ, കുറിച്ചി

അധികാര സ്ഥാനങ്ങളിൽ എത്തുവാനും പേരും പദവിയും സാമ്പത്തിക ഉന്നതിയും ആർജ്ജിക്കുവാനും, ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും മറ്റുമുള്ള ആഗ്രഹം ലൗകിക തലത്തിൽ കാണുന്നതുപോലെ ആത്മീയ തലത്തിലുള്ളവരുടെ ഇടയിൽപോലും ഇന്നു കണ്ടു വരുന്നു. ആ കാലഘട്ടത്തിലാണല്ലോ നമ്മൾ ജീവിക്കുന്നത്. ഇതിനുവേണ്ടി എന്തടവും പ്രയോഗിക്കുവാൻ ഈ കൂട്ടർക്ക് ഇന്ന് മടിയില്ല. അക്രമംകൊണ്ടും കയ്യൂക്കംകൊണ്ടും കപടമാർഗ്ഗങ്ങൾ പിൻ തുടർന്ന് അധികാരം പിടിച്ച് പറ്റുന്നവരും അതിനുവേണ്ടി പരിശ്രമിക്കുന്നവരും ഇന്ന് ധാരാളം ഉണ്ടെന്നുള്ളതിനു രണ്ടുപക്ഷമില്ല. എന്തിന് ഏറെ കുടുംബങ്ങളിൽപോലും ഇങ്ങനെയുള്ള പ്രവണതകൾ കാണുവാൻ സാധിക്കും. മക്കളുടെ ഉന്നമനത്തിനുവേണ്ടി കഷ്ടപ്പെടുന്ന മാതാപിതാക്കൾ, ജ്യേഷ്ഠസഹോദരങ്ങൾ ഇവരൊക്കെ വിവാഹിതരായിക്കഴിയുന്നതോടെ മക്കളുടെ ഇളയ സഹോദരങ്ങളുടെ മട്ടും ഭാവവുമൊക്കെ മാറും. നിസ്സാര കാര്യങ്ങൾക്കുപോലും മാതാപിതാക്കളെയും സഹോദരങ്ങളെയുമൊക്കെ തള്ളിപ്പറയുക, അപമാനിക്കുക, വേദനിപ്പിക്കുകയുമൊക്കെ ചെയ്യുന്ന കാഴ്ചകൾ പല ഇടങ്ങളിൽ നിന്നും നമുക്ക് കാണുവാൻ സാധിക്കും. മാതാപിതാക്കളുടെയും ജ്യേഷ്ഠസഹോദരന്മാരുടെയും ഒക്കെ കടമയാണ് ഇവരെ ആ നിലയിൽ എത്തിക്കുക എന്നത്. അതിനു കടപ്പാടൊന്നും ഞങ്ങൾക്കില്ലെന്ന് പറയുന്ന മക്കൾ, സഹോദരങ്ങളൊക്കെ ഇന്ന് അനവധിയാണ്.

ഏത് ഉന്നത സ്ഥാനി ആയിരുന്നാലും മനുഷ്യനെ മനുഷ്യനായി കാണുവാനും മനുഷ്യസ്നേഹത്തോടെ പെരുമാറുവാനും ദൈവാശ്രയത്തോടെ ജീവിക്കുവാനും സാധിച്ചെങ്കിൽ മാത്രമെ നേരായ മാർഗ്ഗത്തിൽക്കൂടി നേതൃ സ്ഥാനത്ത് എത്തുവാൻ സാധിക്കുകയുള്ളു. ഇങ്ങനെയുള്ളവർക്ക് നിശ്ചയദാർഢ്യത്തോടെ എന്ത് കാര്യങ്ങളും ചെയ്യുവാനും പ്രവർത്തിക്കുവാനും സാധിക്കും. അവർക്ക് വന്നവഴി മറക്കാൻ സാധിക്കുകയില്ല. ആരുടെ ഒക്കെ സഹായങ്ങളും പരിശ്രമങ്ങളും കൊണ്ടാണോ തങ്ങൾ ഇപ്പോൾ കൈവശം വച്ചു കൊണ്ടിരിക്കുന്ന അധികാരങ്ങളും പദവികളും ലഭിച്ചതെന്ന് ഓർക്കുകയും അവരോടു നന്ദിയും കടപ്പാടുകളൊക്കെ ഉള്ളവരായിരിക്കും. അങ്ങനെ ദൈവത്തെ ഭയവും മനുഷ്യനെ ശങ്ക ഉള്ളവരായിരിക്കും. അവർ എന്നാൽ ചില നേതൃസ്ഥാനികൾ ഒന്നു തീരുമാനിക്കും ആരെങ്കിലും പറഞ്ഞാൽ അത് വേണ്ടെന്ന് വെക്കും. അപ്പോഴേക്കും പുതിയ അഭിപ്രായം കൊണ്ട് മറ്റൊരാൾ വരുമ്പോൾ അതിനു വഴങ്ങും. ഇത്തരം ആളുകൾക്ക് ഒന്നും പ്രവർത്തിക്കുവാൻ സാധിക്കുകയില്ല. അവരെ ജനം വിശ്വസിക്കുകയും ഇല്ല.

ഇങ്ങനെ കപട മാർഗ്ഗത്തിൽക്കൂടി നേതൃസ്ഥാനത്ത് വരുന്ന ആത്മീയരാകട്ടെ ലൗകികരാകട്ടെ ഇവർക്ക് അധികാരത്തോടുപോലും വിധേയത്വം ഉണ്ടാകുക ഇല്ല. (റോമ. 13:1-2). "ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്ക് കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരു അധികാരവുമില്ലല്ലോ? ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു. ആകയാൽ അധികാരത്തോടു മറുക്കുന്നവൻ ദൈവ വ്യവസ്ഥയോട് മറുക്കുന്നു. മറുക്കുന്നവരോ ശിക്ഷാവിധി പ്രാപിക്കും. നമ്മൾ ഏത് സ്ഥാനത്ത് ഉള്ളവരാണെങ്കിലും നമ്മുടെ മേലധികാരികളെ, നമ്മെക്കാൾ പ്രായമുള്ളവരെ, സഭാപിതാക്കന്മാരെ, വൈദികരെ, കന്യാസ്ത്രീകളെ ഒക്കെ ബഹുമാനിക്കുകയും അവരെ അനുസരിക്കുകയും ചെയ്യേണ്ടതാണെന്ന് ഈ വേദഭാഗം നമ്മെ അനുസ്മരിപ്പിക്കുന്നു. എന്നാൽ ഇന്ന് സോഷ്യൽമീഡിയ വഴിയായും മറ്റ് മീഡിയകൾ വഴിയായും നാം ബഹുമാനിക്കുകയും അനുസരിക്കുകയും ആദരിക്കുകയും ഒക്കെ ചെയ്യേണ്ട പിതാക്കന്മാരെ, നേതാക്കന്മാരെ ഒക്കെ നമ്മുടെ സംസ്ക്കാരത്തിനു യോജിക്കാത്ത കമന്റുകൾ ഇട്ട് ആക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്യുന്നത് എത്ര വേദനാജനകമാണ്. നേതൃസ്ഥാനികളോട് അഭിപ്രായ വ്യത്യാസമുള്ളവർ സംസ്ക്കാരത്തിന് ചേരുന്ന ആരോഗ്യകരമായ വിമർശനങ്ങൾ നടത്തുമ്പോൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. അതുപോലെ അധികാരത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടി സ്വരക്തത്തിലുള്ള നേതൃ സ്ഥാനികൾ, സഹോദരങ്ങൾ സഭാപിതാക്കന്മാർ ഇവരൊക്കെ നടത്തുന്ന വ്യവഹാരങ്ങൾ, വഴക്കുകൾ എത്രയാണ്? ഇവരെക്കുറിച്ച് പൗലൂസ് അപ്പോസ്തോലൻ (1.കൊരി. 6:6-9) പറയുന്നത് "സഹോദരൻ സഹോദരനോട് വ്യവഹരിക്കുന്നു. അതും അവിശ്വാസികളുടെ മുമ്പിൽ തന്നെ നിങ്ങൾ തമ്മിൽ വ്യവഹാരം ഉണ്ടാക്കുന്നത് തന്നെ കേവലം പോരായ്മ ആകുന്നു. അതിനു പകരം നിങ്ങൾ അന്യായം സഹിച്ചുകൊള്ളാത്തതെന്ത്? നിങ്ങൾ അന്യായം ചെയ്യുകയും നഷ്ടം വരുത്തുകയും ചെയ്യുന്നു. അതും സഹോദരന്മാർക്ക് തന്നെ. അന്യായം ചെയ്യുന്നവൻ ദൈവരാജ്യം അവകാശമാക്കുകയില്ലെന്ന് അറിയുന്നില്ലയോ? നിങ്ങളെതന്നെ വഞ്ചിയ്ക്കാതിരിക്കുവിൻ."

വചനം പഠിപ്പിക്കേണ്ടവർ, വചനപ്രകാരം ജീവിതം നയിക്കേണ്ടവർ അതനുസരിച്ച് ജീവിക്കാതെയും പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നത് വിശ്വാസികൾക്ക് അവരിലുള്ള വിശ്വാസവും ബഹുമാനവും നഷ്ടപ്പെടുവാൻ ഇടയാക്കുക ഇല്ലേ? കോവിഡ് 19- എന്ന മഹാമാരിമൂലം ലോകത്തിൽനിന്ന് എത്രയോ ജീവിതങ്ങളാണ് മാറ്റപ്പെട്ടത്.

കോവിഡിന്റെ മൂന്നാം തരംഗത്തെ ലോകം ഭീതിയോടെ നോക്കിക്കൊണ്ടിരിക്കുന്നു. കാലം അതിന്റെ അന്ത്യത്തിലേക്ക് അടുത്തുകൊണ്ടിരിക്കുന്നു. അതിന്റെ ലക്ഷണങ്ങളൊക്കെ കണ്ടു തുടങ്ങിയിരിക്കുന്നു. ഇനിയും എത്ര നാൾ? ദൈവത്തിനു മാത്രം അറിയാം ഇന്ന് കാണുന്നവരെ നാളെ കാണുന്നില്ല. ഇനിയെങ്കിലും നമുക്ക് ഇതൊക്കെ ഒന്ന് അവസാനിപ്പിച്ച് പരസ്പരം സ്നേഹിച്ചും, ബഹുമാനിച്ചും ക്ഷമിച്ചും നമ്മുടെ പൂർവ്വപിതാക്കന്മാർ കാണിച്ചുതന്ന പാതയിലൂടെ നീങ്ങുവാനും ദൈവവചനം ഉൾക്കൊണ്ട് സഭ ഒന്നടങ്കം സ്വർഗ്ഗ രാജ്യം അവകാശമാക്കാൻ നമുക്ക് ഒരുങ്ങാം. അതിനായി പ്രാർത്ഥിക്കാം.

●

# വി.ദൈവമാതാവും പരി:സഭയും

പി.റ്റി. പുന്നൂസ്, പുരയ്ക്കൽ, റാന്നി

ഈ അഖിലാണ്ഡത്തെ വഹിച്ചവനെ തന്റെ ഉദരത്തിൽ വഹിച്ച വി.കന്യകമറിയാം ഈ ലോകം വിട്ടതിന്റെ ഓർമ്മ പ്പെരുന്നാൾ ദിവസം ആണ് ഓഗസ്റ്റ് 15. പൂർണ്ണ മനുഷ്യനും, പൂർണ്ണ ദൈവവുമായ യേശു ജഡമെടുക്കുന്നത് തന്റെ ഉദര ത്തിലാണ് എന്ന മംഗളവാർത്ത അറിഞ്ഞ നിമിഷം വി.കന്യ കമറിയാം പറഞ്ഞ വാക്കുകൾ അന്വർത്ഥമായി. ഇനി മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്ന് എണ്ണും. അതെ ആ ഭാഗ്യവതിക്ക് പ്രതിവർഷം അനേകം പെരുന്നാ ളുകൾ ഉള്ളതിൽ ഏറ്റവും അധികം പ്രാധാന്യമുള്ള മാറാ നായ പെരുന്നാളാണ് ആഗസ്റ്റ് 15.

അപ്പോസ്തോലന്മാരേക്കാളും മറ്റ് പരിശുദ്ധന്മാരെക്കാളും ഉന്നതമായ സ്ഥാനമാണ് വി. മറിയാമിന് സഭയുടെ ആരാ ധനയിൽ നൽകുന്നത്. കാരണം, മനുഷ്യനായി തീർന്ന ദൈവ ത്തെ വഹിക്കാനുള്ള അസുലഭ പദവി അവൾക്കാണ് ലഭിച്ച ത്. ഇതുമൂലം വി. മറിയാമിന്റെ മദ്ധ്യസ്ഥതയ്ക്ക് പ്രത്യേക മായ പ്രാധാന്യം സഭ നൽകുന്നു. ദൈവമാതാവായ വി. മറി യാമിന്റെ മദ്ധ്യസ്ഥത സുറിയാനി സഭാംഗങ്ങൾക്ക് വിശ്വാസ ത്തിന്റെ ഭാഗമാണ്. അത് തികച്ചും വേദാനുസൃതവും പ.പി താക്കന്മാരിൽനിന്നും നാം പ്രാപിച്ചിട്ടുള്ള ശ്രേഷ്ഠ പാരമ്പര്യ ങ്ങൾക്കനുസൃതവുമാണ്. വി.മറിയാം സഭയുടെ പ്രതീകവും മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധിയുമാകുന്നു. എ.ഡി.431 ലെ എഫേസൂസ് സുന്നഹദോസിൽ വച്ചാണ് മറിയാമിനെ ദൈവത്തെ വഹിച്ചവൾ എന്ന അർത്ഥത്തിൽ 'ദൈവമാതാവ്' എന്ന് വിളിക്കണമെന്ന് തീരുമാനിച്ചത്.

യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും അഭേ ദ്യമായി യോജിച്ചിരിക്കുന്നു എന്നും മറിയാമിൽനിന്നു ജനിച്ച വ്യക്തി ഒരേ സമയം പൂർണ്ണ ദൈവവും, പൂർണ്ണ മനുഷ്യനു മായിരുന്നു എന്നും വ്യക്തമാക്കുന്നതിനുവേണ്ടി ആണ് മറി യാമിനെ ദൈവമാതാവെന്ന് വിളിക്കണമെന്ന് സുന്നഹദോസ് അനുശാസിച്ചത്.

വി. സഭയുടെ പ്രതീകമായിട്ടാണ് വി. കന്യകയെ സഭാ പാരമ്പര്യം എപ്പോഴും വ്യാഖ്യാനിച്ചിരുന്നത്. അപ്പോസ്തോല ന്മാരുടെ കൂട്ടത്തിൽ അഥവാ ആദിമ സഭയുടെ അവിഭാജ്യ ഘടകമായിരുന്നു കന്യകമറിയാം എന്ന് അപ്പോസ്തോല പ്രവർത്തികളുടെ ഒന്നാം അദ്ധ്യായത്തിൽ തന്നെ വ്യക്തമാ ക്കുന്നുണ്ട്. (അപ്പോ. 1:4).

ഇത്തരുണത്തിൽ വി. ദൈവമാതാവിനെ സ്മരിക്കുന്ന സമ യത്തെല്ലാം പരി. സഭ ആവർത്തിച്ച് ആലപിക്കുന്ന ഒരു സങ്കീർത്തനഭാഗം അനുസ്മരിച്ച് ധ്യാനിക്കുന്നത് തികച്ചും ഉചിതമാണ്. പരി. സഭാപിതാക്കന്മാർ അതിനായി തെരഞ്ഞെ ടുത്തിരിക്കുന്ന സങ്കീർത്തനം ഇപ്രകാരമാണ്. "നിന്നാൾ സ്തുതിയൊടു രാജമകൾ തുടങ്ങി പിതൃഗൃഹം വരെ". സങ്കീർത്തനം 45 ന്റെ 9 മുതൽ 10 വരെയുള്ള വാക്യങ്ങളാണ് ഇവിടെ ഗീതമായി ചൊല്ലുന്നത്. നിന്റെ വലത്തു ഭാഗത്ത് രാജ്ഞി (ഓഫീർ തങ്കം) അണിഞ്ഞ് (സ്തുതിയോടെ) നിൽക്കുന്നു. (അല്ലയോ കുമാരി കേൾക്ക, ചെവി ചായ്ക്ക). സ്വജനത്തെയും നിന്റെ പിതൃഭവനത്തേയും മറക്കുക. അപ്പോൾ നിന്റെ സൗന്ദര്യത്തെ രാജാവ് മോഹിക്കും.

ഇവിടെ നാം ശ്രദ്ധിക്കേണ്ടതായ കാര്യം പ്രസ്തുത സങ്കീർത്തനം (45-ാം സങ്കീർത്തനം)) ആകമാനം തന്നെ ഒരു വിവാഹ പ്രേമഗാനമാണെന്നതാണ്. ഇവിടെ മണവാളൻ രാജാവും മണവാട്ടി രാജകുമാരിയുമാണ്. സർവ്വാംഗ വിഭൂ ഷിതയായി രാജാവിന്റെ വലതുഭാഗത്ത് നിൽക്കുന്ന രാജകു മാരിയോട് "അല്ലയോ കുമാരി കേൾക്ക, ചെവി ചായ്ക്ക നിന്റെ സൗന്ദര്യം രാജാവ് ആസ്വദിക്കാനായി നിന്റെ ജന ത്തെയും പിതൃഭവനത്തേയും മറക്കുക" എന്ന് പാടി മണ വാട്ടിയെ ഉപദേശിക്ക അത്രേ ചെയ്യുന്നത്. മ്ശിഹാ തമ്പു രാനെ മണവാളനായും പരി. സഭയെ മണവാട്ടിയായും ആണ് സങ്കീർത്തന കർത്താക്കളും സഭാപിതാക്കന്മാരും ഇവിടെ വിഭാവനം ചെയ്തിരിക്കുന്നത്. അതായത് പരി. സഭയാകുന്ന മണവാളൻ ആസ്വദിക്കണമെങ്കിൽ ലൗകിക ബന്ധങ്ങളെയും സ്വകാര്യ ആഗ്രഹങ്ങളെയും ത്യജിച്ച് മണവാളനിൽ മാത്രം ശരണപ്പെടേണ്ടി ഇരിക്കുന്നു.

ഈ ഭാഗം പരി. സഭാപിതാക്കന്മാർ വി. മാതാവുമായി ബന്ധപ്പെടുത്തി ഇരിക്കുന്നത് എപ്രകാരമാണെന്നാണ് മുൻ ഖണ്ഡികയിൽ നാം കണ്ടത്. അതായത് വി.ദൈവമാതാ വിനെ ആ പിതാക്കന്മാർ മ്ശിഹായുടെ മണവാട്ടിയായ പരി. സഭയുടെ പ്രതീകമാക്കിക്കൊണ്ടാണ് ഈ സങ്കീർത്തനഭാഗം മാതാവിന്റെ ധൂപപ്രാർത്ഥനകളിൽ ആലപിക്കുവാൻ തെരഞ്ഞെടുത്തിരിക്കുന്നത് എന്ന് ഓർക്കുക. സകലതും തന്റെ നാഥനായ കർത്താവിന് സമർപ്പിച്ചുകൊണ്ട് നൽകുന്ന മണവാട്ടിയാണ് "ദൈവപ്രസവത്രി" ആയ മറിയാം.

പരി. സഭയെ സംബന്ധിച്ചിടത്തോളം ഉന്നതമായ ഒരു സ്ഥാനം വി. കന്യകമറിയാമിന് കൊടുത്തിട്ടുണ്ട്. വി. വേദ പുസ്തകം തന്നെ മറിയാമിന്റെ ഔന്നത്യത്തെ ഉയർത്തിക്കാ ണിക്കുന്നു. കന്യകമറിയാമിന്റെ അടുക്കൽ ദൂതുമായി വന്ന പ്രധാന മാലാഖയുടെ സാക്ഷ്യം; "നിനക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു."ചാർച്ചക്കാരി എലിസബേത്തിന്റെ സാക്ഷ്യം; "സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ, എന്റെ കർത്താ വിന്റെ അമ്മ" എന്നിങ്ങനെയാണ്. മറിയാം തന്നെ പരിശു ദ്ധാത്മാവിൽ പ്രചോദിതയായി പ്രസ്താവിച്ചു "ഇന്നു മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തും" ആ പ്രവചനം നിവൃത്തി ആയതുകൊണ്ടാണ് തലമുറകളായി മറിയാമിനെ ആദരിക്കുന്നതും പ്രകീർത്തിക്കുന്നതും. ശുദ്ധി മതിയായ ദൈവമാതാവിന് പൗരസ്ത്യ സഭാ ദർശനത്തിൽ നൽകുന്ന ആഴമേറിയ ഒരു വിശേഷണമാണ് 'രണ്ടാം സ്വർഗ്ഗ മായ വി. കന്യകമറിയാം' എന്നുള്ളത്. ദൈവം അവളിൽ വസി ച്ചതുകൊണ്ട് കന്യക സ്വർഗ്ഗമായി മാറി. ഭൂമിക്ക് സ്വർഗ്ഗം സമ്മാനിച്ച് സ്വർഗ്ഗം പൂകിയ ദൈവമാതാവിന്റെ ഭാഗ്യകരമായ ഓർമ്മ നമ്മോട് ആവശ്യപ്പെടുന്നത്, നമ്മുടെ ജീവിതം കൊണ്ട് നാം നഷ്ടമാക്കിക്കളയുന്ന സ്വർഗ്ഗീയ അനുഭവ ങ്ങളെ വീണ്ടെടുക്കാനാണ്.

വി. മറിയാമിന്റെ സ്ഥാനവും പദവിയും നിസ്തുലമാണ്. മറിയാം വിശ്വാസികളുടെ പ്രഥമ പതിപ്പാണ്. വിശ്വാസികളുടെ മാതൃകയും ദൃഷ്ടാന്തവുമാണ്. മാതാവിൽ പ്രകടമായ ഭയ ഭക്തി നമുക്ക് മാതൃകയാണ്. അവളുടെ വിനയം നമുക്ക് പ്രചോദനം നൽകുന്നു. മാതാവിന്റെ പ്രകടമായ ആത്മീയാ നുഭവങ്ങൾ നമുക്കും ഉണ്ടാകട്ടെ. ●

# ആരാണ് പ്രധാന വ്യക്തി

 റ്റി.സി. തോമസ് തോപ്പിൽ (ക്നാനായ കമ്മിറ്റി അംഗം)

ഒരിക്കൽ ഒരു മന:ശാസ്ത്ര പഠന ക്ലാസ്സിൽ പ്രൊഫസർ തന്റെ വിദ്യാർത്ഥികളോടു ചോദിച്ചു "നിങ്ങൾക്ക് ഏറ്റവും പ്രധാനപ്പെട്ട വ്യക്തി ആരാണ്? "എന്റെ അമ്മ" ഒരു വിദ്യാർത്ഥി സംശയലേശമന്യേ പ്രതികരിച്ചു. എന്റെ അച്ഛനാണ് എനിക്ക് ഏറ്റവും പ്രധാനപ്പെട്ട വ്യക്തി മറ്റൊരു വിദ്യാർത്ഥി പറഞ്ഞു. എന്റെ മുത്തച്ഛൻ വേറൊരാൾ വ്യക്തമാക്കി. "ദൈവം" മറ്റൊരു വിദ്യാർത്ഥി പ്രതികരിച്ചു. ഇങ്ങനെ പലരും പല തരത്തിലുള്ള ഉത്തരങ്ങൾ നൽകി. ഒടുവിൽ ഒരു വിദ്യാർത്ഥി എഴുന്നേറ്റു നിന്നു പറഞ്ഞു "ഞാൻ തന്നെയാണു സാർ എനിക്കേറ്റവും പ്രധാനപ്പെട്ട വ്യക്തി". എല്ലാവരും ചിരിച്ചു. പ്രൊഫസർ പക്ഷേ അവന്റെ അടുത്തു ചെന്ന് തോളിൽ തട്ടി അഭിനന്ദിക്കുകയാണ് ഉണ്ടായത്. മിടുക്കൻ നീ മാത്രമാണ് സത്യം പറഞ്ഞത് അദ്ദേഹം പറഞ്ഞു നിങ്ങൾ മുമ്പു പറഞ്ഞ ഉത്തരങ്ങളെല്ലാം ശരിയാണെങ്കിലും ഒടുവിൽ പറഞ്ഞ ഉത്തരമാണ് ഏറ്റവും ശരി. ഓരോരുത്തർക്കും അവനവൻ തന്നെയാണ് ഏറ്റവും പ്രധാനവ്യക്തി. ഇതാണ് നഗ്നമായ സത്യം. നിങ്ങൾ മറ്റൊരാളുമായി ഇടപെടുമ്പോൾ സംസാരിക്കുമ്പോൾ ഈ സത്യം ഓർത്തിരിക്കണം. ആ വ്യക്തിയെ ഒരു പ്രധാനപ്പെട്ട വ്യക്തിയായി നിങ്ങൾ പരിഗണിക്കണം. അംഗീകരിക്കണം. അതയാൾക്ക് ബോദ്ധ്യമാവുന്നവിധം പെരുമാറുകയും സംസാരിക്കുകയും ചെയ്യണം. അപ്പോൾ നിങ്ങളുടെ സാമീപ്യം സന്തോഷകരമായി അയാൾക്ക് അനുഭവപ്പെടും. മറ്റുള്ളവരെ പ്രധാന വ്യക്തികളായി പരിഗണിക്കുകയും അതനുസരിച്ച് പെരുമാറുകയും ചെയ്യുന്നത് വ്യക്തിത്വത്തിന്റെ മാറ്റു വർദ്ധിപ്പിക്കുന്നു. മറ്റുള്ളവരെ അംഗീകരിക്കാത്തതാണ് വ്യക്തിബന്ധങ്ങളുടെ ശൈഥില്യത്തിനു പ്രധാന കാരണം. വീട്ടിലായാലും ഓഫീസിലായാലും സന്ദർശകർക്ക് അവഗണന പാടില്ല. വീട്ടിലെത്തുന്ന അതിഥിയോ സ്നേഹിതനോ ബന്ധുവോ ആരായാലും അയാളാണ് പ്രധാന വ്യക്തി. അതു നമ്മുടെ പെരുമാറ്റത്തിൽ പ്രതിഫലിക്കണം. ടി.വി കാണുകയാണെങ്കിൽ അത് ഓഫാക്കാതെ അതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നത് അതിഥിയെ അവഗണിക്കുന്നതായി അയാളിൽ തോന്നലുണ്ടാക്കും. സന്ദർശകനുമായി സംസാരിക്കാൻ താല്പര്യം കാട്ടിയാൽ അയാളുടെ സാന്നിദ്ധ്യം സ്വാഗതം ചെയ്യപ്പെടുന്നു എന്ന് അയാൾക്കു ബോദ്ധ്യപ്പെടും. മനുഷ്യന്റെ ആവശ്യങ്ങളിൽ അതിപ്രധാനമായ ഒന്നാണ് അംഗീകരിക്കപ്പെടുക എന്നുള്ളത്. എല്ലാതരത്തിലുള്ള മനുഷ്യരിലും അഭിനന്ദനത്തിനും അംഗീകാരത്തിനുമുള്ള ദാഹം കുടി കൊള്ളുന്നു എന്ന് പ്രമുഖ മന:ശാസ്ത്രജ്ഞൻ അഭിപ്രായപ്പെടുന്നു.

ലോക പ്രസിദ്ധനായ സാഹിത്യകാരനാണ് ടോൾസ്റ്റോയി. ഒരു ദിവസം വൈകുന്നേരം അദ്ദേഹം നടക്കാനിറങ്ങി. വഴിയരികെ ഇരുന്നു ഒരു ഭിക്ഷക്കാരൻ അദ്ദേഹത്തോടു ഭിക്ഷ ചോദിച്ചു. "സാർ വല്ലതും തരണേ ഞാൻ രണ്ടു ദിവസമായി ഭക്ഷണം കഴിച്ചിട്ട്. അയാൾക്കെന്തെങ്കിലും കൊടുക്കുവാനായി ടോൾസ്റ്റോയി പോക്കറ്റിൽ പേഴ്സ് തപ്പി. അപ്പോഴാണ് താൻ പേഴ്സ് എടുക്കുവാൻ മറന്നുപോയ കാര്യം ഓർത്തത്. അദ്ദേഹം ഭിക്ഷക്കാരനോടു ഇങ്ങനെ പറഞ്ഞു. സഹോദര, ഞാൻ പേഴ്സ് എടുക്കുവാൻ മറന്നുപോയി. എന്റെ കൈയ്യിൽ ഒന്നും ഇല്ല. പിന്നീട് ഒരിക്കൽ തരാം. ഇതുകേട്ട് ഭിക്ഷക്കാരൻ പൊട്ടിക്കരയുവാൻ തുടങ്ങി. ടോൾസ്റ്റോയി അടുത്തുചെന്ന് അയാളുടെ തോളിൽ കൈവച്ചുകൊണ്ട് ചോദിച്ചു. സഹോദരാ എന്തിനാണ് താങ്കൾ കരയുന്നത്? ഉടനെ അയാൾ പറഞ്ഞു. സാറേ എനിക്കു പണം വേണ്ട. അങ്ങ് എന്നെ സഹോദരാ എന്നു വിളിച്ചല്ലോ. മറ്റെല്ലാവരും എന്നെ അവജ്ഞയോടെ വീക്ഷിച്ചപ്പോൾ താങ്കൾ എന്നെ സഹോദരാ എന്നു വിളിച്ച് എന്നെ സ്നേഹിച്ചല്ലോ. എനിക്കതുമതി. ദാനധർമ്മങ്ങളെക്കാൾ എത്രയോ വലുതാണ് സ്നേഹത്തോടുകൂടിയ ഒരു വാക്കും പുഞ്ചിരിയും. മറ്റുള്ളവരെ ശ്രേഷ്ഠരായി കണ്ട് അംഗീകരിക്കുന്നത് അവരെ പ്രധാന വ്യക്തികളായി നാം പരിഗണിക്കുന്നു എന്നുള്ളതിന്റെ തെളിവാണ്. വി. വേദപുസ്തകത്തിൽ ഫിലിപ്യർ ലേഖനത്തിൽ പറയുന്നുണ്ടല്ലോ "ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവരെ, തന്നെക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവിൻ."

ഒരു വ്യക്തി കുഞ്ഞായിരിക്കുമ്പോൾ മുതൽ കേൾക്കുന്ന സ്നേഹനാദമാണ് അവന്റെ പേര്. ആ പേര് അവന്റെ ഏറ്റവും പ്രാധാന്യമുള്ള വിശിഷ്ടമായ സമ്പത്താണ്. തന്റെ ക്ലാസ്സിലെ കുട്ടികളുടെ പേര് ഓർത്തിരിക്കുന്ന അദ്ധ്യാപകനും തന്റെ അനുയായികളുടെ പേരു ചൊല്ലി വിളിക്കുന്ന രാഷ്ട്രീയ നേതാവും, തന്റെ കീഴ്ജീവനക്കാരുടെ പേരുകൾ ഹൃദിസ്ഥമാക്കിയ മാനേജരും മറ്റുള്ളവരിൽ സ്വാധീനം ചെലുത്താൻ കഴിവുള്ളവരാണ്. ഒരു ഇടവകയിലെ കുടുംബങ്ങളുടേയും അംഗങ്ങളുടെയും പേരുകൾ അറിഞ്ഞിരിക്കുന്ന വികാരിമാർക്ക് അവരുമായി നല്ലബന്ധം പുലർത്താൻ സാധിക്കും. സുപ്രധാന തീരുമാനങ്ങൾ എടുക്കുന്നതിനു മുമ്പ് വ്യക്തികളോടു അഭിപ്രായം ആരായുന്നത് ആ വ്യക്തികളെ നാം ശ്രേഷ്ഠരെന്നു കരുതുന്നതായി ആ വ്യക്തികളിൽ തോന്നലുണ്ടാക്കാൻ സാധിക്കും. അവസരം കിട്ടുമ്പോഴൊക്കെ അവരെ ആത്മാർത്ഥമായി അഭിനന്ദിക്കുക. മറ്റുള്ളവർ സംസാരിക്കുമ്പോൾ അതു തടസ്സപ്പെടുത്താതെ ശ്രദ്ധയോടും താല്പര്യത്തോടും ശ്രവിക്കുന്നത് അവരെ പ്രധാന വ്യക്തികളായി പരിഗണിക്കുന്നതിനു തുല്യമാണ്. മനുഷ്യർ ഓരോരുത്തരും പരസ്പരപൂരകങ്ങളാണ്. എല്ലാ കഴിവുകളും സദ്ഗുണങ്ങളും

# യേശു അത്തിവൃക്ഷത്തെ ശപിച്ചത് എന്തിന്?

റിജോ മാത്യൂസ് ചെറുമഠക്കാലായിൽ

നമുക്ക് ഏവർക്കും സുപരിചിതമായ വേദഭാഗം ആണല്ലോ മർക്കോസ് 11:12-14 (യേശു അത്തിവൃക്ഷത്തെ ശപിക്കുന്നു). ഈ വേദഭാഗം വായിക്കുമ്പോൾ നമ്മൾ കാണുന്നത് യേശുവിന് വിശന്നു എന്നാണ്. ഇവിടെ പ്രതിപാദിക്കുന്ന വിശപ്പ് കർത്താവ് നമ്മിലുള്ള ആത്മാവിന്റെ ഫലത്തിനായി വിശക്കുന്നു എന്നാണ്.

ഈ വേദഭാഗത്തു കാണുന്ന അത്തിവൃക്ഷം നമ്മുടെ ആത്മീയ അവസ്ഥയെ സൂചിപ്പിക്കുന്നു. ഈ അത്തിവൃക്ഷത്തിൽ നിറച്ചും ഇലകൾ ഉണ്ട്. അതായത് ദൂരത്തുനിന്ന് നോക്കുമ്പോൾ നല്ല തഴച്ചു വളർന്നിരിക്കുന്ന വൃക്ഷമായി കാണപ്പെട്ടു. ദൂരെ നിന്ന് നോക്കുമ്പോൾ ഒറ്റ നോട്ടത്തിൽ തീർച്ചയായും അതിൽ ഫലം കാണും എന്ന് ആരും വിചാരിച്ചു പോകും. എന്നാൽ അതിനരികെ എത്തുമ്പോൾ ഇലകൾ അല്ലാതെ ഫലം ഒന്നും കാണുന്നില്ല.

ഇതുപോലെയല്ലെ നമ്മിൽ പലരുടെയും ആത്മീയ അവസ്ഥ? പുറമെ കാണുമ്പോൾ നാം ആത്മീയമായി ഒത്തിരി വളർന്നവർ എന്ന് തോന്നാം. മറ്റുള്ളവർ കാണുമ്പോൾ നാം സദാ നേരവും പ്രാർത്ഥിക്കുന്നുണ്ട്, വേദപുസ്തകം വായിക്കുന്നുണ്ട്, വചനങ്ങൾ ശ്രവിക്കാറുണ്ട്, പ്രാർത്ഥനാ കൂട്ടായ്മകളിൽ എല്ലാം പങ്കെടുക്കാറുണ്ട്, പ്രസംഗിക്കാറുണ്ട്. വി. കുർബ്ബാനകളിൽ സ്ഥിരമായി പങ്കെടുക്കാറുണ്ട്.... എന്നാൽ നമ്മോട് അടുത്ത് ഇടപെടുമ്പോൾ മാത്രമേ നമ്മിൽ യഥാർത്ഥമായി ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നുണ്ടോ എന്ന് തിരിച്ചറിയാൻ സാധിക്കുകയുള്ളൂ. ഗലാത്യർ 5:22 ൽ പറയുന്ന ആത്മാവിന്റെ ഫലങ്ങളായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നിവ നമ്മിലുണ്ടോ എന്ന് നമ്മെതന്നെ പരിശോധിച്ചു ബോധ്യപ്പെടുക. അതോ യേശു ശപിച്ച ആ അത്തിവൃക്ഷത്തെപ്പോലെ നമ്മിൽ ഇലകൾ മാത്രമേ ഉള്ളോ?

എന്നാൽ എന്നെ കൂടുതൽ ചിന്തിപ്പിച്ച വേറൊരു കാര്യം ഈ വാക്യങ്ങളിൽ പറയുന്നുണ്ട്. 'അത് അത്തിപ്പഴത്തിന്റെ കാലമല്ലായിരുന്നു' എങ്കിൽ പിന്നെ എന്തുകൊണ്ട് യേശു ആ അത്തിവൃക്ഷത്തിനെ ശപിച്ചു?

ഇവിടെ നാം മനസ്സിലാക്കേണ്ടത് ദൈവത്താൽ വിളിക്കപ്പെട്ടവരായ നാം കാലാകാലങ്ങളിൽ ഫലം കായ്ക്കുന്ന ക്രിസ്ത്യാനികൾ (Seasonal Christians) ആയല്ല ജീവിക്കേണ്ടത്. Seasonal Christians ചില പ്രത്യേക കാലങ്ങളിൽ മാത്രം ഫലം കായ്ക്കുന്നു. അതായത് നോമ്പ് കാലങ്ങളിൽ, കഷ്ടാനുഭവ ആഴ്ചകളിൽ, ഉപവസിക്കുമ്പോൾ, ധ്യാന കേന്ദ്രങ്ങളിൽ ചെല്ലുമ്പോൾ.....അല്ലാത്ത സമയങ്ങളിൽ അവർ ലോകത്തിന്റേതായ ഇമ്പങ്ങളിൽ സ്വാർത്ഥതയോടെ ജീവിക്കുന്നു. എന്നാൽ കർത്താവ് നമ്മുടെ ജീവിതത്തിൽ നിന്ന് ആഗ്രഹിക്കുന്നത് എല്ലാ സമയവും ത്യാഗ മനോഭാവത്തോടെ നിത്യവും ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്ന അത്തിവൃക്ഷമായി തീരണം എന്നാണ്.

അതിന് നിത്യവും പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനായി പ്രാർത്ഥിച്ച് ഉല്പത്തി 49:22 ൽ യൗസേഫിനെ വിശേഷിപ്പിക്കുന്നതുപോലെ ഫലപ്രദമായൊരു വൃക്ഷമായി' ത്തീരാൻ നമുക്ക് യത്നിക്കാം.

---

തികഞ്ഞവർ ആരുമില്ല. സഹജരുടെ കുറവുകൾ പരിഹരിക്കാൻ നമ്മുടെ കഴിവുകൾ വിനിയോഗിക്കണം. പക്ഷേ നമ്മിൽ അധികം പേരും ചെയ്യുന്നത് അന്യന്റെ തിന്മകളെ കണ്ടെത്തുകയും അതുവഴി വിമർശനത്തിന് ഒരുമ്പെടുകയുമാണ്. മറ്റെ ആളിനെക്കാൾ മെച്ചപ്പെട്ടവനും ശ്രേഷ്ഠനുമാണ് താനെന്ന ഭാവത്തിൽ വർത്തിക്കുന്നു. സമൂഹത്തെ ശാരീരികമായും വ്യക്തികളെ അതിന്റെ അവയവങ്ങളായും സങ്കല്പിച്ചുകൊണ്ടുള്ള പൗലോസിന്റെ പ്രബോധനം സമൂഹത്തിന്റെ ഏകയോഗ ക്ഷേമമാണ് ലക്ഷ്യമാക്കുന്നത്. ശരീരത്തിൽ ഭിന്നത വരാതെ അവയവങ്ങൾ അന്യോന്യം ഒരുപോലെ കരുതേണ്ടതിനായി ദൈവം കുറവുള്ളതിനെ അധികം മാനം കൊടുത്തുകൊണ്ട് ശരീരത്തെ കൂട്ടിച്ചേർത്തിരിക്കുന്നു. അതിനാൽ ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ അവയവങ്ങൾ ഒക്കെയും കൂടെ കഷ്ടം അനുഭവിക്കുന്നു. ഒരു അവയവത്തിനു മാനം വന്നാൽ അവയവങ്ങൾ ഒക്കെയും കൂടെ സന്തോഷിക്കുന്നു. ഇതു ഒരു കാര്യം വെളിപ്പെടുത്തുന്നു. എല്ലാ മനുഷ്യരും ഒരു തരത്തിലല്ലെങ്കിൽ മറ്റു തരത്തിൽ പ്രാധാന്യമുള്ളവരാണ്. മനുഷ്യൻ സ്വയം പര്യാപ്തരോ ഒറ്റപ്പെട്ട ദ്വീപുകളോ അല്ല. പരസ്പര പൂരകങ്ങളായ വ്യക്തികളാണ്. അത് രാജാവായാലും ഭിക്ഷക്കാരനായാലും ആർക്കും ബാധകമാണ്. ചെറിയവനാണെന്നു കരുതി ആരെയും അവഗണിക്കരുത്. ലോകം കണ്ട മഹാപ്രതിഭകളിലൊരാളായ ആൽബർട്ട് ഐൻസ്റ്റീൻ തന്റെ മരണക്കിടക്കയിൽ കിടക്കുമ്പോൾ അദ്ദേഹത്തെ സന്ദർശിച്ച ഒരു പത്രലേഖകൻ ചോദിച്ചു, അറിവുകളുടെയും കണ്ടു പിടിത്തങ്ങളുടെയും കുലപതിയായ അങ്ങു മരിക്കാനൊരുങ്ങുമ്പോൾ അങ്ങേയ്ക്ക് എന്തു വികാരമാണ് തോന്നുന്നത്. ഐൻസ്റ്റീൻ ഒരു നിമിഷം ആലോചിച്ചു. പിന്നീട് മൃദുവായി ചിരിച്ചുകൊണ്ടു പറഞ്ഞു വർണ്ണശബളമായ അനേകായിരം മുത്തുകളും പവിഴങ്ങളും നിറഞ്ഞ ഒരു മഹാസമുദ്രത്തിൽനിന്നും ഏതാനും പൊടിഞ്ഞ കക്കകൾ പെറുക്കിയെടുത്ത ഒരു വ്യക്തിയുടെ മാനസികാവസ്ഥയാണ് എനിക്കുള്ളത്. ഈ മനോഭാവമാണ് മനുഷ്യർക്കാവശ്യം. ഞാൻ മാത്രമാണ് ഏറ്റവും പ്രധാനപ്പെട്ട വ്യക്തി എന്ന മനോഭാവം മാറണം. ഓരോ വ്യക്തിയും താൻ ജീവിക്കുന്ന സമൂഹത്തിൽ പ്രധാന വ്യക്തികളാണെന്ന ബോധ്യം പരസ്പരം ഉണ്ടാകണം.




**റവ. ഫാ. തോമസ്കുട്ടി എം.എസ്, മങ്ങാട്ട്**
(വികാരി, )

### വാങ്ങിപ്പിനുശേഷം 1-ാം ഞായർ (മർക്കോസ് 10:3545) 22-08-2021

യേശു തമ്പുരാന്റെ കാലത്ത് യഹൂദന്മാർ മശിഹായെപ്പറ്റി കരുതിയിരുന്നത് തങ്ങളെ റോമാ സാമ്രാജ്യത്തിന്റെ കീഴിൽ നിന്നു മോചിപ്പിച്ച് വലിയ സാമ്രാജ്യം സ്ഥാപിക്കുമെന്നായിരുന്നു. യേശുതമ്പുരാൻ അങ്ങനെ പുതിയ രാജ്യം സ്ഥാപിക്കുമ്പോൾ, ആ രാജ്യത്തിൽ ഉന്നതമായ സ്ഥാനം യാക്കോബിനും യോഹന്നാനും ലഭിക്കുമെന്ന് അവർ കരുതി. ഈ സാഹചര്യത്തിൽ നിന്നുകൊണ്ടാവണം അവർ യേശുതമ്പുരാനോട് പറയുന്നത്; മഹത്വത്തിൽ തങ്ങളെ ഇടത്തും വലത്തുമായി ഇരുത്തണം എന്ന്. ഉന്നതമായ ഏത് സ്ഥാനത്തും എത്തുന്നതിന് അതിന്റേതായ സഹനങ്ങളും പ്രതിസന്ധികളും ഒക്കെയുണ്ട്. അതൊക്കെയും അതിജീവിച്ചാൽ മാത്രമെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുവാൻ കഴിയുകയുള്ളൂ. ക്രിസ്തുവിന്റെ അനുയായികളായ നാമും ക്രിസ്തുവിനെ അനുഗമിക്കണമെങ്കിൽ, ക്രിസ്തു പറഞ്ഞതുപോലെ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് ക്രിസ്തുവിനെ അനുഗമിക്കണം (ലൂക്കോ.9:23). ഉന്നതിക്കുള്ള മാർഗ്ഗം സഹനമാണ്. സഭാപിതാവായ അഗസ്തിനോസ് പറയുന്നത് ഇപ്രകാരമാണ്. ഇടത്തും വലത്തും ഇരിക്കാനുള്ള വരം ചോദിച്ചവരും മഹത്വത്തിനുവേണ്ടിയാണ് യാചിച്ചത്. അവർ അന്വേഷിക്കുകയായിരുന്നു; എന്നാൽ വഴി കണ്ടെത്തിയില്ല. ശരിയായ വഴിയിലൂടെ അവർ സ്വദേശത്തെത്തുന്നതിനുവേണ്ടി യേശു അവരെ ഇടുങ്ങിയ മാർഗ്ഗത്തിലേക്കു തിരികെ വിളിച്ചു. സ്വദേശം ഉന്നതങ്ങളിലാണെങ്കിലും അവിടേക്കുള്ള വഴി താഴ്ന്നതാണ്. മാതൃദേശം മ്ശിഹായിലുള്ള ജീവിതമാണ്; അവിടേക്കുള്ള വഴി മ്ശിഹായൊടൊത്തുള്ള മരണമാണ്. ലക്ഷ്യം മ്ശിഹായോടൊത്തുള്ള നിത്യവാസമാണ്; മാർഗ്ഗം അവനോടൊത്തുള്ള സഹനമാണ്. സ്വദേശത്തെ ആഗ്രഹിക്കുന്നവർ അവിടേയ്ക്കുള്ള പാത പുൽകണം". ക്രിസ്തുവിന്റെ അനുയായികളായ നാം ഓരോരുത്തരും ജീവിതത്തിൽ നേരിടുന്ന സഹനങ്ങളെ ക്രിസ്തുവിനോടൊത്തുള്ള വാസത്തിനായുള്ള മാർഗ്ഗമായി കണ്ട്, ആ സഹനങ്ങളുടെ നടുവിലും ക്രിസ്തുവിനെ മുറുകെ പിടിച്ച് പ്രത്യാശയോടെ ജീവിതത്തെ മുന്നോട്ടു കൊണ്ടുപോകുവാൻ സാധിക്കണം.

ഏവൻഗേലിയോന്റെ അവസാനഭാഗത്ത് ക്രിസ്തു പറയുന്നു; നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാവർക്കും ദാസനാകേണം (10:44). ക്രിസ്തു വിജയം കൈവരിച്ചത് താഴ്മയിലൂടെയാണ്. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണയുള്ളവനായിത്തീർന്നു. അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നല്കി (ഫിലി.2:6-9) സഭാപിതാവായ ക്രിസോസ്റ്റം ഇപ്രകാരം പറയുന്നു, "അവൻ തന്നെത്തന്നെ വിനീതനാക്കുന്നതിനു മുമ്പ് മാലാഖമാർ മാത്രമേ അവനെ അറിഞ്ഞുള്ളൂ. അതിനുശേഷം മനുഷ്യപ്രകൃതി മുഴുവൻ അവനെ അറിഞ്ഞു. തന്നെത്തന്നെ താഴ്ത്തിയതു കൊണ്ടു അവനു നഷ്ടം സംഭവിച്ചില്ല. മറിച്ച് അത് അസംഖ്യം നന്മകൾക്കും എണ്ണമറ്റ പുണ്യപ്രവർത്തികൾക്കും കാരണമാകുകയും അവന്റെ മഹത്വം പൂർവ്വോപരി ശോഭിക്കുകയും ചെയ്തു. ദൈവത്തിന് ഒന്നിന്റെയും കുറവില്ല. ഒന്നും ആവശ്യവുമില്ല. എന്നിട്ടും അവൻ തന്നെത്തന്നെ ശൂന്യനാക്കിയപ്പോൾ അവന്റെ ഭവനം വലുതായി. രാജ്യം വിസ്തൃതമായി എങ്കിൽ നിന്നെതന്നെ വിനീതനാക്കുന്നതിന് നീ എന്തിനു ഭയപ്പെടുന്നു?". അതുകൊണ്ട് നമ്മുടെ ജീവിതത്തിലും ക്രിസ്തുവിനെ മാതൃകയാക്കിക്കൊണ്ട് താഴ്മയിലൂടെ വിജയത്തിലേയ്ക്ക് നടന്ന് അടുക്കുവാനായിട്ട് നമ്മൾക്ക് കഴിയണം. ഉന്നതഭാവവും, നിഗളവും, ഉന്നതസിംഹാസനവും ഒക്കെയും മാറ്റിവച്ച്, വിനയം എന്ന സ്വഭാവം സ്വീകരിച്ച് സഹനം എന്ന പാതയിലൂടെ ക്രിസ്തുവിൽ എത്തിച്ചേരുവാൻ നമ്മൾക്ക് സാധിക്കണം.

### വാങ്ങിപ്പിനുശേഷം 2-ാം ഞായർ (ലൂക്കോസ് 11:9-20) 29-08-2021

'പ്രാർത്ഥനയുടെ സുവിശേഷം' എന്നാണ് വി.ലൂക്കോസ് എഴുതിയ കർത്താവിന്റെ രക്ഷാ സുവിശേഷം അറിയപ്പെടുന്നത്. സുവിശേഷം ആരംഭിക്കുന്നതും അവസാനിക്കുന്നതും ദൈവാലയത്തിലെ പ്രാർത്ഥനയോടു കൂടിയാണ്. സെഖര്യ പുരോഹിതൻ ക്രമപ്രകാരം ദൈവാലയത്തിൽ ധൂപം കാട്ടുന്ന സമയത്ത് ജനസമൂഹം പുറത്ത് പ്രാർത്ഥിച്ചുകൊണ്ടിരുന്നു എന്ന് സുവിശേഷത്തിന്റെ ആരംഭത്തിൽ (1:10) വായിക്കുന്നു. സുവിശേഷത്തിന്റെ അവസാനഭാഗത്താണ് (24:53), കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം അവർ എല്ലായ്പ്പോഴും ദൈവാലയത്തിൽ ഇരുന്നു ദൈവത്തെ വാഴ്ത്തിപ്പോന്നു എന്നും വായിക്കുന്നു. ഒരു വിശ്വാസിയുടെ ജീവിതത്തിൽ പ്രാർത്ഥനയ്ക്ക് എത്രമാത്രം പ്രാധാന്യം ഉണ്ട് എന്നും, എപ്രകാരം പ്രാർത്ഥിക്കണം എന്നും ഈ സുവിശേഷത്തിൽ നിന്നും പഠിക്കുവാൻ സാധിക്കും. 11-ാം അദ്ധ്യായം ആരംഭിക്കുന്നതു തന്നെ യേശുതമ്പുരാൻ ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചുകൊണ്ടാണ്. 9-ാം വാക്യത്തിൽ; യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും, അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ എന്നാൽ നിങ്ങൾക്ക് തുറക്കും എന്ന വലിയ വാഗ്ദാനം ക്രിസ്തു നൽകുന്നു.

പുതിയ നിയമം എഴുതപ്പെട്ടതായ ഗ്രീക്ക് ഭാഷയിൽ യാചിക്കുക, അന്വേഷിക്കുക, മുട്ടുക എന്നീ മൂന്നു ക്രിയകളും തുടർച്ചയായ പ്രവർത്തനത്തെ സൂചിപ്പിക്കുന്നു. യാചിച്ചുകൊണ്ടിരിക്കുക, അന്വേഷിച്ചുകൊണ്ടിരിക്കുക, ദൈവത്തിന്റെ കരുണാവാതിൽ മുട്ടിക്കൊണ്ടിരിക്കുക. ഇതാണ് പ്രാർത്ഥനയുടെ

മാതൃക. ഒരിക്കലും അവസാനിക്കാത്ത പ്രക്രിയ. പ്രാർത്ഥന ഒരിക്കലും അവസാനിക്കാത്ത പ്രക്രിയ ആണെന്ന് ക്രിസ്തു നമ്മളെ പഠിപ്പിക്കുന്നു. ലൂക്കോസ് അറിയിച്ച സുവിശേഷം പതിനൊന്നാം അദ്ധ്യായം അഞ്ച് മുതലുള്ള വാക്യങ്ങളിലും, 18-ാം അദ്ധ്യായം ഒന്നു മുതലുള്ള വാക്യങ്ങളിലും മടുത്തുപോകാതെ പ്രാർത്ഥിക്കുവാൻ ക്രിസ്തു ആഹ്വാനം ചെയ്യുന്നു. സഭാപിതാവായ ക്രിസോസ്റ്റം ഇപ്രകാരം പറയുന്നു; "യാചിക്കുക എന്നു പറഞ്ഞാൽ വലിയ താത്പര്യത്തോടും ഏകാഗ്രതയോടും യാചിക്കുക. അന്വേഷിക്കുന്നവൻ അവന്റെ മനസ്സിൽ നിന്ന് മറ്റ് എല്ലാ ചിന്തകളും മാറ്റിവയ്ക്കുന്നു. അവൻ അന്വേഷിക്കുന്ന കാര്യത്തിൽ മാത്രം ജാഗ്രത വയ്ക്കയും മറ്റ് എല്ലാ സാഹചര്യങ്ങളെയും ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്നു. ദൈവസന്നിധിയിൽ മുട്ടുക എന്നു പറഞ്ഞാൽ തീവ്രതയോടും അഭിനിവേശത്തോടും ദൈവത്തെ സമീപിക്കുക എന്നാണ്".

മടുത്തു പോകാതെയുള്ള പ്രാർത്ഥനയെക്കുറിച്ച് മാർട്ടിറിയസ് എന്ന സഭാപിതാവ് ഇപ്രകാരം പറയുന്നു "നമ്മൾ പ്രാർഥിക്കുമ്പോൾ അക്ഷമയോടെ പ്രാർത്ഥിക്കരുത്, എന്നാൽ താൽപര്യത്തോടെ രാവും പകലും ദൈവസന്നിധിയിൽ കരഞ്ഞുകൊണ്ട് താഴ്മയുള്ള ആത്മാവോടും നുറുങ്ങിയ മനസ്സോടും ദൈവത്തോട് കേണപേക്ഷിക്കുക, കാരണം തകർന്നും നുറുങ്ങിയിരിക്കുന്ന ഹൃദയത്തെ ദൈവം നിരസിക്കയില്ല''.

യാചിക്കേണ്ടത് എന്തിനുവേണ്ടിയാണ് എന്നതിനുള്ള ഉത്തരം, പരിശുദ്ധാത്മാവിനുവേണ്ടി എന്ന് കാണുവാൻ സാധിക്കും (11:13). അത് മാത്രമാണ് ഒരു വിശ്വാസിക്ക് അവന്റെ വിശ്വാസ ജീവിതത്തിൽ ആവശ്യമായിട്ടുള്ളൂ. പരിശുദ്ധാത്മാവ് നമ്മളെ സത്യത്തിൽ വഴി നടത്തും (യോഹ. 16:13). ഈ ലോക ജീവിതത്തിൽ നാം ആയിരിക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം നമ്മോടു കൂടെയുണ്ട് എന്ന തിരിച്ചറിവ് നമുക്ക് ഉണ്ടാകണം. മാബൂഗിലെ മോർ പീലക്സിനോസ് പറയുന്നത്; "പ്രാർത്ഥന എന്നത് വാക്യങ്ങളോ പാട്ടുകളോ സ്തുതി ഗീതങ്ങളോ അടങ്ങിയ സങ്കീർത്തനം മാത്രമല്ല. നമ്മുടെ ഉള്ളിലെ 'ആത്മീയ മനുഷ്യൻ' ജീവിക്കുന്നുണ്ട് എന്ന് തിരിച്ചറിയാത്തിടത്തോളം നമ്മുടെ പ്രാർത്ഥന അക്ഷരങ്ങളും വാക്കുകളും ശബ്ദങ്ങളും മാത്രമായി തീരും". ആയതിനാൽ വി. മാമോദീസായിലൂടെ നമുക്ക് ലഭിച്ചതായ പരിശുദ്ധാത്മാവ് നമ്മളെ സത്യത്തിൽ വഴിനടത്തിക്കൊണ്ട് നിരന്തരമായ പ്രാർത്ഥനാനുഭവത്തോടെ സ്വർഗ്ഗീയ കനാനിലേയ്ക്കുള്ള യാത്രയിൽ നമ്മൾക്ക് ആയിരിക്കാം.

## വാങ്ങിപ്പിനുശേഷം 3-ാം ഞായർ (മത്തായി 17:22-27) 05-09-2021

യേശു തമ്പുരാൻ തന്റെ മരണത്തെയും പുനരുത്ഥാനത്തെയും കുറിച്ച് രണ്ടാമതും മുൻകൂട്ടി പറയുന്നു. (മത്തായി 16:21). താൻ ദൈവപുത്രനാണെങ്കിലും താൻ ഭൂമിയിലേയ്ക്ക് വന്നത് മനുഷ്യരുടെ പാപപരിഹാരത്തിനുവേണ്ടി കഷ്ടതകളും കുരിശുമരണവും അനുഭവിക്കുന്നതിനാണ് എന്ന് ശിഷ്യന്മാരെ ഉറപ്പിക്കുന്നതിനുവേണ്ടിയാണ് തന്റെ സഹനത്തെക്കുറിച്ച് മുൻകൂട്ടി പറയുന്നത്. അല്ലയെങ്കിൽ, ദൈവപുത്രന് എങ്ങനെ മനുഷ്യരുടെ കൈകളിൽ ഏല്പിച്ചു കൊടുക്കാൻ കഴിയും എന്ന സംശയം അവരുടെ മനസ്സിൽ ഉണ്ടാവുകയും, അവർ ക്രിസ്തുവിനെ അവിശ്വസിക്കുകയും, അവൻ ദൈവപുത്രൻ ആണെന്നുള്ള കാര്യത്തിൽ സംശയിക്കുകയും ചെയ്യും. ആയതുകൊണ്ട് തന്റെ നിയോഗം മുൻകൂട്ടി ശിഷ്യന്മാർക്ക് വെളിപ്പെടുത്തുന്നു. അലക്സാന്ത്രിയായിലെ മോർ കൂറിലോസ് പറയുന്നു; "നമുക്കുവേണ്ടി താൻ രക്ഷാപ്രവർത്തനത്തിന് വിധേയനാവുകയും യഹൂദരുടെ അക്രമം അനുഭവിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. ഇത് സംഭവിക്കുമ്പോൾ, ശിഷ്യന്മാർ പരിഭ്രാന്തരാകുകയും അവർ പരസ്പരം ഇപ്രകാരം പറയുകയും ചെയ്യും; അവൻ ദൈവശക്തിയാൽ മരിച്ചവരിൽ നിന്ന് അനേകരെ ഉയിർത്തെഴുന്നേൽപ്പിച്ചു, കാറ്റിനെയും കടലിനെയും അവൻ ശാസിച്ചു., സാത്താനെ വാക്കുകളാൽ കീഴടക്കുന്നു. ഇപ്പോൾ അവൻ എങ്ങനെയാണ് കൊലപാതകികളുടെ കൂട്ടത്തിലേയ്ക്ക് വീണത്? പിന്നെ അവൻ ദൈവമാണെന്ന് കരുതിഞങ്ങൾ വഞ്ചിക്കപ്പെട്ടതാകാം. ആയതിനാൽ ശിഷ്യന്മാർ ഭാവിയെ പൂർണ്ണമായും അറിയണം. അതുകൊണ്ട് അവൻ തന്റെ കഷ്ടാനുഭവത്തെക്കുറിച്ച് മുൻകൂട്ടി പറയുന്നു".

ക്രിസ്തു എപ്പോഴൊക്കെ തന്റെ സഹനത്തെക്കുറിച്ച് പറയുന്നുവോ അപ്പോഴൊക്കെ അതിനോട് ചേർന്ന് ഉയിർപ്പിന്റെ പ്രത്യാശയും അവർക്ക് നൽകുന്നു. അവൻ കൊല്ലപ്പെടാൻ പോകുന്നത് അവരെ ദുഃഖിപ്പിക്കുകയാണെങ്കിലും മൂന്നാം ദിവസം അവൻ ഉയിർത്തെഴുന്നേൽക്കും എന്ന് പറയുന്നത് അവരെ സന്തോഷിപ്പിക്കുന്നു. സഭാപിതാവായ ജറോം പറയുന്നത് ഇപ്രകാരം ആണ് " ഭാവിയിലെ ദുരന്തത്തെക്കുറിച്ച് കർത്താവ് സംസാരിക്കുമ്പോഴെല്ലാം വീണ്ടെടുപ്പിന്റെ സന്തോഷവുമായി അതിന്റെ അടുത്തബന്ധം അവൻ എപ്പോഴും പഠിപ്പിക്കുന്നു. അങ്ങനെ പെട്ടെന്ന് ദുരന്തങ്ങൾ വരുമ്പോൾ അത് അപ്പോസ്തോലന്മാരെ ഭയപ്പെടുത്തുന്നില്ല". നമ്മുടെ ജീവിതത്തിൽ എപ്പോഴൊക്കെ നാം സഹനം നേരിടുമോ അപ്പോഴൊക്കെ, ഉയിർപ്പിന്റെ വലിയ സന്തോഷം ശിഷ്യന്മാർ അനുഭവിച്ചതുപോലെ, സഹനത്തിനൊടുവിൽ വലിയ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും അനുഭവം നമ്മൾക്കും ഉണ്ട് എന്ന പ്രത്യാശയോടെ ജീവിക്കുവാനായിട്ട് നമ്മൾക്ക് സാധിക്കണം.

ഏവൻഗേലിയോന്റെ അവസാന ഭാഗത്ത്, കരം കൊടുക്കാൻ താൻ ബാധ്യസ്ഥൻ അല്ലായെങ്കിലും മറ്റുള്ളവർക്ക് ഇടർച്ച ഉണ്ടാകാതിരിക്കുവാനായിട്ട് ക്രിസ്തു കരം കൊടുക്കുന്നു (17:27). ക്രിസ്തുവിന്റെ അനുയായികളായ നാം ഓരോരുത്തരും ക്രിസ്തുവിനെ മാതൃകയാക്കി കൊണ്ട് ജീവിക്കാൻ ബാധ്യതയുള്ളവരാണ്. ക്രിസ്തുവിനെ അനുകരിച്ചു കൊണ്ടാണോ നാം ജീവിക്കുന്നതെന്നും, നമ്മുടെ വാക്കുകളും പ്രവർത്തികളും മറ്റുള്ളവർക്ക് ഇടർച്ചയ്ക്ക് കാരണമാകുന്നുണ്ടോ എന്നും നാം ചിന്തിക്കണം. സഭാപിതാവായ ജറോം ഇപ്രകാരം പറയുന്നു. "ദൈവത്തിന്റെ പുത്രൻ എന്ന നിലയിലും ദാവീദിന്റെ പുത്രൻ എന്ന നിലയിലും ആത്മീയമായും ജഡപ്രകാരവും ക്രിസ്തു രാജാവിന്റെ മകനാണ്. രാജകുമാരൻ നികുതി കൊടുക്കേണ്ട ആവശ്യമില്ല. എന്നാൽ ജഡത്തിന്റെ താഴ്മ ഏറ്റെടുത്ത ഒരാൾ എന്ന നിലയിൽ അവൻ എല്ലാ നീതിയും നിറവേറ്റേണ്ടതുണ്ട്. നിർഭാഗ്യവശാൽ നാം ക്രിസ്തുവിനോട് ചേർക്കപ്പെടുകയും എന്നാൽ അവന്റെ മഹിമയ്ക്കു യോഗ്യമായ ഒന്നും ചെയ്യാതിരിക്കുകയും ചെയ്യുന്നു. അവൻ നമുക്കുവേണ്ടി കുരിശ് സഹിക്കുകയും അതുവഴി മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കുകയും ചെയ്തു. രാജകുമാരൻമാരെപ്പോലെ നാമും സ്വതന്ത്രരാണ്. എന്നാൽ നാം അവന്റെ മഹിമയ്ക്ക് അനുസരിച്ച് നമ്മുടെ ജീവിതം കൊണ്ട് ക്രിസ്തുവിനെ ആദരിക്കുന്നില്ല''. ക്രിസ്തുവിന്റെ അനുയായികളായ നാം മറ്റുള്ളവർക്ക് ഇടർച്ചയുണ്ടാകാതെ ജീവിക്കുവാൻ കടമയുണ്ട് എന്നും, ജീവിതത്തിൽ സഹനത്തിന്റെയും വേദനയുടെയും അവസാനം ദൈവം തീർച്ചയായും വലിയ സന്തോഷവും സമാധാനവും നൽകും എന്ന പ്രത്യാശയോടെ സാക്ഷ്യമുള്ളവരായി ജീവിക്കുവാൻ നമ്മൾക്ക് സാധിക്കണം.

കവിത

# വി. കുമ്പസാരം

ജയ്നമ്മ മർക്കോസ്, നടുവിലെ പറമ്പിൽ

ആസക്തിയോടെ നാരി നോക്കിയാൽ
വ്യഭിചാരത്തിൽ പടി കേറിടുമേ
സോദരനെ 'ഭോഷ' എന്നു വിളിച്ചാൽ
അഗ്നിയ്ക്കു യോഗ്യനായി തീർന്നിടുമേ.
പരിശുദ്ധ റൂഹാ ഇറങ്ങി വരൂ
പാപങ്ങളൊക്കെ ഓർപ്പിച്ചീടൂ
പാപങ്ങളൊക്കെ കുറിച്ചുകൊണ്ട്
വൈദികൻ ചാരേ എത്തിടട്ടെ
രഹസ്യ, പരസ്യ, മറന്ന, പാപങ്ങൾ
ഒക്കെയും നിന്നോടേറ്റു പറയാൻ
അനുതാപമുള്ളോരു ഹൃദയത്തെ നൽകി
എന്നുടെ ജീവിതം ധന്യമാക്കൂ!
ഉയർച്ചയ്ക്കും ഉണർവിനും കാരണമായോനെ
നിന്നെ വിട്ടു അടിയങ്ങൾ എവിടെപ്പോകും
ചേലോടു തന്ത്രങ്ങൾ 'ഓതി' അടുക്കുന്ന
സാത്താനിൽ നിന്നും വീണ്ടെടുക്കൂ.
ശവം ഉള്ളേടത്ത് കഴുകൻ എത്തിടുമ്പോൾ
പാപം ഉള്ളേടത്ത് സാത്താൻ വസിക്കും
ജഡിക പാപങ്ങൾ കഴുകി തുടയ്ക്കാൻ
കുമ്പസാരക്കൂട്ടിൽ എത്തിടുക.
ലജ്ജയും മടിയും തീണ്ടിടാതെ
പാപങ്ങളൊക്കെ ഏറ്റു പറഞ്ഞാൽ
കുമ്പസാരമെന്ന കൂദാശയിൽ കൂടി
രോഗത്തിൽനിന്നും മുക്തി നേടും.

പാപിയാം എന്നെ രക്ഷിപ്പാനായി
പാപമില്ലാത്തവൻ യാഗമായി
ആ യാഗം നമ്മളിൽ പൂർത്തിയാകാൻ
പാപത്തെ വിട്ടു ഓടിടുക.
മടങ്ങി വരാത്ത ലോകത്തിലേക്കു
മാലിന്യം കൂടാതെ യാത്ര ചെയ്യാൻ
പരിശുദ്ധ പരമ ദിവ്യ കാരുണ്യമേ
നിന്നിലെ ശക്തി എന്നിൽ നിറയൂ!
അന്ധവിശ്വാസം ഉള്ളിൽ നിറച്ച്
തലമുറയ്ക്കു ശാപം പേറിടുവാൻ
സൃഷ്ടാവിൻ കല്പന തെറ്റിക്കുവാൻ
സൃഷ്ടിയാം സാത്താൻ ശ്രമിച്ചീടുന്നു.
പാപങ്ങൾക്ക് ഒക്കെ പരിഹാരമായി
വചനം നിറച്ചും പ്രാർത്ഥന ചൊല്ലിയും
പുണ്യ പ്രവർത്തികൾ ചെയ്തുകൊണ്ട്
കർത്തന്റെ സ്നേഹം ഏറ്റു വാങ്ങൂ.
സ്വർഗ്ഗീയ സന്തോഷം ആസ്വദിക്കാൻ
കർത്തനോടൊത്തു എന്നെന്നും വാഴാൻ
അന്ത്യ ദിനത്തിൽ നിൻസ്വരം കേൾക്കാൻ
യേശു മണാളാ മുദ്രയിടൂ!
പാപത്തെ ജയിച്ചു മടങ്ങിടുവാൻ
ആശയുണ്ട് ഈശനെ ശുദ്ധമാകാൻ
നിൻകൃപ എന്നിൽ ഒഴുക്കിക്കൊണ്ട്
നിന്നുടെ കാന്തയായി തിർത്തീടുക!

---


**വാങ്ങിപ്പിനുശേഷം 4-ാം ഞായർ**
**(മർക്കോസ് 6:1-6) 12-09-2021**

ദൈവത്തിലുള്ള മനുഷ്യന്റെ വിശ്വാസം എത്രമാത്രം ആവശ്യമാണ് എന്ന് ഏവൻഗേലിയോൻ ഭാഗം സൂചിപ്പിക്കുന്നു(6:5). വിശ്വാസത്തോടെ ദൈവസന്നിധിയിലേയ്ക്ക് അടുത്തുവരുന്നവർ ധാരാളമായ ദൈവീക കൃപകൾ പ്രാപിക്കും. നമ്മുടെ വിശ്വാസത്തിന്റെ തോതനുസരിച്ച് നൽകപ്പെടുന്ന ദാനങ്ങളിൽ ഏറ്റക്കുറച്ചിലുകളുണ്ടാകാം എന്ന് തിരുവചനം പഠിപ്പിക്കുന്നു. അതുകൊണ്ടാണ് 'നിന്റെ വിശ്വാസംപോലെ ഭവിക്കട്ടെ' എന്നു ഒരുവനോടും (മത്തായി 9:29) 'പോവുക, നീ വിശ്വസിച്ചതുപോലെ നിനക്കു ഭവിക്കട്ടെ' **(മത്തായി 5:13)** എന്ന് മറ്റൊരുവനോടും, 'നിന്റെ ഇഷ്ടം പോലെ നിനക്കു ഭവിക്കട്ടെ' (മത്തായി 15:28) എന്ന് വേറൊരുവനോടും പറയപ്പെട്ടത്. സഭാപിതാവായ നസിയൻസിലെ ഗ്രിഗറി ഇപ്രകാരം പറയുന്നു; ''സൗഖ്യം പ്രാപിക്കാൻ ഇരുഭാഗത്തു നിന്നും ചില കാര്യങ്ങൾ ആവശ്യമുണ്ട്: രോഗിക്ക് വിശ്വാസവും ഭിഷഗ്വരന് പ്രാപ്തിയും ഉണ്ടായിരിക്കണം. ഇതിലൊന്ന് ഇല്ലാതിരുന്നാൽ സൗഖ്യം ലഭിക്കാൻ കഴിയില്ല. ഇക്കാര്യം ചികിത്സയിലെന്നപോലെ ആത്മീയ നവീകരണത്തിലും ബാധകമാണ്''. അതുകൊണ്ട് ദൈവത്തിലുള്ള പൂർണ്ണമായ വിശ്വാസത്തോടെ ദൈവത്തെ സമീപിക്കുവാനും അതുവഴി ദൈവീകമായ അനുഗ്രഹങ്ങൾ പ്രാപിക്കുവാനും നമ്മൾക്ക് ഇടയാകണം.

മനുഷ്യൻ ഭൂമിയിൽ വേല ചെയ്ത് ജീവിക്കുവാൻ ദൈവം അവനെ ഭൂമിയിൽ ആക്കി (ഉല്.2:15). ഓരോ വ്യക്തിക്കും അവരുടേതായ ഉത്തരവാദിത്തങ്ങൾ നിറവേറ്റുവാനായിട്ടുണ്ട്. അത് വ്യക്തിജീവിതത്തിലും, കുടുംബ ജീവിതത്തിലും, സഭാജീവിതത്തിലും, സമൂഹ ജീവിതത്തിലും ഉണ്ട്. ഓരോരുത്തർക്കും അവരവരുടെ ജീവിതത്തിൽ നിർവ്വഹിക്കേണ്ടതായ ഉത്തരവാദിത്വങ്ങൾ മടികൂടാതെയും ലജ്ജകൂടാതെയും നിർവ്വഹിക്കുവാൻ ബാധ്യതയുണ്ട്. സഭാപിതാവായ രക്തസാക്ഷിയായ ജസ്റ്റിൻ പറയുന്നു; "യേശു മരപ്പണിക്കാരന്റെ മകനായി വന്നു. പ്രവാചകൻ അവനെക്കുറിച്ച് പറഞ്ഞിരുന്നതുപോലെ, അഴകോ ആകാരഭംഗിയോ അവനുണ്ടായിരുന്നില്ല. നുകങ്ങളും കലപ്പകളും നിർമ്മിക്കുന്ന ഒരു സാധാരണ മരപ്പണിക്കാരനായിരുന്നു അവൻ. നീതിയുടെ ഇത്തരം പ്രതീകങ്ങളിലൂടെ അലസജീവിതം ഒഴിവാക്കാൻ അവൻ നമ്മെ ഉദ്ബോധിപ്പിച്ചു" എത്ര നിസ്സാരമായ കടമകളാണ് നമ്മൾക്ക് നിർവ്വഹിക്കുവാനായിട്ട് ഉള്ളതെങ്കിലും അത് അലസത കൂടാതെ വിശ്വസ്തതയോടെ നിർവ്വഹിക്കണം. സ്വർഗ്ഗീയ കനാനിലേക്കുള്ള തീർത്ഥാടകർ എന്ന നിലയിലും, ഉത്സാഹത്തോടെ ആ യാത്രയിൽ ആയിരിക്കാൻ പിതാക്കന്മാർ നമ്മളെ ഓർമ്മിപ്പിക്കുന്നുണ്ട്. സ്ലീബായുടെ പ്രഭാത പ്രാർത്ഥനയിൽ ഇപ്രകാരം ചൊല്ലുന്നുണ്ട് "അലസത ലേശം ബാധിച്ചാൽ തെറ്റായ വഴിയിലേക്കു വഴുതിപ്പോയി തന്റെ ആത്മാവിനെ സ്വയമേ നശിപ്പിക്കും" എന്ന്. ആയതുകൊണ്ട് നമ്മളെ ഏൽപ്പിച്ചിരിക്കുന്ന കടമകൾ നൂറുശതമാനം ആത്മാർത്ഥതയോടും വിശ്വസ്ഥതയോടും നിർവ്വഹിച്ചുകൊണ്ടും അതോടൊപ്പം അടിയുറച്ചതായ ദൈവവിശ്വാസത്തോടും കൂടെ ജീവിക്കണം. ●

## 40 – ാം ചരമദിനം

3 – 08 – 2021



## P.G. Abraham (Sunny)

**കിഴക്കേതേവർകുഴി, മാന്നാർ**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O


---

## 40 – ാം ചരമദിനം

3 – 08 – 2021

## 5 – ാം ചരമവാർഷികം

10 – 07 – 2021





## സി. കെ. കുര്യാക്കോസ്

**ചെറുമഠക്കാലായിൽ, കറ്റോട്**

## നിഷി ജോസഫ്

**കണ്ണങ്കര, റാന്നി**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

---

## 7 – ാം ചരമവാർഷികം

01 – 08 – 2021



## തങ്കമ്മ മാത്യു

**പുല്ലാട്ട്, ചിങ്ങവനം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

---

## 4th Death Anniversary

8-9-2021



## Anu Elias

**W/o Chinchu Rony, Chingavanam**

**തറയിൽ മുളയ്ക്കാംചിറ &**

**കാളിശ്ശേരിൽ കുടുംബാംഗങ്ങൾ**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

Advt - O

## 9 – ാം ചരമ വാർഷികം

18 – 08 – 2021



## 1 – ാം ചരമ വാർഷികം

14 – 08 – 2021



Advt -O

**മാത്യു പുന്നൂസ്**

(കുഞ്ഞവറാച്ചൻ)

**പി. എ. മാത്യു**

(കുഞ്ഞുമോൻ)

**പടിഞ്ഞാറേകളീക്കൽ, കുറ്റൂർ**

"നിത്യതയിൽ വീണ്ടും കാണാം എന്ന പ്രത്യാശയോടെ"

by പടിഞ്ഞാറേകളീക്കൽ കുടുംബാംഗങ്ങൾ

## 3 – ാം ചരമവാർഷികം

17 – 08 – 2021



Advt -O

**Benny Kuriakose**

**Thekkemadathil, Chingavanam**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

16 – 08 – 2021



Advt -O

**കെ. ഒ. ഏലിയാസ്**

(മുൻ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ സെന്റ് ജോർജ് ക്നാനായപള്ളി)

**ചെറിയതുരുത്തിയിൽ, വള്ളംകുളം**

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 5 – ാം ചരമവാർഷികം

21 – 08 – 2021



Advt -O

# Sabu Mathew

**(Asst. Commandant of police)**

**Kulachankal, Velloothuruthy**

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

## 2 – ാം ചരമവാർഷികം

19 – 08 – 2021



Advt - O

# Oonnittan Kuriakose (71)

**Othara Puthuvelil (H)**


**Cherukulanji P.O., Ranny**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

Love You Always Pappa *സന്തപ്ത കുടുംബാംഗങ്ങൾ*

## 2nd Birthday in Heaven

21-8-2021



Advt -O

# K.A. Joseph

**(Rtd. KSEB Oversear, സുവിശേഷകൻ)**

**Peedikaparambil, Kadavumpara,**
**Puthenveedu, Kuttoor P.O., Thiruvalla**

“ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു,
ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു.” (2 തിമോ 4:7)

By Sorrowing family

## രണ്ടാം ചരമവാർഷികം

30 – 08 – 2021



Advt -O

# ചാച്ചിയമ്മ പുന്നൂസ് (78)

**പാറയിൽ കല്ലമണ്ണിൽ, വള്ളംകുളം**

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാം എന്നുള്ള പ്രത്യാശയോടെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

വേർപാടിന്റെ 24 – ാം വർഷം

01 – 09 – 2021



M. I. Ittiyavera

(Kunjumon)

വേർപാടിന്റെ 3 – ാം വർഷം

18 – 09 – 2021



Mariamma Ittiyavera

(Mariammakutty)

Manimaleth House

Nellickamon P. O, Ranny

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

വേർപാടിന്റെ

30 വർഷം

25 – 04 – 2021



T.K. Chandy

Vazhatharayil,

Kumaranelloor

വേർപാടിന്റെ

30 വർഷം

24 – 08 – 2021

വേർപാടിന്റെ

44 വർഷം

5 – 09 – 2021



Kurian Saramma

Vazhatharayil, Chengalam

സന്തപ്ത കുടുംബാംഗങ്ങൾ

Advt -0

## 40 – ാം ചരമദിനം

07 – 08 – 2021



Advt -O

## തങ്കമ്മ ചാക്കോ

**പ്രാമ്പിമലയിൽ, വെസ്റ്റ് ഓതറ പി. ഒ., തിരുവല്ല**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 10 – ാം ചരമവാർഷികം

28-08-2021



## ഏബ്രഹാം M.ഏബ്രഹാം

**മാലത്തുശ്ശേരിൽ (U.S.A), ചിങ്ങവനം**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

Advt -0

സന്തപ്ത കുടുംബാംഗങ്ങൾ

## 2nd Death Anniversary

23 – 08 – 2021



## A.K. Jacob (Joy)

**Kunnirickel Manackel**
**Kattode, Thiruvalla.**

Advt -O

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

19 – 08 – 2021



## ലീലാമ്മ കുര്യാക്കോസ്

**ഇടശ്ശേരിയിൽ, റാന്നി**

Advt - O

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*



## 40 – ാം ചരമദിനം

**14-08-2021**

# എം. എം. ഏലിയാസ്

**മടുക്കുംമൂട്ടിൽ, പൂവൻതുരുത്ത്**

(മുൻ മാനേജിംഗ് എഡിറ്റർ ക്നാനായദീപം,
സുവിശേഷകൻ,
ഹെഡ്മാസ്റ്റർ സെന്റ് മേരീസ് ശാലേം സൺഡേസ്കൂൾ, ചിങ്ങവനം
ക്നായിതോമാ പ്രെയർ ഫെലോഷിപ്പ് കോ–ഓർഡിനേറ്റർ)


"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

ഭാര്യ: കുഞ്ഞമ്മ
മക്കൾ–മരുമക്കൾ–കൊച്ചുമക്കൾ

Advt - R

## 40 – ാം ചരമദിനം

**26 – 08 – 2021**



# കെ. സി. ഏബ്രഹാം (75)

(പാപ്പച്ചൻ)

**കുന്നേലായ കാരിയിൽ, ചിങ്ങവനം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*ദു:ഖാർത്തരായ കുടുംബാംഗങ്ങൾ*

Advt -O

## 40 – ാം ചരമദിനം

**10 – 08 – 2021**



# ബേബി തോമസ് (69)

(കൊച്ചുബേബി ഉപദേശി)

**ഇടശ്ശേരിവാക്കൽ, റാന്നി**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 1st Birthday in Heaven

2-08-2021



Advt - O

## Joel Abraham Mathew

**Kalayithra, Kuttoor**

കണ്ടുകൊതിതീരും മുമ്പേ സ്നേഹിച്ചുമതിവരും മുമ്പേ ഞങ്ങളിൽ നിന്നു വേർപെട്ടുപോയ പൊന്നുമോനെ നിത്യതയുടെ തീരത്തു കാണാമെന്നുള്ള പ്രത്യാശയോടെ...

അച്ചാച്ചൻ, അമ്മ, സൂസന്ന, അമ്മച്ചി

## 40-ാം ചരമദിനം

25-08-2021



Advt - O

## പൊന്നമ്മ തോമസ് (78)

(ഏലിയാമ്മ)

പരവഞ്ചേരിൽ, കുറിച്ചി

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൾ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 23rd Death Anniversary

16-05-2021



## K. Philip (Pappachan)

## 1st Death Anniversary

22-08-2021



## Achamma Philip (Pennamma)

## 28th Death Anniversary

11-09-2021



## Sunil Philip (Sannoy)

**Ariyattu House, Neelamperoor**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

Advt - O

## 10 –ാം ചരമവാർഷികം

30–08–2021



Advt -S

# Mariamma Joseph

**Manakkattu House, Pallam P.O., Kottayam**

**നിന്റെ ഓർമ്മകൾക്കു മുന്നിൽ മിഴി അടയ്ക്കാതെ ഞങ്ങൾ**

ദു:ഖാർത്തരായ കുടുംബാംഗങ്ങൾ

## 3 –ാം ചരമവാർഷികം

07–08–2021



Advt -S

# K. J. Abraham (Thampi)


**Kannamthanathu House, Ranny**

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

## 3 –ാം ചരമവാർഷികം

06- 09 -2021



Advt -S

# V. P. THOMAS

**VILAYIL, RANNY**

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ ”

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 –ാം ചരമദിനം

12–08–2021



Advt -R

# വൽസമ്മ ചാക്കോ

**W/o ചാക്കോ തോമസ് (തങ്കച്ചൻ)**

**കൊടിഞ്ഞുപ്പള്ളത്ത്, കുറിച്ചി**

“നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

മകൻ: **ബിനു കെ. ജേക്കബ്**, മരുമകൾ: **സോമി ബിനു**

കൊച്ചുമക്കൾ: **ബെറ്റീന, ബെനറ്റ്**

## 40 –ാം ചരമദിനം

2 – 08 – 2021



**പി. എ. സണ്ണിക്കുട്ടി**

(പ്രിൻസിപ്പൽ, Malayala Samajam School, Chennai)

**പുത്തൻപുരയ്ക്കൽ, (വാക്കമറ്റം), കോട്ടയം**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 36 –ാം ചരമവാർഷികം

7 – 08 – 2021

## 40 –ാം ചരമദിനം

14 – 08 – 2021



**തോമസ് കോര** **ചിന്നമ്മ കോര**

**കളപ്പുരപറമ്പിൽ, വെളിയനാട്**

ദു:ഖാർത്തരായ
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt -O

## 4 –ാം ചരമവാർഷികം

20 – 08 – 2021



# K. M. Mathew

**Kuttiyil (H), Kurichy**


**An inspiring father who loved us cared us and lived for us. You will always remain alive in our hearts.**

Inserted by Sorrowing Family

Advt -O

## *10th Year of Demise*

21 – 08 – 2021



**Lt.Col.M.C.Abraham (Retd.)**

**(Kunjavarachen), Bangalore,**
**Vellayampallil House, Kattode**

*'For if we believe that Jesus died and rose again, even so them also which sleep in Jesus will God bring with him' (1 Thessalonians 4:14)*

*Deeply missed and lovingly remembered by:*
*Wife, Daughters,Sons-in-law,Grand Children,*
*Great Grand Children, Relatives & Friends*

Advt -G

# 16th Death Anniversary

14-08-2021



# Chev. P. A. Mathew

## (Mathukutty)

**Palliampil, West Othera, Thiruvalla**


**POABS GROUP**

Advt -S


1 – ാം ചരമവാർഷികം
31 – 8 – 2021

2 – ാം ചരമവാർഷികം
02 – 08 – 2021

28 – ാം ചരമവാർഷികം
12 – 07 – 2021







**കെ. എം. തോമസ്**
**(ജോയി)**

**അമ്മുക്കുട്ടി തോമസ്**

**ജോർജ് തോമസ്**
**(മോൻ)**

Advt - S

**കുന്നിരിയ്ക്കൽ, പഴവങ്ങാടി, റാന്നി**

**"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ"**

സന്തപ്ത കുടുംബാംഗങ്ങൾ

2 – ാം ചരമവാർഷികം

**15-08-2021**



Advt -R

**N.U. CHACKO (83)**

**(PAPPACHEN)**

**Neduvoppil, Eara**

**"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"**

*സന്തപ്ത കുടുംബാംഗങ്ങൾ*

**40th Day of Demise**

07 – 08 – 2021



Advt - S

**K.M.Thomas**

**(Rtd. Engineer. Coal India, Bihar)**

**Karkadakompallil House, Thuruthicad**

By Sorrowing family

## 40 – ാം ചരമ വാർഷികം

27-08-2021



Advt -R

## T.C. Zachariah

**Thycheril House, Aluva**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 18 – ാം ചരമ വാർഷികം

23-08-2021



Advt -R

## കെ. റ്റി. ചാക്കോ

**കുന്നുംപുറത്ത് വീട്, കുറിച്ചി (ഈര)**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 48 – ാം ചരമ വാർഷികം

10-08-2021



## കെ. സി. ഉണ്ണിട്ടൻ

**(ഉണ്ണിക്കുഞ്ഞ്)**

**കണ്ണംകുഴയത്ത്, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 4th Anniversary in Heaven

03–08–2021



Advt -O

## Jose Mathew

**Mathukuzhiyil House, Othera**

Always Loved, Never Forgotten, Forever Missed

*Sorrowing family..*



# മലർവാടിക്കൂട്ടം

അതികഠിനമായ ശൈത്യകാലം ആട്ടിടയൻ തന്റെ ആടുകളുമായി മടങ്ങുകയായിരുന്നു. മഞ്ഞ് പെയ്ത് ആടുകളുടെ ശരീരം കമ്പളത്താൽ മൂടിയതുപോലെ കാണപ്പെട്ടു: ഒരു രക്ഷാസങ്കേതം തേടുകയായിരുന്നു ഇടയൻ. അകലെയല്ലാതെ ഒരു ഗുഹ കാണപ്പെട്ടു. ആട്ടിൻ പറ്റങ്ങളുമായി അയാൾ അതിനകത്ത് കയറി നോക്കി.

ആ ഗുഹയിൽ ഒരു കൂട്ടം കാട്ടാടുകൾ ഉണ്ടായിരുന്നു. അവരുടെ എണ്ണം തനിക്കുള്ള ആടുകളേക്കാൾ അധികം വരുമെന്ന് അയാൾ മനസ്സിലാക്കി. നല്ല ആരോഗ്യമുള്ളവയാണ്. ഇവയെ സ്വന്തമാക്കണം. ആർത്തിപൂണ്ട അയാളുടെ മനസ്സ് മന്ത്രിച്ചു. തന്റെ ആടുകളെ ഗുഹയുടെ ഒരു മൂലയിലേയ്ക്ക് അയാൾ മാറ്റി നിർത്തി. അവയ്ക്കായി കരുതിയ ഇലക്കെട്ടുകൾ കാട്ടാടുകൾക്ക് സമ്മാനിക്കുകയും ചെയ്തു. അവയെ തടവി മിനുക്കി പുന്നാരം പറയുകയും ചെയ്തു. ഏതാനും ദിവസങ്ങൾ കടന്നുപോയി. അന്തരീക്ഷം തെളിയുകയായിരുന്നു. നാളെ ഈ കാട്ടാടുകളേയും തെളിച്ച് നാട്ടിലേയ്ക്ക് പോകാം എന്ന ചിന്തയുമായാണ് അയാൾ കിടന്നത്.

നേരം പുലർന്നപ്പോൾ ഇടയൻ അത്ഭുതപ്പെട്ടു. താൻ ഇലക്കെട്ടുകൾ സമ്മാനിച്ചും ലാളിച്ചും പോന്ന കാട്ടാടുകളെ കാണാനില്ല. ഗുഹയുടെ പുറത്തിറങ്ങി നോക്കി. കാട്ടാടുകളുടെ കാൽപ്പാടുകൾ മാത്രം. അവ കാട്ടിൽ എവിടെയോ പോയി മറഞ്ഞിരുന്നു. ദുഃഖത്തോടെ തിരികെ ഗുഹയിൽ ചെന്നു സ്വന്തം ആടുകളെ നോക്കി. അവയെല്ലാം ഒരു മൂലയിൽ പട്ടിണി കിടന്നു മരിച്ചിരിക്കുന്നു. കഥയറിഞ്ഞ ഗ്രാമീണർ ഇടയനെ നോക്കി അർത്ഥവത്തായി ചിരിച്ചു. അത്യാഗ്രഹം അപകടം വരുത്തിവയ്ക്കുന്നു. ഉള്ളത് നഷ്ടപ്പെടുത്തുന്നു. ഉള്ളതുകൊണ്ട് തൃപ്തിയടയുവാൻ സാധിക്കാതെ പോകുന്നവരുടെ അവസ്ഥ ഇതാണ്. നമുക്ക് ആവശ്യമുള്ളതൊക്കെ ദൈവം നൽകുന്നുണ്ട്. അർഹതയില്ലാത്തതിന്റെ പുറകെ ഓടുമ്പോഴാണ് നഷ്ടങ്ങൾ ഉണ്ടാകുന്നത്.

*(അത്യാഗ്രഹം ഉള്ളതുകൂടി ഇല്ലാതാക്കുന്നു)*

**കൊച്ചേട്ടൻ**

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

## ഓഗസ്റ്റ് ചോദ്യങ്ങൾ

1. എന്റെ മുറിവിനു പകരം ഞാൻ ഒരു പുരുഷനെയും എന്റെ പരുക്കിനു പകരം ഒരു യുവാവിനെയും കൊല്ലും എന്നു പറഞ്ഞതാർ?
2. ആരുടെ നിമിത്തമാണ് യഹോവ അബിമേലെക്കിന്റെ ഭവനത്തിലെ ഗർഭം ഒക്കെയും അടച്ചു കളഞ്ഞത്?
3. ദൈവത്തെ കണ്ടു ഭക്ഷണ പാനീയങ്ങൾ കഴിച്ചവർ ആര്?
4. നീളവും വീതിയും തുല്യമായ സമാഗമനകൂടാരത്തിലെ ഉപകരണം ഏത്?
5. ഏത് യാഗത്തിലാണ് ഉപ്പ് ചേർക്കേണ്ടത്?
6. ഇസ്രയേൽ മക്കളുടെ ഇടയിൽ സംഖ്യ എടുക്കാത്ത ഗോത്രം ഏത്?
7. ക്ഷൗരക്കത്തി തലയിൽ തൊടാത്ത വൃതം ഏത്?
8. 'ഇരുമ്പുല' എന്ന് വിശേഷിപ്പിച്ചിരുന്ന രാജ്യം ഏത്?
9. കല്ല് ഇരുമ്പ് ആയിരിക്കുന്നതും മലകളിൽ നിന്ന് താമ്രം വെട്ടിയെടുക്കുന്നതുമായ ദേശം ഏത്?
10. മോശയെ സകലത്തിലും അനുസരിച്ചതുപോലെ നിന്നെയും അനുസരിക്കാമെന്ന് യോശുവയോടു പറഞ്ഞതാർ?

## ജൂലൈ മാസത്തിലെ ഉത്തരങ്ങൾ


1. മരണം, ന്യായവിധി, സ്വർഗ്ഗം, നരകം
2. വിശ്വാസം, പ്രത്യാശ, സ്നേഹം
3. സെപ്തംബർ 14
4. ജൂലൈ 3
5. അപ്രകാരം തന്നെ
6 കർത്താവേ ഞങ്ങളോടു കരുണ ചെയ്യേണമേ
7. സുവിശേഷം
8. എന്റെ വാത്സല്യമുള്ളവരെ
9. നാം നല്ലവണ്ണം നിൽക്കണം
10. വൃത്തം അഥവാ ആവർത്തിച്ചു പാടുന്ന പാട്ട്



# ഡോക്ടർ രാജേന്ദ്ര പ്രസാദ് എന്നും ഒന്നാമൻ

**എബി**

